# 2

# ക്രിസ്തു, പ്രവാചകന്മാരേക്കാളും ദൂതന്മാരേക്കാളും വലിയവൻ (ഭാഗം 1)

# (2:1-18)

## ദൂതന്മാരേക്കൾ ശ്രേഷ്ഠനായ ക്രിസ്തു മനുഷ്യന്റെ രക്ഷിതാവ് (2:1-18)

**ഉപേക്ഷക്ക് എതിരായ മുന്നറിയിപ്പ് (2:1–4)**

**[1]അതുകൊണ്ട് നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന്ന് കേട്ടത്**
**അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു. [2]ദൂതന്മാർ**
**മുഖാന്തരം അരുളിച്ചെയ്ത വചനം സ്ഥിരമായിരിക്കയും ഓരോരോ ലംഘന ത്തിനും അനുസരണക്കേടിനും ന്യായമായ പ്രതിഫലം ലഭിക്കയും ചെയ്തു എങ്കിൽ [3]കർത്താവ് താൻ പറഞ്ഞു തുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടും സാക്ഷി നിന്നതും [4]കേട്ടവർ നമുക്ക്**
**ഉറപ്പിച്ചു തന്നതും ആയ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?**

എബ്രായ ലേഖനത്തിൽ പാപങ്ങൾക്കെതിരായി മുന്നറിയിച്ചു നിർവ്വചിച്ചു പറഞ്ഞിരിക്കുന്ന അഞ്ചു പ്രബോധനങ്ങളിൽ ഒന്നാണ് ഈ ഭാഗം (12:14–29). ആ ഉദ്ദേശത്തിനായി ലേഖകൻ ഒരു “പ്രബോധന വാക്യം” നൽകിയിരിക്കുന്നു (13:22).

**വാക്യം 1.** പലപ്പോഴും വാക്യങ്ങൾ 1 മുതൽ 4 വരെ ഇടക്ക് ചേർത്തതായി ട്ടാണ് പറയപ്പെടുന്നത്, **അക്കാരണത്താൽ** അദ്ധ്യായം 1 ന്റെ ഉപസംഹാരമായി അതിനെ കണക്കാക്കുന്നു. ലേഖകൻ തന്റെ വാദം വിശദമായി പറയുന്നുവെങ്കി ലും, ദൂതന്മാർ മുഖേന നൽകിയ നിയമത്തെ സ്ഥിരീകരിച്ചിട്ടും ക്രിസ്തുവിന്റെ നിയമവുമായി അതിനെ താരതമ്യം ചെയ്യുന്നില്ല (വാ. 2). പുതിയ നിയമം നൽകുന്ന രക്ഷയെ ഉപേക്ഷിച്ചാൽ യാതൊരു ഒഴികഴിവും അതിനില്ല എന്നാണ് സൂചിപ്പിച്ചിരിക്കുന്നത് (വാ. 3).

വാക്യം 5 മുതൽ മനുഷ്യവർഗത്തിന്റെ താഴ്ന്ന അവസ്ഥയും യേശു എങ്ങനെ മനുഷ്യനിലവാരത്തിലേക്ക് താഴ്ന്നിറങ്ങി എന്നും പറഞ്ഞു തുടങ്ങു കയാണ്. ദൂതന്മാരേക്കാൾ ശ്രേഷ്ഠനായ ഒരു നിയമ ദാതാവ് നമുക്ക് ഉള്ള തിനാൽ, പഴയനിയമവും ദൈവമാണ് നൽകിയതെങ്കിലും, ഏറ്റവും വലിയ അനുഗ്രഹമാണ് നമുക്ക് ലഭിക്കുന്നത് എന്നാണ് ലേഖകൻ പ്രബോധിപ്പിച്ചിരി ക്കുന്നത്; ഇപ്പോൾ നമ്മിൽ നിന്നും അധികമാണ് പ്രതീക്ഷിക്കുന്നത്. യേശു പഠിപ്പിച്ചതാണ് തത്വം; അതായത്, അധികം നൽകിയവനിൽനിന്ന് അധികം ആവശ്യപ്പെടും (ലൂക്കൊ. 12:47, 48; മത്താ. 11:20–24). ക്രിസ്തുവിൽ നമുക്ക്

ശ്രേഷ്ഠമായ വെളിപ്പാടുകളും അനുഗ്രഹങ്ങളുമാണ് ഉള്ളത്. അതുകൊണ്ട്, അവനോട് വിശ്വസ്തത പുലർത്തി സത്യത്തിൽ തന്നെ നിലനിൽക്കേണ്ട ഉത്തരവാദിത്തവും വലുതാണ്.

വേദശാസ്ത്രം എല്ലായ്പോഴും പ്രായോഗികമാക്കണം, എബ്രായ ലേഖകൻ അതും ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നു. അവൻ പുസ്തകത്തിലുടനീളം വേദശാസ്ത്രം പ്രായോഗികമാക്കുവാൻ ആവശ്യപ്പെടുന്നു. ക്രിസ്തുവിന്റെ മാഹാത്മ്യവും ജീവിതത്തിന്റെ പ്രാധാന്യവും തിരിച്ചറിഞ്ഞ് ജീവിച്ചില്ലെങ്കിൽ വായനക്കാരന് ഇത് ഒരു പ്രയോജനവും ചെയ്യുകയില്ല. പാപികളായ മനുഷ്യരെ വീണ്ടെടുക്കുവാൻ ദൈവം തന്റെ പുത്രനെ അയച്ചത് അവന്റെ പരിധിയില്ലാത്ത കൃപക്ക് ഉദാഹരണമാണ്, സുവിശേഷം പ്രഖ്യാപിക്കുമ്പോൾ, കൂടുതൽ ശ്രദ്ധയോടെ കേൾക്കേണ്ടതായ ധാർമ്മികമായ കടമ നമുക്ക് ഉണ്ട്.

**അധികം** (*പെരിസോസ്*) **ശ്രദ്ധയോടെ** എന്നു പറഞ്ഞിരിക്കുന്നത് "സാധ്യമായ ഏറ്റവും നല്ല ശ്രദ്ധ" എന്ന അർത്ഥത്തിലാണ്. ഫിലിപ്സിന്റെ തർജിമയിൽ "അതുകൊണ്ട്, നാം ഏറ്റവും നന്നായി ശ്രദ്ധിക്കണം" എന്നാണ്.

"അധികം ശ്രദ്ധയോടെ" കരുതിക്കൊള്ളണം എന്നു പറഞ്ഞിരിക്കുന്നതിനാൽ, അങ്ങനെ ചെയ്തില്ലെങ്കിൽ നാം നഷ്ടപ്പെടുമെന്ന് വ്യക്തം. ഈ പ്രബോധനം ശ്രദ്ധിക്കാതിരിക്കുന്നവർ നിത്യതയെ സംബന്ധിച്ചും അശ്രദ്ധരായിരിക്കും!

**നാം കേട്ടതാണ്** അധികം ശ്രദ്ധയോടെ കരുതിക്കൊള്ളേണ്ടത്. നാം കേട്ടത് എന്താണ്? സുവാർത്തയിൽ (അല്ലെങ്കിൽ സുവിശേഷത്തിൽ) ഉൾപ്പെടുത്തിയിരിക്കുന്നതെല്ലാം. നാല് മൂലകങ്ങൾ അടങ്ങിയിരിക്കുന്നതായി സുവിശേഷത്തെ നമുക്ക് നിർവ്വചിക്കാം. ഒന്ന്, അതിൽ നാം വിശ്വസിക്കുന്ന *വസ്തുതകളാണ്* ഉള്ളത്, അത് ആണ് സുവിശേഷ സന്ദേശത്തിലെ സത്ത (1 കൊ. 15:1–4). രണ്ട്, നനാം പ്രത്യാശിക്കുന്ന *വാഗ്ദാനങ്ങൾ* അതിലുണ്ട് (റോമർ. 8:24; തിത്തൊ. 1:2), അതിൽ സ്വർഗീയ പ്രത്യാശയും, നിത്യജീവനും, പുനരുത്ഥാനത്തിൽ ശരീരത്തിന്റെ വീണ്ടെടുപ്പും, ഈ ജീവിതത്തിലെ ദൈവകരുണയും ഉൾപ്പെടുന്നു. മൂന്ന്, അതിൽ നാം കീഴ്പ്പെട്ട്, അനുസരിക്കേണ്ടതായ *കൽപനകളും* അടങ്ങിയിരിക്കുന്നു (മത്താ. 28:19, 20; മർ. 16:15, 16; 2 തിമൊ. 2:2). നാല്, അത് അനുസരിക്കാതിരിക്കുന്നവർക്ക് *ശിക്ഷയും* ഉൾപ്പെടുത്തിയിരിക്കുന്നു, നാം ഭയപ്പെടേണ്ടതിന്റെ കാരണവും അതിൽ വ്യക്തമാക്കിയിരിക്കുന്നു (2 തെസ്സ. 1:7–9; മത്താ. 25:31, 46; ഇത് എബ്രാ. 10:26–29 ഉം 12:28, 29 ഉം താരതമ്യം ചെയ്യുക).

നാം **അതിൽനിന്നു വീണുപോകാതിരിപ്പാൻ**, നാം കേട്ടതായ സുവിശേഷം അധികം ശ്രദ്ധയോടെ കരുതിക്കൊള്ളണം. ആ പ്രയോഗം പല രീതിയിലാണ് തർജിമ ചെയ്തിരിക്കുന്നത്: "ഏതു സമയത്തും അതിൽനിന്നു വീണുപോകുവാൻ നാം അനുവദിക്കരുത്" (കെജെവി); "നാം വീണുപോയേക്കാം" (എൻകെജെവി); "അങ്ങനെയായാൽ നാം വീണുപോകയില്ല" (എൻഐവി). ഈ പ്രയോഗത്തിന്റെ ശരിയായ അർത്ഥത്തെ സംബന്ധിച്ച് തർക്കം ഉണ്ട്. നാം സുവിശേഷത്തിൽനിന്നും അകന്നുപോകയാണോ? അതോ സുവിശേഷം നമ്മിൽ നിന്ന് അകലുകയാണോ? തന്നെയും കൂടെ ഉൾപ്പെടുത്തിയാണ് "സൂക്ഷിച്ചുകൊൾവിൻ!" എന്നു പറഞ്ഞിരിക്കുന്നത്.

"തെറ്റി ഒഴിയുക" എന്നതിന്റെ ഗ്രീക്ക് വാക്ക് തർജിമ ചെയ്തതിന്റെ അക്ഷരികമായ അർത്ഥം, "ഭൂതകാലത്തിലേക്ക് ഒഴുകുക" എന്നാണ്, ഇത് പുതിയ

നിയമത്തിൽ ഇവിടെ മാത്രമാണ് ഉള്ളത്. (ഇതുപോലെയുള്ള എബ്രായ വാക്ക് സദൃശവാക്യം 3:21-ൽ ഉപയോഗിച്ചിരിക്കുന്നു). അത് *പാരാരെയോ* എന്ന വാക്കിന്റെ അയോറിസ്റ്റ്, പാസിവ് സബ്ജക്ടിവ് ആയിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ തെറ്റിപ്പോകലിനെ ബോധ്യമാക്കുവാൻ പല ചിത്രീകരണങ്ങൾ ഉപയോഗിച്ചിട്ടുണ്ട്: ഒരു കപ്പൽ അതിന്റെ ഗതിയിൽനിന്നു തെറ്റിപ്പോകുന്നു; ഒരു വിലയുള്ള മോതിരം അശ്രദ്ധയോടെ നീന്തുന്ന ഒരാളുടെ വിരലിൽനിന്നും ഊരി വഴുതി പോകുന്നു; അല്ലെങ്കിൽ ദീർഘ-ദൂര ഓട്ടക്കാരൻ ശ്രദ്ധിക്കാതെ ട്രാക്ക് തെറ്റി ഓടി പരാജയപ്പെടുന്നു. അത്തരം ഒരു അപകടമായിരുന്നു 2002 മേയ് മാസത്തിൽ ഒരു പത്തേമാരി ഗതി മാറി ഓക്ലഹോമ പാലത്തിൽ ചെന്ന് ഇടിച്ചത്. പാലത്തിന്റെ ഒരു ഭാഗം നദിയിലേക്ക് പൊട്ടി വീഴുകയും, ആ സമയത്ത് അതിന്മേൽ ഓടിക്കൊണ്ടിരുന്ന ചില വാഹനങ്ങൾ നദിയിലേക്ക് മറിഞ്ഞ് വാഹനങ്ങളിൽ ഉണ്ടായിരുന്നവർ മുങ്ങി മരിക്കുകയും ചെയ്തു.

അതുകൊണ്ട്, ആ വാക്കിലെ ആശയം നാം മുറുകെ പിടിക്കുകയും പഠിച്ചത് ജീവിതത്തിൽ പാലിക്കയും ജീവിതക്കപ്പൽ ഗതി മാറി സഞ്ചരിച്ച് കപ്പൽ ഛേദം സംഭവിക്കാതിരിപ്പാൻ സൂക്ഷിക്കയും വേണം. എഫ്. എഫ്.ബ്രൂസ് പറഞ്ഞു, "ഇവിടത്തെ ക്രിയയുടെ രൂപകാലങ്കാരം എന്തായാലും, നമ്മുടെ ലേഖകൻ സുവിശേഷം കേട്ട് സ്വീകരിച്ചവരായ ക്രിസ്തീയ വായനക്കാരെ മുന്നറിയിക്കുന്നത്, അവർ പരീക്ഷണത്തിൽ അകപ്പെട്ട് പ്രത്യാശയില്ലാത്തവരായി തീരാതിരിപ്പാനാണ്."[1]

**വാക്യം 2.** വ്യതിചലിക്കാത്ത ഒരു ഭാഗം ആരംഭിച്ചുകൊണ്ടാണ് **ദൂതന്മാർ മുഖാന്തരം സംസാരിച്ച വചനം** എന്നു പറഞ്ഞത്, പക്ഷെ മുൻപ് സംഭവിച്ചതിന്റെ ആവശ്യമായ ഉപസംഹാരമായിട്ടോ അല്ലെങ്കിൽ ഉച്ചസ്ഥായിയായിട്ടോ ആണ് പറയുന്നത്. ഈ പ്രബോധനത്തെ ലേഖനത്തിന്റെ സത്തയായി കരുതാം, അത് വായനക്കാർ അല്ലെങ്കിൽ ശ്രോതാക്കൾ സത്യത്തിൽനിന്ന് വീണുപോകാതിരിക്കുന്നതിനാണ്.

ന്യായപ്രമാണം നൽകുന്നതിന് ദൂതന്മാർ സഹായിച്ചിരുന്നു എന്ന് ലേഖകന്റെ കാലത്ത് ആളുകൾ പൊതുവിൽ സമ്മതിച്ചിരുന്നു. ഈ ആശയത്തെ അംഗീകരിക്കുന്നതാണ് ദൈവശ്വാസിയമായ പരാമർശം (പ്രവൃ. 7:38, 53; ഗലാ. 3:19). ന്യായപ്രമാണം നൽകുന്നതിൽ ദൂതന്മാർ സഹായിച്ചതായി ശ്രോതാക്കൾ അല്ലെങ്കിൽ വായനക്കാർ മനസിലാക്കിയില്ലെങ്കിൽ, യേശു ദൂതന്മാരേക്കാൾ ശ്രേഷ്ഠൻ എന്നു പറയുന്നത് അധികപ്പറ്റായി വിചാരിക്കും.

"ദൂതന്മാർ മുഖാന്തരം സംസാരിച്ചത്" എന്നത് **മാറ്റുവാനാവാത്ത** (*ബെബയിയോസ്*) അതായത്, "ഉറച്ച," (എൻകെജെവി), "വിലയുള്ള." (ആർഎസ്‌വി), അല്ലെങ്കിൽ "കെട്ടപ്പെടുന്ന" (എൻഐവി). ഇത് പറയുന്നത് ലേഖനത്തിൽ വിവരിക്കുന്ന ന്യായപ്രമാണത്തെ കുറിച്ചുള്ളതെല്ലാം ഉൾപ്പെടുത്തിയാണ്; അനുസരണക്കേട് അവരിൽ പ്രത്യേകമായ ശിക്ഷയും വരുത്തി. അനുസരിക്കാതിരുന്നവരെ ശിക്ഷിച്ചപ്പോൾ, ന്യായ പ്രമാണത്തിന്റെ സാധുതയെ ഉറപ്പിക്കുകയായിരുന്നു. ഈ വസ്തുത സ്ഥിരീകരിക്കുന്നതാണ് മിക്കവാറും പഴയനിയമ ചരിത്രം. നീതിമാന്മാരായ രാജാക്കന്മാർ വാണിരുന്നതിനേക്കാൾ ചുരുങ്ങിയ കാലത്തേക്ക് മാത്രമെ ദുഷ്ടരായ രാജാക്കന്മാർക്ക് വാഴുവാൻ കഴിഞ്ഞിരുന്നുള്ളു എന്ന് ആ പോയിന്റ് വാസ്തവമെന്ന് കാണിക്കുന്നു.

ബോധപൂർവ്വം ചെയ്യുന്ന പാപങ്ങൾ അഥവാ ''ധാർഷ്ട്യത്തോടെ'' ചെയ്യുന്ന പാപങ്ങൾക്കുള്ള ശിക്ഷയെ കുറിച്ച് സംഖ്യാപുസ്തകം 15:30

പറയുന്നു. അത്തരം പാപങ്ങൾ "മനപ്പൂർവ്വമായി ചെയ്യുന്ന പാപങ്ങൾക്കു" തുല്യമായിരിക്കാം (എബ്രാ. 10:26). പൂർണ്ണമായും അറിഞ്ഞുകൊണ്ട് ദൈവത്തോടു മൽസരിച്ചു ചെയ്യുന്ന പാപത്തിനു യാതൊരു മോചനവുമില്ലായിരുന്നു. ദൈവത്തിന്റെ എല്ലാ കൽപനകളിലും അനുസരണക്കേടിനുള്ള ശിക്ഷ ബോധ്യപ്പെടുത്തിയിരുന്നു. ദൈവത്തിന്റെ വിശുദ്ധകൽപനകളെ എല്ലാം സമ്മതിക്കാതെ നമുക്ക് ആവർത്തനപുസ്തകം വായിക്കുവാൻ സാധ്യമല്ല (ആവ. 4:2; 28:1, 9, 14–46).

പഴയ നിയമത്തിലെ അടിസ്ഥാനപരമായ ഉള്ളടക്കമാണ് അനുസരിക്കുന്നവർക്ക് അനുഗ്രഹവും അനുസരിക്കാതിരിക്കുന്നവർക്ക് ശാപവും (ആവ. 28:15–46). ന്യായപ്രമാണത്തിൽ ദയയല്ല, നീതിയാണ് കാണിച്ചിരുന്നത്. ഉദാഹരണമായി, പ്രത്യേകമായി, "ഒരു കണ്ണിന് രണ്ട് കണ്ണ്" എന്നായിരുന്നു അന്നത്തെ ആനുകാലിക സംസ്ക്കാരം, അതിനു പകരം, "കണ്ണിനു പകരം കണ്ണ്" എന്നാണ് പറഞ്ഞത് (ലേവ്യാ. 24:19, 20).[2]

വാക്യം 2 ൽ രണ്ട് തരം പാപത്തെ കുറിച്ചു പറഞ്ഞിരിക്കുന്നു. **അതിക്രമം,** അല്ലെങ്കിൽ "അപ്പുറം പോകൽ" സംഭവിക്കുന്നത് ദൈവം വിലക്കിയിരിക്കുന്ന ഒരു പ്രവൃത്തി ചെയ്യുമ്പോഴാണ്. ഉദാഹരണമായി, ന്യായപ്രമാണം പറഞ്ഞു, "കുല ചെയ്യരുത്" (പുറ. 20:13); ആ നിയമത്തെ ഒരാൾ ലംഘിച്ചാൽ അയാൾ അതിക്രമക്കാരൻ ആകും.

**അനുസരണക്കേട്** അക്ഷരികമായി അർത്ഥമാക്കുന്നത്, "കേൾക്കാതിരിക്കൽ" ആണ്. അല്ലെങ്കിൽ അശ്രദ്ധയോടെ കേൾക്കൽ, ഉപേക്ഷയായി വിചാരിക്കുന്നു. കൽപിച്ചിരിക്കുന്ന കാര്യം ചെയ്യാതിരിക്കലാണ് അത്. ഒരാൾ "ശബ്ബത്തുനാൾ ഓർക്കാതിരിക്കുന്നത്" അത്തരം പാപമാണ് (പുറ. 20:8). അയാൾ "അനുസരിക്കാതിരിക്കുന്നു."

നാം പാപത്തെ ചെയ്യുന്നതും ചെയ്യാതിരിക്കുന്നതും എന്ന വാക്കുകൾ പ്രത്യേകമായി ബൈബിളിൽ പറഞ്ഞിട്ടില്ലെങ്കിലും നാം അങ്ങനെ തരം തിരിച്ചേക്കാം. എന്നാൽ ആ ആശയം ബൈബിളിൽ കാണാം. രണ്ടു തരത്തിലുള്ള പാപത്തിനും ക്ഷമാപണം അപേക്ഷിക്കുന്നത് ശരിയും യോജിച്ചതുമാണ്. നേരിട്ടുള്ള കുറ്റകൃത്യങ്ങൾ ചെയ്യാറില്ലെങ്കിലും, നന്മ ചെയ്യുവാനുള്ള അവസരങ്ങൾ നഷ്ടപ്പെടുത്തിയാലും അവർ നഷ്ടപ്പെടും (യാക്കൊ. 4:17).

**പിഴ സ്വീകരി**[ക്കൽ] **എന്നത്** പഴയനിയമത്തിൽ ഉടനീളം ചിത്രീകരിച്ചിരിക്കുന്ന ഒരു തത്വമാണ്. കള്ളസാക്ഷിക്ക് തന്റെ സാക്ഷ്യത്താൽ മറ്റൊരാൾക്ക് ശിക്ഷ വാങ്ങി കൊടുത്തതുപോലെയുള്ള ശിക്ഷ തന്നെയാണ് നൽകിയിരുന്നത് (ആവ. 19:16–20). അത്തരം ശിക്ഷ തീർച്ചയായും "ന്യായം" തന്നെ. അത്യാഗ്രഹിയായ ആഖാനെ അവന്റെ അനുസരണക്കേടിന് കല്ലെറിഞ്ഞു കൊന്നു (യോശു. 7:24, 25). വ്യഭിചാരിണിയെ കല്ലെറിഞ്ഞു കൊല്ലുമായിരുന്നു (ആവ. 22:21). പുതിയനിയമത്തിൽ ശിക്ഷ കർശനമല്ല എന്നു വിചാരിക്കരുത്, അതിന്റെ ഉദാഹരണം അനന്യാസിന്റേയും സഫീറയുടേയും കാര്യത്തിൽ കാണാം (പ്രവൃ. 5:1–11). അത്യാഗ്രഹത്തിന് ഒരു മനുഷ്യനെ കല്ലെറിഞ്ഞുകൊന്ന ഉദാഹരണം ഇതാ പഴയ നിയമത്തിൽ (യോശു. 7), പുതിയ നിയമത്തിലും അതേപോലെ ആളുകൾ മരിച്ചു വീഴുന്ന ഉദാഹരണം നമുക്ക് കാണാം (പ്രവൃ. 5).

"ഓരോരുത്തനു അവന്റെ പ്രവൃത്തികൾക്ക് തക്കവണ്ണം കർത്താവ് അവന്ന് പകരം ചെയ്യുന്ന" നീതിമാനാണ് നമ്മുടെ ദൈവം (2 തിമൊ. 4:14; വെളി. 20:13). "ആരോടും മുഖപക്ഷം കാണിക്കാത്ത പരിശുദ്ധനാണ് ദൈവം" (പ്രവൃ. 10:34).

ക്രിസ്തുവിന്റെ നിയമത്തേക്കാൾ കുറഞ്ഞ മോശെയുടെ ന്യായപ്രമാണത്തിൻ കിഴിൽ ജീവിച്ചിരുന്ന അനുസരിക്കാതിരുന്നവരെ കർശനമായി തന്നെയാണ് ശിക്ഷിച്ചിരുന്നത്. താരതമ്യം ചെയ്താൽ പുതിയ നിയമത്തിലും ശിക്ഷക്ക് കുറവ് ഒന്നും ഇല്ല എന്നു കാണാം. എബ്രായ ലേഖനം എഴുതിയ കാലത്ത് ജീവിച്ചിരുന്ന റബ്ബിമാരുടെ നിരൂപണം ഇതായിരുന്നു, അതിനെ ലാറ്റിനിൽ *ഏ മിനോരി അഡ്മായി യസ്* എന്നാണ് വിളിച്ചിരുന്നത്.[3] എബ്രായ ഭാഷയിൽ അതിനെ *ഖൽ വാക്കോമർ* എന്നാണ് (അർത്ഥം, "ഘനം കുറഞ്ഞതും ഘനമുള്ളതും"). അത്തരം വിവേചനം ചലിക്കുന്ന "ചെറുതിൽനിന്ന് വലിയതിലേക്കാണ്." ആ തത്വത്തെ "ഇനി എത്ര-അധികം" എന്നും പറയാം. ന്യായപ്രമാണം വ്യാഖ്യാനിക്കുവാനുള്ള തന്റെ ഏഴു നിയമങ്ങളിൽ ഒന്നായിട്ടാണ് ഈ തത്വത്തെ ഏ. ഡി. ഒന്നാം നൂറ്റാണ്ടിലെ റബ്ബി ഹില്ലേൽ പറഞ്ഞിരുന്നു.[4]

പുതിയനിയമത്തിൻ കീഴിലുള്ളവർക്ക് പാപം ചെയ്താൽ ഉയർന്ന ശിക്ഷാവിധി ലഭിക്കുമെന്ന് വിശ്വസിക്കുന്നത് തെറ്റാണ്. ദൈവം തന്റെ കൃപാ സമൃദ്ധിയിൽ പാപത്തെ കണ്ടില്ലെന്ന് നടിച്ച് ശിക്ഷിക്കാതെ വിടുമെന്ന് വിശ്വസിക്കുന്നത് തെറ്റാണ്. തീർച്ചയായും, ദൈവത്തിന്റെ കൃപ നമുക്ക് വിവരിക്കുവാൻ കഴിയുന്നതിനപ്പുറം സമൃദ്ധമാണ്. നാം പാപം ചെയ്യുമ്പോൾ അശുദ്ധരാകുന്നതിനാൽ, മാനസാന്തരപ്പെടാതിരുന്നാൽ, ആ അകൃത്യങ്ങളെ ദൈവം കണ്ടില്ലെന്ന് നടിക്കുകയില്ല. അനുസരണം അപ്പോഴും ആവശ്യമാണ്. നാം പൂർണ്ണമായും മാനസാന്തരപ്പെട്ടാലും ഇല്ലെങ്കിലും ദൈവം കരുണയുള്ളവനാകകൊണ്ട്, ശിക്ഷിക്കുകയില്ല എന്നു കരുതുന്നതിനെ ശക്തമായി എതിർക്കുകയാണ് എബ്രായ ലേഖനം. ദൈവ വചനം അനുസരിക്കുന്നതിന്റെ പ്രാധാന്യത്തെ ഒന്നിലധികം പ്രാവശ്യം എബ്രായ ലേഖനത്തിൽ ഊന്നി പറഞ്ഞിരിക്കുന്നു (10:26–29; 12:25).

അവൻ നമ്മുടെ മൗഢ്യമായ തെറ്റുകളെ ക്ഷമിക്കുമെന്ന് പറഞ്ഞ് സങ്കുചിത മനോഭാവക്കാർ കരുതുന്നതുപോലെ ദൈവം നമ്മുടെ പാപങ്ങളെ കണ്ടില്ലെന്ന് നടിക്കുമെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. നമ്മുടെ എല്ലാവരുടേയും ഹൃദയം നുറുങ്ങണം. തുടർച്ചയായ ശുദ്ധീകരണത്തിന് നമുക്ക് യേശുവിന്റെ രക്തം ആവശ്യമാണ് (1 യോഹ. 1:7–10). മനസിലാകുമ്പോൾ, നമുക്ക് ദൈവ വചനം അനുസരിക്കുവാൻ ഉൽസാഹം വേണം. "യേശുവിന്റെ അത്ഭുത കൃപ" നമ്മുടെ പാപങ്ങളെ ഗണ്യമാക്കാതെ അവൻ നമ്മെ ശിക്ഷിക്കുകയില്ല എന്നു വിചാരിച്ചാൽ, നാം "വില കുറഞ്ഞ കൃപയിലേക്ക്" മാറുകയും, നാം ഒരുമ്പെട്ട പാപികളായി തീരുകയും ചെയ്യും, തന്റെ സഭ മുഖാന്തരമുള്ള ദൈവത്തിന്റെ പ്രവൃത്തികൾക്കുള്ള ഏറ്റവും വലിയ തടസമാണ് "പാളയത്തിനകത്തെ" പാപം.

**വാക്യം 3. ഇത്ര വലിയ രക്ഷയെ ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?** ഈ ചോദ്യം നമ്മിൽ മറ്റൊരു ചോദ്യം ഉണർത്തുന്നു: എന്തിൽനിന്നാണ് നാം തെറ്റി ഒഴിയുന്നത്? നിത്യമായ മരണം എന്നതാണ് ശരിയായ വ്യാഖ്യാനം; മറിച്ച് പറയുന്നത് സന്ദേശത്തിന്റെ ശക്തി കുറക്കുന്നതാകും. "അവന്റെ വിളി ഉറപ്പാക്കുവിൻ" എന്നാണ് പത്രൊസ് ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചിരിക്കുന്നത് (2 പത്രൊ. 1:10). ക്രിസ്ത്യാനികളെ വിളിച്ചപ്പോൾ തന്നെ അത് ഉറപ്പിച്ചതാണെങ്കിൽ, വീണ്ടും ഉറപ്പിക്കുവാൻ പറയേണ്ട ആവശ്യമില്ലല്ലൊ? എഡ്ഗർ ജെ. ഗുഡ്സ്പീഡ് ഇങ്ങനെ പറഞ്ഞു, "നാം പിടിച്ചത് നഷ്ടപ്പെടാതിരിക്കുവാനാണ്, കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊള്ളുവാൻ പറഞ്ഞത്."

ഉയർന്ന ചോദ്യം അലങ്കാര ബഹുലമായതാണ്, കാരണം ഉത്തരം ഈ

സന്ദർഭത്തിലും മറ്റു സന്ദർഭങ്ങളിലും വ്യക്തമാക്കിയിട്ടുള്ളതാണ്. *ഒഴിഞ്ഞു മാറുവാൻ സാധ്യമല്ല!* സുവിശേഷം അനുസരിക്കാത്തവർക്ക് എന്തു സംഭവിക്കുമെന്ന് രണ്ട് തെസ്സലൊനിക്യർ 1:8–10 പറയുന്നു. കർത്താവ് മടങ്ങിവരുന്നത്, "ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിന്നും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതുപോലെ വിശ്വസിച്ചവരിലും താൻ അതിശയ വിഷയം ആകേണ്ടതിന്നും വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും."

എന്തുകൊണ്ട് തെറ്റി ഒഴിയുകയില്ല? കാരണം പാപി പാപത്തിൽ തന്നെ മാനസാന്തരപ്പെടാതെ ഹൃദയകാഠിന്യത്തിൽ അവസാനം വരെ ജീവിച്ചു. രണ്ട് അവസ്ഥകളും പാപിക്ക് പ്രത്യാശയില്ലാത്ത അവസ്ഥയിലേക്ക് നയിക്കും. കർത്താവ് അവസാനം വവാതിൽ അടക്കുകയും പുറത്തുള്ളവർ, തങ്ങൾക്ക് തുറന്നു തരേണം എന്നു യാചിക്കയും ചെയ്യുന്ന സമയം വരും (ലൂക്കൊ. 13:24–28).

കുറവുള്ള പഴയ നിയമത്തിൻ കീഴിൽ ജീവിച്ചവർ ഒരുമ്പെട്ട് പാപം ചെയ്താൽ ശിക്ഷയിൽ നിന്ന് ഒഴിഞ്ഞു മാറുവാൻ കഴിഞ്ഞില്ലെങ്കിൽ, പുതിയ നിയമത്തിൻ കീഴിലുള്ളവർ അങ്ങനെ ജീവിച്ചാൽ പിന്നെ എങ്ങനെ തെറ്റി ഒഴിയും? ക്രിസ്തു മുഖാന്തരമല്ലാതെ രക്ഷക്ക് മറ്റു മാർഗമില്ല; നാം അവനെ ത്യജിച്ചുകളഞ്ഞാൽ നമുക്ക് പിന്നെ വീണ്ടെടുപ്പ് പ്രത്യാശയില്ല (10:26; യോഹ. 14:6 നോക്കുക).

ക്രിസ്തുവിനെ ക്രിയാത്മകമായി തള്ളിക്കളയാതെയോ അവനെ നിന്ദിക്കാതെയോ ആളുകൾ നഷ്ടപ്പെട്ടേക്കാം. നാം ക്രിസ്തുവിന്റെ ഉപദേശത്തെ "ഉപേക്ഷിച്ചാൽ" നാശമായിരിക്കും ഫലം. "ഉപേക്ഷ" (*അമേലെയോ*) എന്ന വാക്കിന്റെ അർത്ഥം, "ശ്രദ്ധിക്കാതിരിക്കുക" എന്നാണ്. അശ്രദ്ധയോടെ ലോക പ്രകാരമുള്ള ഏതു കാര്യം ചെയ്താലും അതിന് ഉദ്ദേശിക്കുന്ന ഫലം ലഭിക്കുകയില്ല. അങ്ങനെയാകുമ്പോൾ, ആത്മിയ കാര്യങ്ങൾ അതിന് വിപരീതമായി സംഭവിക്കുമെന്ന് പ്രതീക്ഷിക്കാമോ? ഒരാൾ കുലപാതകവും, വ്യഭിചാരവും, മദ്യപാനവും. ചെയ്യാതിരുന്നാൽ മാത്രം ന്യായീകരിക്കാവുന്നതല്ല. "ഞാൻ ഒരു കള്ളൻ അല്ലായ്കയാൽ എന്റെ വ്യാപാരം ലാഭകരമായി അധികം താമസിക്കുന്നതിനു മുമ്പ് ഞാൻ ഒരു ധനികൻ ആകും" എന്നു പറയാവുന്നതല്ല. നമ്മിൽനിന്ന് കൂടുതൽ പ്രതീക്ഷിക്കും, കാരണം നമുക്ക് പഴയനിയമത്തിൻ കീഴിൽ ജീവിച്ചിരുന്നവർ സ്വപ്നം കണ്ടതിനേക്കാൾ, ശ്രേഷ്ഠമായ രക്ഷയാണ് ദൈവം നമുക്ക് വാഗ്ദാനം ചെയ്തിരിക്കുന്നത്.

ഇടുങ്ങിയ വഴിയിൽ കൂടെ കടക്കുന്നവർക്ക് ജാഗ്രത ആവശ്യമാണ് (ലൂക്കൊ. 13:23, 24). സർവ്വ ലോകത്തെക്കാളും "വലിയതാണ് നമ്മുടെ രക്ഷ." പാപത്തിൽനിന്നും അപകടത്തിൽ നിന്നും മോചിച്ച് വലിയ പ്രതിഫലം നൽകുന്നതുകൊണ്ടാണ് അത് വലിയത് എന്ന് പറയുവാൻ കാരണം. "അത് മനോഹരമാണ്, കാരണം മറ്റൊരു ഭാഷക്കും അതിനോട് മതിയായ നീതി പുലർത്തുവാൻ സാധ്യമല്ല."[5] ദൈവത്തിന്റെ രക്ഷാപദ്ധതിയെ ഉപേക്ഷിച്ചാൽ വരുവാനുള്ളത് നിത്യനരകമാണ്.

ക്രിസ്ത്യാനിത്വത്തിന്റെ സത്യം ക്രിസ്ത്യാനികളിൽനിന്നു വഴുതിപ്പോകരുത് എന്നു പ്രബോധിച്ചശേഷം ലേഖകൻ ദൈവത്തിന്റെ സന്ദേശത്തിലേക്ക് മടങ്ങി വരുന്നു. 2:3, 4–ൽ അതിന്റെ വില അടിവരയിട്ട് പറഞ്ഞിരിക്കുന്നു.

**എങ്കിൽ കർത്താവ് താൻ പറഞ്ഞു തുടങ്ങിയതും**. ഈ സന്ദേശം പ്രത്യേകമായി ക്രിസ്തുവിന്റേതാണ്. തീർച്ചയായും, സത്യ സന്ദേശം മുഴുവനായി ആദ്യം സംസാരിച്ചത് യോഹന്നാനായിരുന്നില്ല, മറിച്ച് ക്രിസ്തു ആയിരുന്നു. സഭ ആരംഭിച്ചത് യോഹന്നാൻ മുഖാന്തരമായിരുന്നില്ല. യോഹന്നാന്റെ മരണ ശേഷമാണ് രാജ്യം സ്ഥാപിക്കുന്നത്. അതുകൊണ്ടാണ് “ദൈവരാജ്യത്തിൽ ഏറ്റവും ചെറിയവൻ യോഹന്നാനേക്കാൾ വലിയവൻ” എന്ന് യേശു പറഞ്ഞത് (മത്താ. 11:11). ആ പ്രഖ്യാപനം കേട്ട അവന്റെ ശിഷ്യന്മാർ പെന്തെകൊസ്തിനു ശേഷം രാജ്യത്തിലാകുകയും അവർ യോഹന്നാനേക്കാൾ വലിയവർ ആകുകയും ചെയ്തു. അതിനർത്ഥം, യോഹന്നാന്റെ സ്വഭാവത്തെക്കാൾ യേശുവിന്റെ ശിഷ്യന്മാരുടെ സ്വഭാവം മികച്ചതായിരിക്കും എന്നല്ല, രാജ്യത്തിലുള്ളവർക്ക് വലിയ അനുഗ്രഹങ്ങൾ ലഭിക്കും എന്നതാണ് കാരണം. യോഹന്നാന്റെ വ്യക്തിപരമായ പ്രഭാവം മറ്റാർക്കും അവകാശപ്പെടാവുന്നതല്ല എന്നുകൂടെ മത്തായി 11:11 അന്തർലീനമാക്കുന്നു.

പഴയനിയമം ദൂതന്മാരാൽ നൽകി എന്നു പറഞ്ഞശേഷം, പുതിയ നിയമം “കർത്താവിനാൽ നൽകി” എന്നു പറയുന്നത് പ്രാധാന്യമർഹിക്കുന്നു. “ഞങ്ങളുടെ ന്യായപ്രമാണം ദൂതന്മാരാണ് നൽകിയത്, എന്നാൽ സുവിശേഷം പ്രസംഗിച്ചത് മനുഷ്യരാണ്” എന്ന് യെഹൂദ മതക്കാർ പറഞ്ഞേക്കാം. എങ്ങനെയായാലും, പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥൻ യേശു തന്നെയാണ്.

ക്രിസ്തു സമീപമായിരുന്നപ്പോൾ രാജ്യം ആസന്നമായിരുന്നു. തന്റെ രാജ്യത്തിന്റെ എല്ലാ തത്വങ്ങളും അവൻ പഠിപ്പിക്കുകയും തന്റെ സ്വഭാവത്താൽ അത് എങ്ങനെയിരിക്കുമെന്ന് ശിഷ്യന്മാർക്ക് കാണിച്ചു കൊടുക്കുകയും ചെയ്തു. അവർ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടതുകൊണ്ട്, രാജ്യം വന്നതിനാൽ, അവർ അത് പ്രായോഗികമാക്കി വ്യക്തമാക്കി കൊടുത്തു. കൊലൊസ്യയിലുള്ള വിശുദ്ധന്മാർ രാജ്യത്തിലായതായി കൊലൊസ്യർ 1:13 ൽ പറയുന്നു! ഇവിടെയും 7:14 ലും യേശുവിനെ “കർത്താവ്” ആയിട്ടാണ് തിരിച്ചറിയിക്കുന്നത്, അതിനർത്ഥം, അവൻ രാജ്യത്തെ ഭരിക്കുന്നു എന്നാണ് (എഫെ. 5:5–ൽ അന്തർലീനമാക്കിയതുപോലെ പിതാവായ ദൈവത്തോടുകൂടിയാണ്).

സുവിശേഷം കർത്താവിനാൽ നൽകിയ ശേഷം **കേട്ടവർ നമുക്ക് ഉറപ്പിച്ചുതന്നു**. സുവിശേഷം ഉറപ്പിക്കുന്നതിനുള്ള ശക്തി അപ്പൊസ്തലന്മാർക്ക് യേശു വാഗ്ദാനം ചെയ്തിരുന്നു (മർ. 16:17, 18), അവർ അത് പൂർണ്ണമായും ഉപയോഗിച്ചു (മർ. 16:19, 20). “പരിശുദ്ധാത്മ വരങ്ങളാലാണ്” അവർ അത്ഭുതങ്ങളും വീര്യപ്രവൃത്തികളും ചെയ്ത് വചനം ഉറപ്പിച്ചത്.[6] യേശുവും അപ്പൊസ്തലന്മാരും സംസാരിച്ചത് ദൈവവചനമാണെന്ന് തെളിയിക്കുവാൻ അവർക്ക് അസാധാരണ ശക്തി ആവശ്യമായിരുന്നു. പരിശുദ്ധാത്മാവിന്റെ അത്ഭുതവരങ്ങളാൽ ദൈവം ഉറപ്പിച്ചു കൊടുത്തതായിരുന്നു ആ സന്ദേശം എന്നാണ് എബ്രായ ലേഖകൻ ഉറപ്പിച്ചു പറഞ്ഞത്. പുതിയ വെളിപ്പാടിന് ദൈവശക്തിയാൽ ഉറപ്പിക്കേണ്ട ആവശ്യം ഉണ്ടായിരുന്നു. ഉദാഹരണമായി, ഉയിർത്തെഴുന്നേറ്റ കർത്താവ് പ്രത്യക്ഷനായത് സംശയിച്ച തോമസിനോട് വിവരിക്കുന്ന ഉച്ചസ്ഥായിയിലെത്തി. ആ ഞായറാഴ്ച്ച തോമസ് ക്രിസ്തുവിനെ കണ്ടപ്പോൾ അവൻ ഏറ്റു പറഞ്ഞു, “എന്റെ കർത്താവും ക്രിസ്തുവുമായുള്ളോവേ” (യോഹ. 20:28). പിന്നെ യോഹന്നാന്റെ തീസിസ് ഇതായിരുന്നു:

> ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റു അനേകം

അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിനും ഇത് എഴുതിയിരിക്കുന്നു (യോഹ. 20:30, 31).

തിരുവെഴുത്ത് വായിച്ച്, വിശ്വസിച്ച്, അനുസരിച്ചു കഴിയുമ്പോഴാണ് രക്ഷ പൂർണ്ണമാകുന്നത്. അതുകൊണ്ട്, ഇന്നു നമുക്ക് വിശ്വസിക്കുവാനും രക്ഷിക്കപ്പെടുവാനും ആധുനിക അത്ഭുതത്തിന്റെ ആവശ്യമില്ല. ദൈവം എന്തിന് ആവശ്യമില്ലാത്തത് ചെയ്യണം?

ക്രിസ്തു മരിച്ച് അമ്പതാം ദിവസം യെരുശലേമിൽ സംഭവിച്ച വ്യക്തികളുടെ പുനരുത്ഥാനവും യേശുവിന്റെ ഉയർത്തെഴുന്നേൽപും കണ്ട് വിശ്വസിച്ച ആയിരക്കണക്കിന് ആളുകളുടെ വിശ്വാസം ഇല്ലാതാക്കുവാൻ പുരാതന ലോകത്തുള്ളവരുടെയും ആധുനിക ലോകത്തുള്ളവരുടെയും ത്യജിക്കലിന് ആയില്ല. അവന്റെ ഉയർത്തെഴുന്നേൽപ് ആളുകൾക്ക് ബോധ്യമായിരുന്നില്ലെങ്കിൽ, യെരുശലേമിൽ സഭ ആരംഭിക്കുമായിരുന്നില്ല. പുതിയ നിയമം ശ്രദ്ധിക്കുന്ന ഏറ്റവും വലിയ അത്ഭുതമാണ് അത്. വിവിധ തരത്തിലുള്ള ആത്മിയ ശക്തികളുടെ ("വരങ്ങൾ") ഉദ്ദേശത്തെ വീണ്ടും ഉറപ്പിക്കുന്നതാണ് എബ്രായർ 2:4. അവ വചനം ഉറപ്പിക്കുന്നതിനായിരുന്നു. ആ ഉദ്ദേശം നിറവേറ്റിയ ശേഷം അടുത്ത തലമുറകൾക്ക് അവ ആവശ്യമില്ല, അങ്ങനെ നൽകിയ വചനമാണ് തിരുവെഴുത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത്.

**വാക്യം 4.** ഒരിക്കൽ ഉറപ്പിച്ച സന്ദേശം തുടർച്ചയായ അത്ഭുതങ്ങൾ ചെയ്ത് വീണ്ടും വീണ്ടും ഉറപ്പിക്കേണ്ട ആവശ്യമില്ല. സുപ്രീംകോടതി ഏതെങ്കിലും ഒരു കേസ് സ്ഥിരീകരിച്ചുകഴിഞ്ഞാൽ കീഴ്ക്കോടതികളെല്ലാം അത്തരം കേസുകൾക്ക് അതേ തത്വമായിരിക്കും പാലിക്കുക. അതുപോലെ ഒരിക്കൽ എന്നേക്കുമായി അത്ഭുതപ്രവൃത്തികളാൽ വചനം ഉറപ്പിച്ചു കഴിഞ്ഞിരിക്കുകയാണ്.

അപ്പൊസ്തലത്വത്തിന്റെ തെളിവായിരുന്നു അത്ഭുതങ്ങളും അടയാളങ്ങളും (2 കൊ. 12:12), തെളിവ് ആവശ്യമുള്ള കാലയളവോളം അത് തുടർന്നിരുന്നു. ഒരേ കാര്യത്തിന്റെ വ്യത്യസ്ത വീക്ഷണമായിരുന്നു **വീര്യപ്രവൃത്തികളും അടയാളങ്ങളും**. നിരീക്ഷിക്കുന്നവർക്ക് ദൈവത്തിന്റെ സന്ദേശം സന്ദേശവാഹകരിൽകൂടെ എത്തിക്കുന്നതിനായിരുന്നു അത്ഭുതകരമായ "അടയാളങ്ങൾ." ആ അടയാളങ്ങളെ "അത്ഭുതങ്ങൾ" എന്നു വിളിച്ചിരുന്നു കാരണം അത് കാഴ്ച്ചക്കാരിൽ വിസ്മയം ഉളവാക്കി. അത്തരം അത്ഭുതങ്ങൾ നടന്നില്ല എന്ന് പറയുവാൻ അന്ന് ആർക്കും കഴിഞ്ഞില്ല; അത് ഭൂതങ്ങളുടെ ശക്തിയാൽ നടന്നു എന്നു മാത്രമെ അവർക്ക് കാണുവാൻ കഴിഞ്ഞുള്ളു (മത്താ. 12:22–28).

പുതിയ വെളിപ്പാടിന് പുതിയ ഉറപ്പിക്കൽ ആവശ്യമായതുകാരണമാണ് **അത്ഭുതങ്ങൾ** വേണ്ടി വന്നത്. ദൈവം പുതിയ വെളിപ്പാട് നൽകിയപ്പോൾ, സന്ദേശ വാഹകർക്ക് അത് ദൈവികമായി ഭരമേൽപ്പിക്കുവാൻ അവൻ സന്ദേശത്തോടുകൂടി ശക്തിയും നൽകി. ദൈവം മോശെയെ യിസ്രായേലിലേക്കും മിസ്രയിമിലെ ഫറവോന്റെ അടുക്കലേക്കും അയച്ചപ്പോൾ "അത്ഭുതങ്ങൾ" ചെയ്തിരുന്നു (പുറ. 4:1–9, 29, 30). രാജാവിന്റെ രണ്ടാം സ്ഥാനത്തായിരുന്ന സൈന്യാധിപനായിരുന്ന–സിറിയക്കാരനായിരുന്ന നയമാനെ ഏലിശാ പ്രവാചകൻ സൗഖ്യമാക്കി–ദൈവ ശക്തി അവനെ ബോധ്യമാക്കി. അവൻ മുഖാന്തരം അവന്റെ ദേശത്തിലെ പലരും സത്യദൈവത്തിൽ വിശ്വസിപ്പാനിടയായി.

(2 രാജാക്കന്മാർ 5).

പുതിയ തിരുവെഴുത്തും അത്ഭുതവും ഒരുമിച്ചിരിക്കുന്നു എന്ന് അധികം ഊന്നി പറയേണ്ടതില്ല. ഇന്ന് അത്ഭുതങ്ങൾ ചെയ്യുവാൻ കഴിവുള്ളവരോടുള്ള വെല്ലുവിളി, “എവിടെയാണ് നിങ്ങളുടെ പുതിയ തിരുവെഴുത്ത്?” എന്നാണ്.[7] അതുപോലെ, “പുതിയ തിരുവെഴുത്തുകൾ” എഴുതുന്നവരോട് ചോദിക്കുവാനുള്ളത്, “യേശുവും അപ്പൊസ്തലന്മാരും അടയാളങ്ങളാൽ സന്ദേശം സ്ഥിരീകരിച്ചതുപോലെയുള്ള അത്ഭുതങ്ങൾ എവിടെ? എന്നാണ്. ഉദാഹരണമായി, നിങ്ങൾ ആരെയാണ് മരിച്ചവരിൽനിന്ന് ഉയർപ്പിച്ചത്?”

ക്രിസ്തുവിന്റെ സന്ദേശം ഉറപ്പിച്ചത് വാസ്തവത്തിലുള്ള അത്ഭുതങ്ങളാലായിരുന്നു (യോഹ. 20:30; മർ. 2:10–12). പാപങ്ങളെ ക്ഷമിക്കുവാൻ ക്രിസ്തുവിന് അധികാരവും ശക്തിയുമുണ്ട് എന്ന് തെളിയിക്കുന്നതായിരുന്നു മർക്കൊസ് 2 ലെ അത്ഭുതം. ഒരു മുടന്തനെ സൗഖ്യമാക്കുവാൻ അവനു കഴിഞ്ഞതുകൊണ്ട്, തീർച്ചയായും അത് ഒരു അമാനുഷിക പ്രവൃത്തിയും ദൈവത്തിന്റെ സ്ഥാനത്ത് നിന്നു ചെയ്തതും ആയിരുന്നു, കൂടാതെ തനിക്ക് പാപങ്ങൾ മോചിച്ചു കൊടുക്കുവാനുള്ള അധികാരമുണ്ടെന്നും തെളിയിച്ചു. സംസാരിക്കുന്ന വ്യക്തി, താൻ ദൈവത്തിന്റെ വക്താവാണ് എന്നു തെളിയിക്കുന്നതായിരുന്നു അത്ഭുതകരമായ ശക്തി.

എബ്രായ ലേഖനം എഴുതിയ സമയത്ത് സന്ദേശം ഉറപ്പിക്കുവാൻ അത്ഭുതങ്ങൾ ആവശ്യമായിരുന്നു. അത് 2:2–4 ലും മറ്റു വേദഭാഗങ്ങളിലും കാണാം (മർ. 16:20; യോഹ. 20:30, 31 നോക്കുക). മർക്കൊസ് എഴുതിയതോടുകൂടെ “വചനം ഉറപ്പിച്ച” അടയാളങ്ങൾ നിന്നു പോയി (മർ. 16:20). ആ ശക്തികൾ അല്ലെങ്കിൽ പരിശുദ്ധാത്മാവിന്റെ വരങ്ങൾ പ്രദർശിപ്പിക്കുവാൻ അവരെ സഹായിച്ചത് വചനം ഉറപ്പിക്കുന്നതുവരെ മാത്രമായിരുന്നു; പിന്നെ അവ നിന്നുപോകും (1 കൊ. 13:8–10; എഫെ. 4:8–13). ആവശ്യമായ എല്ലാ നടത്തിപ്പിനും മതിയായ ഉറപ്പിച്ചുകഴിഞ്ഞ വചനം പൂർണ്ണമായി നൽകി കഴിഞ്ഞ സ്ഥിതിക്ക് അത്തരം “വരങ്ങളുടെ” ആവശ്യമില്ല. ഏതൊരു അത്ഭുത ശക്തിയെക്കാളും സഭയുടെ ഏറ്റവും വലിയ ആവശ്യം, സ്നേഹമാണെന്ന് പൗലൊസ് പറഞ്ഞു (ഒന്നാം നൂറ്റാണ്ടിലേതുപോലെ ഇന്നും അത് വാസ്തവമാണ്). എങ്ങനെയായാലും, യേശുവിന്റെ അത്ഭുതങ്ങളെ കുറിച്ച് നന്നായി അറിയാവുന്നവരായിരുന്നു ആദ്യത്തെ എബ്രായ ലേഖന വായനക്കാർ. അവർക്ക് തുടർച്ചയായ ഉറപ്പിക്കൽ ആവശ്യമില്ലായിരുന്നു, പക്ഷെ കൂടുതൽ പഠനം ആവശ്യമായിരുന്നു, അതാണ് ഈ ലേഖനം അവർക്ക് നൽകിയത്.

യിസ്രായേൽമക്കൾ കനാനിൽ എത്തിയപ്പോൾ, സ്വർഗീയ മന്നാ നിന്നുപോയതുപോലെ, സഭയുടെ “ശൈശവ” പ്രായത്തിൽ വരങ്ങൾ ആവശ്യമായിരുന്നു എങ്കിലും, പക്വത പ്രാപിക്കുന്നത് വചനം മുഖാന്തരമാണ്. ദൈവം തന്റെ ജനത്തിനായി-ഒരിക്കലും തുടർച്ചയായി ഏതുകാലത്തും അത്ഭുതം പ്രവർത്തിക്കുമെന്ന്-അവൻ അരുളിച്ചെയ്തിട്ടില്ല. സുറിയക്കാരൻ കുഷ്ഠരോഗിയായ നയമാൻ ഒഴിച്ച് യെരുശലേമിലെ മറ്റു കുഷ്ഠരോഗികൾ ശുദ്ധരായില്ല എന്നു യേശു ചൂണ്ടി കാണിച്ചു (ലൂക്കൊ. 4:27).

“വരങ്ങൾ” (*മെരിസ്മോസ്*) അർത്ഥം, “വിതരണക്കാർ” അല്ലെങ്കിൽ “വിഭജനം” പൗലൊസ് റോമർ 1:11 ൽ ഉപയോഗിച്ചതുപോലെയുള്ളതല്ല “ആത്മിയ വരം” (*കരിസ്മാ*). ആ വാക്കും ബഹുവചന രൂപത്തിലുള്ള *കരിസ്മാറ്റാ* ആണ് ഉപയോഗിച്ചിരിക്കുന്നത് (റോമ. 12:6; 1 കൊ. 1:7; 12:4, 9, 28,

30). എബ്രായർ 2:4 ൽ പറഞ്ഞിരിക്കുന്ന ഓരോ കാര്യവും ദൈവസന്ദേശത്തെ ഉറപ്പിക്കുന്നതാണ്. *മെരിസ്മോസ്* എന്ന വാക്ക് *കരിസ്മാ* പോലെയുള്ളതല്ല എന്നത് വാസ്തവമാണ്, അത് മറ്റൊരു ഭാഗത്ത് പറഞ്ഞിരിക്കുന്നത് "ആത്മിയ വരങ്ങൾ" എന്ന അർത്ഥത്തിലാണ്. ഒരു വാക്കിൽ മറ്റേത് ഉൾപ്പെട്ടിരിക്കുന്നു എന്നു പറയാവുന്നതല്ല.

അടയാളങ്ങൾ അപ്പൊസ്തലന്മാരുടെ അധികാരത്തെ ആദരിക്കുന്നതായിരുന്നു (പ്രവൃ. 2:43). പ്രവൃത്തികൾ 6:6-8 നെ തുടർന്ന് അപ്പൊസ്തലന്മാർ വ്യക്തിപരമായി എവിടെയെല്ലാം പോയോ അവിടെയെല്ലാം ശക്തി പകർന്നു കൊടുത്തിരുന്നു (പ്രവൃ. 8:14-17; 19:1-6; റോമ. 1:11; 1 കൊ. 12:8-10). അപ്പൊസ്തലന്മാർ നേരിട്ടു പോകാത്ത സ്ഥലത്ത് മറ്റാർക്കും വരങ്ങൾ പകർന്നു കൊടുക്കുവാനുള്ള അധികാരം ഇല്ലായിരുന്നു! യേശുവും അപ്പൊസ്തലന്മാരും മരിച്ചവരെ ഉയർപ്പിച്ചു (പ്രവൃ. 9:36-43). ഇന്ന് ജീവിക്കുന്ന ആർക്കും അത് ചെയ്യുവാൻ സാധ്യമല്ല. ദൈവത്തിന്റെ സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളാതെ "വ്യാജത്തിന്റെ വ്യാപാരശക്തിയുള്ളവരാണ്" ഇന്ന് അത്ഭുത രോഗശാന്തിയും അത്ഭുതങ്ങളും ചെയ്യുവാൻ കഴിയുമെന്ന് അവകാശപ്പെടുന്നവർ (2 തെസ്സ. 2:9-11; മത്താ. 7:21-23).

### ക്രിസ്തുവിന്റെ യാഗവും ഉയർത്തലും (2:5-18)

ക്രിസ്തുവിനെ ദൂതന്മാരേക്കാൾ അൽപം താഴ്ത്തുകയും അവൻ മരണം ആസ്വദിക്കുകയും ചെയ്തു (2:5-8)

**5 നാം പ്രസ്താവിക്കുന്ന ഭാവികാലത്തെ അവൻ ദൂതന്മാർക്കല്ലല്ലൊ കീഴ്പ്പെടുത്തിയത്.**

**6 "എന്നാൽ മർത്യനെ നീ ഓർക്കേണ്ടതിന് അവൻ എന്ത്? മനുഷ്യ പുത്രനെ ആദരിക്കേണ്ടതിന്ന് അവൻ എന്തുമാത്രം?"**

**7 "നീ അവനെ ദൂതന്മാരേക്കാൾ അൽപം മാത്രം താഴ്ത്തി, തേജസും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു; നിന്റെ കൈകളുടെ പ്രവൃത്തികൾക്ക് നീ അവനെ അധിപതി ആക്കി.**

**8 സകലവും അവന്റെ കാൽക്കീഴിൽ ആക്കിയിരിക്കുന്നു."**

**എന്ന് ഒരേടത്ത് അവൻ സാക്ഷ്യം പറയുന്നു. സകലവും അവന്നു കീഴാക്കിയതിൽ ഒന്നിനേയും കീഴ്പ്പെടുത്താതെ വിട്ടിട്ടില്ല; എന്നാൽ ഇപ്പോൾ സകലവും അവന്ന് കീഴ്പ്പെട്ടതായി കാണുന്നില്ല.**

**വാക്യം 5.** ലേഖകൻ 2:1-4 ലെ പ്രബോധനത്തിനു ശേഷം, യേശു ദൂതന്മാരേക്കാൾ ശ്രേഷ്ഠൻ എന്ന വിഷയത്തിലേക്ക് മടങ്ങി വരികയാണ്.

**വരുവാനുള്ള ലോകം** എന്ന് അവിടെ പറഞ്ഞിരിക്കുന്നത് നാം ഇന്നു ജീവിക്കുന്ന മശിഹയുടെ കാലമാണ് (6:5 നോക്കുക). യേശു സ്വർഗത്തിൽ രാജാവായി വാഴുവാൻ തുടങ്ങിയപ്പോൾ അവനോടുകൂടെ ആരംഭിക്കുകയാണ്, പ്രവൃത്തികൾ 2 ൽ, പരിശുദ്ധാത്മാവ് ശക്തിയോടെ രാജ്യസ്ഥാപനത്തിന് അപ്പൊസ്തലന്മാരിൽ പ്രവർത്തിച്ചതും ആരംഭമായിരുന്നു. പലരും വിചാരിക്കുന്നതിന് വിപരീതമായി യേശു ഇപ്പോൾ വാണുകൊണ്ടിരിക്കുകയാണ് (മത്താ. 28:18). അവന്റെ ഭൃത്യന്മാരായി അപ്പൊസ്തലന്മാർ ദൈവജനത്തെ വാണുകൊ

ണ്ടിരിക്കുന്ന കാലത്തിലാണ് നാം ജീവിക്കുന്നത്. അവർക്ക് എങ്ങനെയാണ് വാഴുവാൻ അവസരം ലഭിച്ചത്? പരിശുദ്ധാത്മ നിയോഗത്താൽ അവർ നൽകിയ ഉപദേശത്താലായിരുന്നു (മത്താ. 19:28).

എബ്രായ ലേഖനം ഉപദേശിക്കുന്നതനുസരിച്ച് കർത്താവായ യേശുവിന്റെ വരവിന് ശേഷമുള്ള കാലമാണ് "വരുവാനുള്ള ലോകം" എന്നു പറയുന്നത് അർത്ഥശൂന്യമാണ്. യേശുവിന്റെ ഇപ്പോഴത്തെ ശ്രേഷ്ഠതയാണ് ലേഖകൻ പറയുന്നത്. അല്ലാതെ ആയിരം വർഷത്തിനു ശേഷമുള്ളതല്ല.

**നാം പ്രസ്താവിക്കുന്ന എന്ന പ്രയോഗം** സൂചിപ്പിക്കുന്നത് എബ്രായ ലേഖനം എഴുതുന്നതിനു മുൻപ് ആദ്യം പ്രസംഗമായി അവതരിപ്പിച്ചു എന്നാണ്. ശ്രദ്ധയോടെ എബ്രായ ലേഖനം വായിക്കുന്ന ഏതൊരാൾക്കും ആദ്യം അത് ഒരു പ്രസംഗമായി അവതരിപ്പിച്ചതാണ് എന്ന് മനസിലാക്കുവാൻ പ്രയാസം നേരിടുകയില്ല.

**വാക്യം 6. ഒരുവൻ ഒരേടത്ത് സാക്ഷ്യം പറയുന്നു** എന്നതിന്റെ അർത്ഥം, സങ്കീർത്തനങ്ങൾ 8:4–6 ആദ്യം എഴുതിയ ആൾ ആരെന്ന് അറിയുകയില്ല എന്നോ അല്ലെങ്കിൽ, ദൈവശ്വാസിയമല്ലാതെ ഏതോ ഒരാൾ എഴുതി എന്നോ അല്ല. മറിച്ച്, മറ്റെല്ലാറ്റിനെക്കാളും സന്ദേശത്തിനാണ് പ്രാധാന്യം എന്നതാണ് പ്രധാനപ്പെട്ട കാര്യം. അതേ പ്രയോഗം എബ്രായർ 4:4–ൽ കാണാം: "ഏഴാം നാളിനെ കുറിച്ച് ഒരേടത്ത് പറഞ്ഞിരിക്കുന്നു" (എബ്രാ. 4:4). ആ വേദഭാഗത്തിന്റെ ഉറവിടം ലേഖകനു അറിയാമായിരുന്നു എന്നതു വ്യക്തമാണ്. ഒരു പുസ്തകത്തിന്റെ ലേഖകൻ ആരാണെന്ന് തീർത്തും അറിഞ്ഞിട്ടും ഫിലോ അത്തരം പ്രയോഗം നടത്തിയിട്ടുണ്ട്.[8] ഉറവിടം ദൈവം ആയിരിക്കുമ്പോൾ, മാനുഷിക ലേഖകനെ തിരിച്ചറിയേണ്ട ആവശ്യമില്ല.

മർത്യരായ സകല മനുഷ്യരേയും ഉദ്ദേശിച്ചാണ് സങ്കീർത്തനങ്ങൾ 8:4 ഉദ്ധരിച്ച് **മനുഷ്യപുത്രൻ** എന്ന് പറഞ്ഞത്. അതിനെ ചിലർ യേശുവിന്റെ പ്രിയപ്പെട്ട പ്രയോഗമായി യേശുവിനെ കുറിച്ച് പ്രവചിച്ചിരിക്കുന്നതാണെന്ന് സംശയിച്ചേക്കാം, പക്ഷെ എബ്രായ പദ്യം പറയുന്നതനുസരിച്ച് "മനുഷ്യവർഗത്തെ" ആണ് സൂചിപ്പിച്ചിരിക്കുന്നത്. ബ്രൂസ് പറഞ്ഞു, "ഈ പ്രയോഗം എബ്രായ ലേഖകന്റേതാണ്, പക്ഷെ യേശു മനുഷ്യപുത്രൻ എന്നു പറഞ്ഞു തുടങ്ങിയതു മുതൽ ക്രിസ്ത്യാനികൾക്ക് മനുഷ്യപുത്രൻ എന്നു കേൾക്കുമ്പോൾ അവനെയാണ് ഓർമ്മ വരുന്നത്."[9]

മറ്റൊരു വാക്കിൽ പറഞ്ഞാൽ, "മനുഷ്യപുത്രൻ" എന്നാൽ "മനുഷ്യൻ" എന്നാണ്, പക്ഷെ ആ വാക്ക് ക്രിസ്തുവിന്റെ മുന്നോടിയായിരുന്നു.[10] കാരണം "മനുഷ്യപുത്രൻ" എന്ന വാക്ക് മറ്റു പല ഭാഗങ്ങളിലും യേശുവിനെ സൂചിപ്പിച്ചാണ് പറഞ്ഞിട്ടുള്ളത് (ഉദാഹരണമായി, ദാനി. 7:13 ലും, പുതിയ നിയമത്തിൽ എൺപതിലധികം പ്രാവശ്യവും ഉപയോഗിച്ചിരിക്കുന്നു), ഇവിടെ ഈ വേദഭാഗത്തിന് ദ്വയാർത്ഥമുണ്ട് എന്നതാണ് പ്രശ്ന പരിഹാരം; ആദ്യ പ്രയോഗം മനുഷ്യർക്കും രണ്ടാമത്തെ പ്രയോഗം ക്രിസ്തുവിനും അവന്റെ വാഴ്ച്ചക്കും ആണ് പറഞ്ഞിരിക്കുന്നത്. "മനുഷ്യപുത്രൻ" എന്നു പറഞ്ഞത് മനുഷ്യരെ മാത്രം ഉദ്ദേശിച്ചാണെങ്കിൽ, സങ്കീർത്തനക്കാരൻ പറയുന്ന ദൈവത്തിന്റെ അതിശയകരമായ കാര്യങ്ങൾ താഴ്ന്ന മനുഷ്യർക്ക് സൂചിപ്പിച്ചതെന്തിനെന്ന് സംശയിച്ചേക്കാം.[11]

വാക്യം 9 ൽ മനുഷ്യർക്കും ക്രിസ്തുവിനും തമ്മിലുള്ള വ്യത്യാസം വരച്ചു കാണിച്ചിരിക്കുന്നു, ദൈവം സകലവും അവന്റെ കാൽക്കീഴാക്കി വെച്ചു–

മരണമടക്കം (വാക്യം 8 അനുസരിച്ച് അത് കീഴ്പ്പെട്ടു കഴിഞ്ഞിട്ടില്ല). യേശു മരണം അടക്കം ദൈവേഷ്ടത്തിനു കീഴ്പ്പെട്ടു. നാം മരിക്കുന്നതുപോലെ അവനും മരിക്കേണ്ടിയിരുന്നു. അവനെ ദൂതന്മാരേക്കാൾ "അൽപം" താഴ്ത്തി എന്നാണ് വാക്യം 7 ലും 9 ലും പറയുന്നത്. അത് അവന്റെ ഭൂമിയിലെ അൽപ കാലം ആയിരിക്കാം.

യേശുവിന്റെ കർത്തൃത്വത്തെ സംബന്ധിച്ച ആ കാഴ്ച്ചപ്പാട് മറ്റു തിരുവെഴുത്ത് ഭാഗങ്ങളുമായി വൈപരീത്യമുളവാക്കുന്നില്ല, എന്നാൽ നമുക്ക് ഉത്തരം നൽകുവാൻ കഴിയാത്ത ചില ചോദ്യങ്ങൾ ഉയർന്നു വരാം. ഉദാഹരണത്തിന് ദൂതന്മാർ അവനെ സംരക്ഷിക്കും (മത്താ. 4:5, 6; സങ്കീ. 91:11, 12 നോക്കുക). അവർ അത് ചെയ്തത് അവന്റെ കൽപനയനുസരിച്ചോ അതോ പിതാവ് നൽകിയ ചുമതല അനുസരിച്ചോ? തീർച്ചയായും, അവരുടെ സഹായത്തിന് അവന് കൽപിക്കുവാൻ കഴിയുമായിരുന്നു. ഗദ്ശെമന തോട്ടത്തിൽ ദൂതന്മാർ വന്ന് അവനെ ശക്തീകരിച്ചു (ലൂക്കൊ. 22:43), എന്നാൽ ദൂതന്മാരുടെ സഹായത്തിന് "എന്റെ പിതാവിനോട് അപേക്ഷിക്കണം" എന്നാണ് ക്രിസ്തു പറഞ്ഞത് (മത്താ. 26:53). ദൂതന്മാരുടെ മേൽ അവന് അധികാരമുണ്ടായിരുന്നു എങ്കിൽ പിതാവിനോട് അപേക്ഷിക്കാതെ തന്നെ അവരോട് കൽപിക്കാമായിരുന്നില്ലേ?

ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തെ നോക്കിയാൽ മനുഷ്യൻ ധൂളിമേലുള്ള ധൂളിയാണ്. സർവ്വശക്തനായ സൃഷ്ടികർത്താവ് നമ്മുടെ "സൂര്യനിൽ നിന്നുള്ള മൂന്നാം കല്ല്" "സന്ദർശിക്കുന്നതും" അവന്റെ കൃപയും മഹത്വവും വെളിപ്പെടുത്തുന്നതും എത്ര മനോഹരമാണ്! താരതമ്യേന ചെറിയ ഗൃഹത്തിലേക്ക് ക്രിസ്തു വന്നശേഷമാണ് അവന്റെ കിരീടധാരണം നടക്കുന്നത്. നമ്മുടെ അപ്രസക്തത കണക്കിലെടുക്കാതെയാണ് ദൈവം നമ്മെ "സന്ദർശിച്ചത്" (വാ. 6; കെജെവി).

മനുഷ്യനെ **കുറിച്ച്** ദൈവം **കരുതി** എന്നാണ് എൻഏഎസ്ബി പറയുന്നത്, അത് ആരംഭ വാക്കിനോട് നീതി പുലർത്തിയ വാക്കാണ്. വെറുതെ "ഇറക്കി വിടുന്നതിന്" അപ്പുറമായി അവൻ ചെയ്യുന്നു,[12] യാക്കൊബ് 1:27 പറയുന്നത് അനാഥരേയും വിധവമാരെയും വെറുതെ ചെന്നു "കാണുന്നതിനപ്പുറമായി" പല കാര്യങ്ങളും ചെയ്യുന്നത് ഉൾപ്പെട്ടിരിക്കുന്നു; അതിൽ അവരെ "പരിചരിക്കുന്നതും" ഉൾപ്പെടുന്നു; "യോസേഫ് തന്റെ സഹോദരന്മാരോട് പറഞ്ഞു, 'ഞാൻ മരിക്കുന്നു; എന്നാൽ ദൈവം നിങ്ങളെ സന്ദർശിക്കുകയും ഈ ദേശത്ത് നിന്നു താൻ അബ്രഹാമിനോടും, യിസഹാക്കിനോടും, യാക്കൊബിനോടും സത്യം ചെയ്ത ദേശത്തേക്ക് കൊണ്ടുപോകയും ചെയ്യും' " (ഉല്. 50:24). ദൈവം തന്റെ ജനത്തിനു അനുഗ്രഹവുമായി വരുന്നതിനെയാണ് "സന്ദർശനം" എന്നു പറഞ്ഞിരിക്കുന്നത്; യേശു ഈ ഭൂമിയിൽ വന്നപ്പോഴും അതാണ് മനുഷ്യർക്ക് ചെയ്തത്. "ദൈവം യേശുവിനെ അപ്രധാനമായതുകൊണ്ട് സന്ദർശിച്ചു എന്നു പറയുന്നത് ബുദ്ധിശൂന്യമായിരിക്കും." റോബർട്ട് മില്ലിഗൻ പറഞ്ഞു, "ഈ വാക്ക് പൊതുവായി മനുഷ്യവർഗത്തെയാണ് പറയുന്നത്, അല്ലാതെ ചിലർ പറയുന്നതു പോലെ യേശുവിനെ വ്യക്തിപരമായിട്ടല്ല [സങ്കീ. 8] അപ്പൊസ്തലന്മാരുടെ വാദമനുസരിച്ചും അതാണ് ശരി."[13]

**വാക്യങ്ങൾ 7, 8. "നീ അവനെ [മനുഷ്യനെ] ദൂതന്മാരേക്കാൾ അൽപം മാത്രം താഴ്ത്തി"** (വാ. 7). ഇത് സങ്കീർത്തനങ്ങൾ 8:5 ഉദ്ധരിച്ചതാണ്. "ദൂതന്മാർ" എന്ന വാക്ക് എബ്രായ പുസ്തകത്തിൽ തർജിമ ചെയ്തിരിക്കുന്നത് "ദേവന്മാർ" (*ലോഹിം*) എന്നാണ്, എന്നാൽ വാക്ക് അർത്ഥമാക്കുന്നത് "ദൈവിക

വ്യക്തികൾ” എന്നാണ്. LXX സൂചിപ്പിക്കുന്നത് സങ്കീർത്തനത്തിൽ ഉപയോഗിച്ച “ദൂതന്മാർ” എന്നതാണ് ശരി എന്നു തോന്നുന്നു. സങ്കീർത്തനങ്ങൾ 8:5 ൽ എൻഏഎസ്ബി *ലോഹിം* “ദൈവം” ആയിട്ടാണ് തർജിമ ചെയ്തിരിക്കുന്നത്, എന്നാൽ കെജെവിയിൽ “ദൂതന്മാർ” എന്നാണ്.

ഈ ജീവിതത്തിൽ മനുഷ്യർ തുടർച്ചയായി ദൂതന്മാരേക്കാൾ താഴ്ന്നവർ തന്നെയാണ്. ഈ കാലം നിത്യതയുമായി നോക്കുമ്പോൾ എൻഏഎസ്ബി പറയുന്നതുപോലെ “അൽപ കാലം” ആയിരിക്കും. അതാണ് ഇവിടെ പറയുന്നതെങ്കിൽ, ഒന്നാമത്തെ ആദാം നഷ്ടമാക്കിയ ലക്ഷ്യസ്ഥാനം രണ്ടാമത്തെ ആദാം (ക്രിസ്തു) ലോകത്തെയും അന്തിമസ്ഥാനവും നിർണ്ണയിക്കുന്നവനാകുന്നു. മനുഷ്യന് ആരംഭത്തിൽ അത്തരം നിയന്ത്രണമുണ്ടായിരുന്നു. **ഇപ്പോൾ സകലവും അവന്നു കീഴ്പ്പെട്ടതായി കാണുന്നില്ല** എന്ന വസ്തുത അത് സ്ഥിരീകരിക്കുന്നു (വാ. 8). സകലവും മനുഷ്യർക്ക് കീഴ്പ്പെടുത്തിയിട്ടില്ല, അവർ തീർച്ചയായും ക്രിസ്തുവിന് കീഴ്പ്പെട്ടിരിക്കുകയാണ്.

“അതിൽ മരണത്തിനപ്പുറം അടങ്ങിയിരിക്കുന്നു, ഭൂമിയിൽ മനുഷ്യർക്ക് നിയന്ത്രിക്കുവാൻ കഴിയാത്ത പല കാര്യങ്ങളുണ്ടല്ലോ” എന്നു നിങ്ങൾ പറഞ്ഞേക്കാം.[14] മൃഗങ്ങളെയും, കാലാവസ്ഥാ മൂലകങ്ങളെയും, ഭൂമിയുടെ ശിൽപവിദ്യയും ചിന്തിച്ചു നോക്കുക. ഇവ ഒന്നും മനുഷ്യന്റെ നിയന്ത്രണത്തിൽ പെടുന്നില്ല. ഒരു ദിവസം മനുഷ്യൻ, എല്ലാ മൃഗങ്ങളെയും, കാലാവസ്ഥയുടെ എല്ലാ മൂലകങ്ങളെയും, ഭൂമിയുടെ ശിൽപവിദ്യയെയും നിയന്ത്രിച്ചാൽ പോലും, മരണത്തെ നിയന്ത്രിക്കുവാൻ അവന് കഴിയുകയില്ല! ഒരു പരിധി വരെ മനുഷ്യന് ജീവൻ നീട്ടിക്കൊണ്ടുപോകാം എന്നല്ലാതെ മരണത്തെ നിയന്ത്രിക്കുവാനുള്ള ശക്തി അവന് ഇല്ല. അതാണ് ഈ വേദഭാഗത്തിലെ സന്ദേശം.

ക്രിസ്തു, രക്ഷാ നായകൻ ആണ് (2:9–13)

**9എങ്കിലും ദൈവകൃപയാൽ എല്ലാവർക്കും വേണ്ടി മരണം ആസ്വദിപ്പാൻ**
**ദൂതന്മാരിലും അൽപം ഒരു താഴ്ച്ച വന്നവനായ യേശു മരണം അനുഭവിച്ചു**
**കൊണ്ട് അവനെ മഹത്വവും ബഹുമാനവും അണിഞ്ഞവനായി നാം കാണു**
**ന്നു. 10സകലത്തിന്നും ലാക്കും സകലത്തിന്നും കാരണഭൂതനുമായവൻ അനേ**
**കം പുത്രന്മാരെ തേജസിലേക്ക് നടത്തുമ്പോൾ, അവരുടെ രക്ഷാനായകനെ**
**കഷ്ടാനുഭവങ്ങളാൽ തികഞ്ഞവൻ ആക്കുന്നത് യുക്തമായിരുന്നു. 11വിശു**
**ദ്ധീകരിക്കുന്നവന്നും വിശുദ്ധീകരിക്കപ്പെടുന്നവർക്കും എല്ലാം ഒരുവനല്ലോ**
**പിതാവ്; അത് ഹേതുവായി അവൻ അവരെ സഹോദരൻ എന്നു വിളിപ്പാൻ**
**ലജ്ജിക്കാതെ;**

**12“ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോട് കീർത്തിക്കും;**
**സഭാ മദ്ധ്യേ ഞാൻ നിന്നെ സ്തുതിക്കും”**

**എന്നും**

**13“ഞാൻ അവനിൽ ആശ്രയിക്കും” എന്നും “ഇതാ ഞാനും ദൈവം**
**എനിക്കു തന്ന മക്കളും” എന്നും പറയുന്നു.**

മനുഷ്യർക്ക് എത്രമാത്രം അധികാരം നൽകിയിരിക്കുന്നു എന്നതിനല്ല പ്രാധാന്യം, പിന്നെയോ യേശു നമുക്കായി കീഴടക്കിയതിനാണ് പ്രാധാന്യം. ഇപ്പോൾ നമുക്ക് ചോദിക്കാം, “നമ്മുടെ വലിയ വീണ്ടെടുപ്പുകാരൻ നമുക്ക്

വേണ്ടി എന്താണ് ചെയ്തത്?”

**വാക്യം 9**. പ്രത്യേക ഉദ്ദേശത്തിനായി, അവൻ **ദൂതന്മാരേക്കാൾ** അൽപ കാലം തന്നെത്താൻ താഴ്ത്തി. “ദൂതന്മാരേക്കാൾ അൽപം താഴ്ത്തി” എന്നാണ് എൻഐവിയും കെജെവിയും പറയുന്നത്. ഗ്രീക്കുവാക്കുകളുടെ നല്ല തർജിമയാണ് **അൽപം** എന്നാണ് ജെറാൾഡ് എഫ്. ഹാവ്ത്രോൺ പറഞ്ഞത്.[15] ഏതു രീതിയിൽ ആ പ്രയോഗം തർജിമ ചെയ്താലും അർത്ഥം അതു തന്നെയാണ്. തനിക്ക് നിയമിച്ചതായ സമയം യേശു ദൂതന്മാരേക്കാൾ താഴ്ന്ന ഭൗമിക ജീവിതം സ്വീകരിച്ചു. അവൻ അങ്ങനെ ആയത് മരിക്കുവാനായിരുന്നു. ദൂതന്മാർക്ക് മരിക്കുവാൻ സാധ്യമല്ല; അവർക്ക് നഷ്ടപ്പെട്ടവരെ രക്ഷിപ്പാനും സാധ്യമല്ല. മനുഷ്യരെ ബാധിക്കുന്ന മരണത്തിന്മേലും അവർക്ക് അധികാരമില്ല.[16]

2:9–13 വരെയുള്ള ഭാഗം വെളിപ്പെടുത്തുന്നത് വീണ്ടെടുപ്പുകാരൻ കഷ്ടമനുഭവിക്കുന്നത് ദൈവത്തിന്റെ പദ്ധതിയായിരുന്നു; അവന്റെ പദ്ധതി യാദൃശ്ചികമായിരുന്നില്ല. വീണ്ടെടുപ്പ് നടപടിക്ക് മുൻകൈ എടുത്തത് ദൈവമായിരുന്നു എന്നാണ് ഈ വേദഭാഗം എടുത്തു കാണിക്കുന്നത്.[17] അനേകം പുത്രന്മാരെ തേജസിലേക്ക് നടത്തുക എന്നതാണ് അവന്റെ അന്തിമ ലക്ഷ്യം.

മരണത്തിന്റെ കഷ്ടത നിമിത്തമാണ് യേശു ഈ ഭൂമിയിലേക്ക് ഇറങ്ങി വന്നത്. “ഹേതുവായി” (കെജെവിയിൽ “വേണ്ടി”) *ഹൂപ്പർ*, “വേണ്ടി” എന്നാണ് അർത്ഥം; “എന്റെ സ്ഥാനത്ത്,” എനിക്ക് വേണ്ടിയാണ് ക്രിസ്തു മരിച്ചത്. എന്റെ സ്ഥാനത്താണ് അവൻ ക്രൂശിൽ കയറിയത്! “അവിടെ ക്രിസ്തുവിൽ, ദൈവകൃപയിലേക്കാണ് ഞാൻ പോയത്,” എന്നു നമുക്ക് പറയാം. “ദൈവകൃപയാലാണ്” അവന്റെ വരവും, മരണവും, ഉയർത്തലും. വിശുദ്ധനായാലും, പാപിയായാലും, “എല്ലാ മനുഷ്യർക്കും” വേണ്ടിയായിരുന്നു അവൻ മരിക്കുവാൻ തയ്യാറായത്. അവൻ ഈ രീതിയിൽ കഷ്ടയനുഭവിച്ചത് ശത്രൂക്കൾക്ക് കൂടെയായിരുന്നു (റോമർ 5:8–10).

ദൈവത്തിന് നമ്മോടുള്ള സ്നേഹം നിമിത്തമായിരുന്നു നമ്മുടെ രക്ഷകന്റെ അവതാരവും, മരണവും, പ്രായശ്ചിത്തവും, മദ്ധ്യസ്ഥതയും എല്ലാം (യോഹ. 3:16). അവൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു (5:8, 9). അവൻ ഇപ്പോൾ “തന്നെ അനുസരിക്കുന്ന ഏവരുടേയും രക്ഷകനായി” തീർന്നതിനാൽ, അവനെ **തേജസും ബഹുമാനവും അണിയിച്ചു** (5:9). അവൻ മഹത്വമുള്ള നമ്മുടെ വീണ്ടെടുപ്പുകാരനാണ്, അവനെ അനുസരിക്കുന്നവരെ താൻ തിരഞ്ഞെടുക്കും. മറ്റുള്ളവർ ക്രിസ്തു മുഖാന്തരം ലഭിക്കുന്ന ഈ ധനവുമായി താരതമ്യം ചെയ്യുമ്പോൾ, ലോകപ്രകാരം ധനികരായവർ ദരിദ്രരാണ്.

“തിരഞ്ഞെടുക്കപ്പെട്ട” സംഘത്തിനു വേണ്ടി മാത്രമല്ല, ക്രിസ്തു **എല്ലാവർക്കും** വേണ്ടിയാണ് മരിച്ചത്. “പരിമിത പ്രായശ്ചിത്തം” എന്ന ഉപദേശത്തിന്റെ സാദൃശ്യമാണ് ക്രിസ്തുവിന്റെ മരണത്തിൽ ഉൾപ്പെട്ടിരുന്നത്.[18] തിരഞ്ഞെടുക്കപ്പെടാത്തവർ, പ്രത്യാശയില്ലാതെ നശിച്ചു പോകുകയാണെങ്കിൽ, തിരഞ്ഞെടുക്കപ്പെടാത്തവർക്ക് വിശേഷിച്ച്, അവന്റെ മരണം ഒരു പാഴായ യാഗമായി തീരും. മാർഷൽ കീബിൾ പറഞ്ഞു, “തിരഞ്ഞെടുപ്പ് ഇതുപോലെയാണ്: ദൈവം നിങ്ങൾക്കായി വോട്ട് ചെയ്യുന്നു, പിശാച് നിങ്ങൾക്ക് എതിരായി വോട്ട് ചെയ്യുന്നു, നിങ്ങൾ നിങ്ങളുടെ തീരുമാന വോട്ട് ചെയ്യുന്നു.” അത് അത്ര എളുപ്പമാണ്, അർത്ഥവത്തുമാണ്.

അവന്റെ തരം താഴലും മരണവും നിമിത്തം, ക്രിസ്തുവിനെ ഏറ്റവും

വലുതായി ഉയർത്തി. പൗലൊസ് ഫിലിപ്പിയ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്, എല്ലാ മുട്ടും അവങ്കൽ മടങ്ങുകയും, എല്ലാ നാവും അവനെ കർത്താവ് എന്ന് വായികൊണ്ട് ഏറ്റു പറകയും ചെയ്യുന്ന രീതിയിൽ അവനെ സർവ്വത്തിനും മുകളിൽ വെച്ചിരിക്കുന്നു. ഇപ്പോൾ ജീവനോടെയിരിക്കുന്ന അറിയപ്പെടുന്ന വലിയ ആളുകളെ കുറിച്ച് ചിന്തിക്കുക, രാഷ്ട്രീയത്തിലോ, സൈന്യത്തിലോ, അല്ലെങ്കിൽ ലൗകിക വിനോദത്തിലായാലും ശരി. അവരെല്ലാം യേശുവിന്റെ അടുക്കൽ മുട്ടുമടക്കും (ഫിലി. 2:8–11). ആളുകളുടെ കാഴ്ച്ചപ്പാട് എന്തായാലും, എല്ലാവരും ഒരിക്കൽ അവനെ പൂർണ്ണമായും സമ്മതിക്കും! അവന്റെ മരണ ത്തിന്റെ അനന്തരഫലമായിട്ടാണ് അവന് ആ ഉയർച്ച ലഭിക്കുന്നത് എന്ന് യെശ യ്യാവിന്റെ കാലത്ത് പറഞ്ഞിരുന്നു (യെശ. 53:12). ക്രിസ്തു ഇപ്പോൾ പിതാ വിന്റെ വലത്ത് ഭാഗത്ത് ഇരുന്നു വാഴുകയാണ്, അതിനർത്ഥം അവൻ രാജാ ധിരാജാവും കർത്താധികർത്താവുമായി കിരീടമണിഞ്ഞിരിക്കുന്നു എന്നാണ് (1 തിമൊ. 6:15; എബ്രാ. 8:1; വെളി. 17:14).

"തന്റെ പുത്രന്റെ ദാരുണമായ മരണം ഒഴിവാക്കി ദൈവത്തിന് തന്റെ എല്ലാ ശക്തിയും ഉപയോഗിച്ച് മറ്റേതെങ്കിലും വഴി മനുഷ്യരെ രക്ഷിക്കാമായിരു ന്നില്ലേ?" എന്ന് ആരെങ്കിലും ചോദിച്ചേക്കാം. "ദുഷ്ട ലോകത്തിനു വേണ്ടി തന്റെ ഏകജാതനെ മരിപ്പാൻ അനുവദിച്ച ദൈവത്തിന്റെ പ്രവൃത്തിയെ ഉയർന്നതായി എനിക്ക് കാണുവാൻ കഴിയുന്നില്ല" എന്ന് ആരെങ്കിലും പറഞ്ഞേക്കാം. അയാൾ ദൈവത്തേക്കാൾ സ്വയം ഉയർന്നു നിൽക്കുന്നതായിട്ടാണ് സംസാരിക്കുന്നത്. നമ്മുടെ സ്നേഹസമ്പന്നനായ പിതാവിനേക്കാൾ ബുദ്ധി തനിക്കുണ്ട് എന്ന് അയാൾ ചിന്തിക്കുന്നു. ലോകത്തെ രക്ഷിക്കുവാൻ അയാൾക്ക് എങ്ങനെ നി ർദ്ദേശിക്കുവാൻ കഴിയും? മറ്റൊരു വഴിയിൽ കൂടെ രക്ഷ സധ്യമായിരുന്നു എങ്കിൽ ദൈവം അത് ചെയ്യുമായിരുന്നു.

**വാക്യം 10**. "രക്ഷ അവകാശമാക്കിയവരെ" (1:14), "മക്കൾ" എന്നാണ് വിളിച്ചത്. "എല്ലാവർക്കുമായി യേശു മരണം ആസ്വദിക്കണമായിരുന്നു" (വാ. 9). "അവകാശമാക്കുന്നവരും," "മക്കളും" എന്നീ നിലയിലുള്ളവർക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു.

യേശുവിന്റെ മനുഷ്യസ്വഭാവം-പ്രത്യേകിച്ച് അവന്റെ മരണം-അനേകം യെഹൂദന്മാർക്ക് ഇടർച്ചയായി (1 കൊ. 1:23). "ക്രിസ്തു എന്നേക്കും ഇരിക്കും" എന്ന് അവർക്ക് അറിയാമായിരുന്നു (യോഹ. 12:34). പിന്തിരിയുവാൻ ശ്രമിച്ച യെഹൂദ ക്രിസ്ത്യാനികൾക്ക്, ക്രിസ്തുവിന്റെ മരണവും ദൈവ പദ്ധതിയുടെ ഭാഗമായിരുന്നു എന്ന് എബ്രായലേഖകൻ കാണിച്ചുകൊടുപ്പാൻ നിർബ്ബന്ധി തനായി.

നമ്മുടെ രക്ഷക്കുവേണ്ടി **അവൻ മരിക്കുന്നത് യുക്തമായിരുന്നു** (വാ. 10). വാക്യം 10 പ്രബന്ധത്തിലെ ഈ ഭാഗത്തിന്റെ "തീസിസ്" എന്നു വിളിക്കാം (2:10–18). യേശു അനുഭവിച്ച കഷ്ടതയുടെ ലക്ഷ്യം **അനേകം പേരെ തേജ സിലേക്ക് നടത്തുക** എന്നതായിരുന്നു. യേശുവിന്റെ വായിൽനിന്നു വന്ന അതേ ഉദ്ദേശം മർക്കൊസും പറഞ്ഞിരിക്കുന്നു: "അവർ അവനെ പരിഹസിക്കു കയും തുപ്പുകയും തല്ലുകയും കൊല്ലുകയും മൂന്നു നാൾ കഴിഞ്ഞിട്ട് അവൻ ഉയർത്തെഴുന്നേൽക്കുകയും ചെയ്യും എന്നിങ്ങനെ തനിക്ക് നേരിടുവാനുള്ളത് പറഞ്ഞു തുടങ്ങി" (മർ. 10:45). ദൈവത്തിന്റെ രേഖയിൽ നിന്നു നമ്മുടെ പാപങ്ങളെ നീക്കം ചെയ്യുവാനായിരുന്നു യേശു മരിച്ചത്; അങ്ങനെ ദൈവം തന്റെ സ്നേഹം പ്രദർശിപ്പിക്കുകയും നാം പ്രതികരിക്കേണ്ടത് വ്യക്തമായി

കാണുകയും ചെയ്തിരിക്കുന്നു (1 യോഹ. 4:19).

ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രദർശിപ്പിക്കുന്നതിനുള്ള ഏറ്റവും നല്ല വഴിയായിരുന്നു എന്നു കാണിക്കുന്ന പ്രയോഗമാണ് “യുക്തമായിരുന്നു” എന്നത്. “അത് അങ്ങനെ തന്നെ ആകേണ്ടിയിരുന്നു” എന്ന അർത്ഥത്തിലാണ് അരിസ്റ്റോട്ടിൽ ആ പ്രയോഗത്തെ ഉപയോഗിച്ചത്. ബ്രൂസ് എഴുതി, നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തിലാണ് ദൈവം തന്റെ ഹൃദയം തുറന്നു കാണിച്ചത്; “ലോകത്തെ ക്രിസ്തുവിൽ തന്നോട് നിരപ്പിക്കുവാൻ” കൂടുതലായി മറ്റൊരിടത്തും ഇതുപോലെ ദൈവത്തെ വെളിപ്പെടുത്തിയിട്ടില്ല (2 കൊ. 5:19).[19]

**സകലവും അവന്നായും, അവൻ മുഖാന്തരവുമാകുന്നു** എന്നത് 1:2, 3 ആണ് സൂചിപ്പിക്കുന്നത്, അവിടെ യേശുവിനെ “സകലത്തിന്റെയും അവകാശി” എന്നാണ് വിളിച്ചിരിക്കുന്നത്. അവൻ “സകലവും വഹിക്കുന്നത്” തന്റെ ശക്തിയുള്ള വചനത്താലാണ്. സകലവും സൃഷ്ടിക്കപ്പെട്ടത് ക്രിസ്തു മുഖാന്തരമാണ് (യോഹ. 1:3; റോമർ. 11:36). സകല സൃഷ്ടികളും ദൈവമഹത്വത്തിനായി നിലകൊള്ളുന്നു.

അവൻ നമ്മുടെ രക്ഷാ **നായകൻ** ആണ് (എൻഏഎസ്ബി; എൻഐവി), “അധിപൻ” (കെജെവി) (റോമ. 12:2 നോക്കുക). “നായകൻ” (*ആർക്കെഗോസ്*) എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം, “വഴി കണ്ടെത്തുന്നവൻ” അല്ലെങ്കിൽ “വഴി ഒരുക്കുന്നവൻ.”[20] ദൈവത്തിന്റെ “അനേകം പുത്രന്മാരെ” തേജസിലേക്ക് നടത്തുവാൻ നമ്മുടെ രക്ഷകനായ ക്രിസ്തുവാണ് വഴി ഒരുക്കിയത്.[21] 1611 ൽ (കിംജെയിംസ്) ബൈബിൾ ആധികാരികമായി പ്രസിദ്ധീകരിച്ച കാലത്ത് ഒരു യുദ്ധത്തിൽ സൈന്യത്തെ നയിച്ചിരുന്നത് “പടനായകൻ” ആയിരുന്നു. പുരാതന ലൗകിക ഗ്രീക്ക് എഴുത്തുകളിൽ, ഒരു നഗരം കണ്ടുപിടിച്ച ആളെയാണ് നായകൻ എന്നു വിളിച്ചിരുന്നത്, അയാളായിരിക്കും ആ നഗരത്തിന്റെ രക്ഷാധികാരി, നഗരത്തിന്റെ പേരും അയാളുടേതായിരിക്കും.[22] അത്തരം ഒരു നായകത്വ സ്ഥാനമാണ് ക്രിസ്തുവിനുള്ളത്. തേജസിലേക്കുള്ള വഴി കാണിച്ചു തന്നത് ക്രിസ്തുവാണ്!

മഹത്വകരമായ സർവ്വശക്തന്റെ സിംഹാസനത്തിങ്കലേക്ക് പ്രവേശിക്കുവാൻ അവൻ വഴി ഒരുക്കിയത് നമ്മെ **തികഞ്ഞവ**[രാക്കി] കൊണ്ടാണ് (4:15, 16). അപ്പോൾ, യേശു നമ്മെ എങ്ങനെ “തികഞ്ഞവരാക്കി”? “തികഞ്ഞവർ” (*ടെലെയിയു*) എന്നതിന്റെ ക്രിയാരൂപത്തിന്റെ അർത്ഥം, “ഒരു നടപടി പൂർത്തിയാക്കുക” എന്നാണ്. ഈ കാര്യത്തിൽ പൂർത്തീകരണം നടത്തിയത് കഷ്ടാനുഭവത്താലായിരുന്നു.[23] ക്രിസ്തു “തികഞ്ഞവനായി” തീർന്നു എന്നു പറഞ്ഞതിനാൽ അവന് മുൻപ് എന്തെങ്കിലും കുറവുണ്ടായിരുന്നു എന്നു ചിന്തിക്കരുത്. മറിച്ച് **കഷ്ടാനുഭവങ്ങളാൽ** അവൻ തികഞ്ഞ മഹാപുരോഹിതനായി തീർന്നു എന്നാണ് അർത്ഥം. എബ്രായ ലേഖനത്തിൽ തികവ് പലപ്പോഴും കഷ്ടാനുഭവവുമായി ബന്ധപ്പെട്ടാണ് പറയുന്നത് (5:8, 9 നോക്കുക). തന്റെ കഷ്ടാനുഭവങ്ങളാൽ ക്രിസ്തു തികഞ്ഞവനായി തീർന്നു. അതായത്, നേടുവാനിരുന്ന പ്രവൃത്തിക്കായി, അവൻ “മതിയായവനായി തീർന്നു,” അല്ലെങ്കിൽ, പൂർണ്ണ ഫലപ്രാപ്തനായി.[24] മാനുഷികമായി പറഞ്ഞാൽ, യേശുവിന് നമ്മെപ്പോലെ എല്ലാ ദൗർബല്യങ്ങളും ഉണ്ടായിരുന്നു; അവനും നമ്മെപോലെ വളരേണ്ടിയിരുന്നു (ലൂക്കൊ. 2:52 നോക്കുക). പാപപരിഹാരത്തിന് സ്വീകാര്യമായ യാഗം അർപ്പിക്കുവാൻ, പുരോഹിതൻ മനുഷ്യരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും അറിഞ്ഞിരിക്കണം. നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമാകു

വാൻ, യേശു തന്നെത്താൻ നൽകുകയായിരുന്നു. ദൈവം പാപങ്ങളെ ക്ഷമിക്കുന്നതിനു വേണ്ടിയായിരുന്നു അവൻ അങ്ങനെ ചെയ്തത് (റോമ. 3:23-26).[25]

നീതി നിറവേറ്റുക എന്നത് ദൈവപദ്ധതിയിലെ ദൈവികവശമായിരുന്നു, എന്നാൽ യേശുവിന് മനുഷ്യവശം കൂടെ മുഴുവനായി മനസിലാക്കേണ്ടിയിരുന്നു (2:17, 18). രക്ഷകന് കഷ്ടത കൂടാതെ തികഞ്ഞവനാകുവാൻ കഴിയുകയില്ല എന്ന് വാക്യം 10 പറയുന്നു. തന്റെ അവതാരം കൂടാതെ അവനു നമ്മുടെ രക്ഷകനാകുവാനും സാധ്യമല്ല എന്ന് അടുത്ത വാക്യം സൂചിപ്പിക്കുന്നു. കഷ്ടതയിൽ പൂർണ്ണമായും അവൻ അത് കാണിച്ചുതന്ന്, നമ്മോട് സഹതാപം കാണിപ്പാൻ കഴിയുന്നവനായി.

**വാക്യം 11.** പുരോഹിതനായി സേവനം അനുഷ്ഠിച്ചിരുന്ന ആൾ ആളുകളെ മനസിലാക്കുവാൻ, ആളുകളിൽ ഒരാളെ പോലെ ജീവിക്കണമായിരുന്നു. **എല്ലാവരും ഒരേ പിതാവിൽനിന്ന്** എന്നത്രെ എൻഏഎസ്ബി പറയുന്നത്.എൻഐവിയിൽ "ഒരേ ഭവനത്തിൽനിന്നും." "എല്ലാവരും ഒരേ കൂറ്റിയിൽനിന്നും" എന്നാണ് എൻഇൗബിയിൽ.[26] ന്യായപ്രമാണപ്രകാരം പല പ്രക്രിയയിൽ കൂടെയായിരുന്നു ഒരാൾ ശുദ്ധീകരിക്കപ്പെട്ടിരുന്നത്. എന്നാൽ യേശുക്രിസ്തുവാണ് **വിശുദ്ധീകരിക്കുന്നവൻ** എന്നാണ് ഈ വേദഭാഗം വ്യക്തമാക്കുന്നത്. സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമെ എന്ന് യേശു പിതാവിനോട് പ്രാർത്ഥിച്ചപ്പോഴും ഇതായിരുന്നു വസ്തുത (യോഹ. 17:17). പഴയനിയമത്തിൽ ദൈവം തിരഞ്ഞെടുത്ത ജനത്തെ വിശുദ്ധീകരിച്ചിരുന്നു (പുറ. 31:13; ലേവ്യാ. 20:8; 22:32; യെഹെ. 37:28). നാം അവന്റെ രക്തത്താൽ വിശുദ്ധീകരിക്കപെടുന്നതിനാൽ, ഇവിടെ ഊന്നൽ കൊടുത്തിരിക്കുന്നത് ക്രിസ്തുവിൽ ആണ് (എബ്രാ. 10:29 നോക്കുക). യേശുവിന്റെ ആശ്രയം പിതാവിൽ ആയിരുന്നു (വാ. 13).

"വിശുദ്ധീകരിക്കുക" (*ഹാഗിയാസോ*) എന്ന വാക്ക് രണ്ട് അർത്ഥത്തിലാണ് പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത്: "ശുദ്ധമാക്കുക, ശുദ്ധീകരിക്കുക, അല്ലെങ്കിൽ വിശുദ്ധമാക്കുക" എന്നർത്ഥം. "വിശുദ്ധമായ ഉദ്ദേശത്തിനായി വേർതിരിക്കുക" എന്നും അർത്ഥമുണ്ട്. സാധാരണ നിർവ്വചനം "വേർതിരിക്കുക" എന്നാണ്. മൂലവാക്കിന്റെ അർത്ഥം, "വ്യത്യാസമുള്ളവനാക്കുക" എന്നാണ്. അതിന്റെ നാമ വാക്ക് *ഹാഗിയോസ്* എന്നും അർതഥം, "വിശുദ്ധൻ" എന്നാണ്. "ഒരിക്കലായി യേശു തന്റെ ശരീരത്തെ ഏൽപിച്ചു കൊടുത്തതിനാലാണ്" നമുക്ക് വിശുദ്ധീകരണം ലഭിച്ചത് എന്നാണ് എബ്രായർ 10:10 വ്യക്തമാക്കുന്നത്. അവന്റെ മരണത്താൽ നമുക്ക് വാസ്തവത്തിൽ ദൈവത്തെ ആരാധിക്കുവാനും സേവിക്കുവാനും കഴിയുന്നു. അവന്റെ "വിശുദ്ധ" ജനം ആകയാൽ, നാം ഒരു ദിവസം അവന്റെ തേജസിൽ പ്രവേശിക്കും.

"വിശുദ്ധീകരിക്കപ്പെടുക," "വേർതിരിക്കപ്പെടുക" എന്നു പറഞ്ഞാൽ നാം ക്രിസ്തുവിനെ പോലെ ആയി അവന്റെ മാതൃക പിൻപറ്റി തേജസിലേക്ക് നടക്കുക എന്നാണ്. ബ്രൂസ് പറഞ്ഞു, "വിശുദ്ധീകരണം എന്നത് തേജസിന്റെ തുടക്കമാണ്, തേജസാണ് വിശുദ്ധീകരണം പൂർത്തിയാക്കുന്നതും."[27] നമ്മുടെ പ്രകൃതി സ്വീകരിച്ച് കീഴ്പ്പെട്ട ക്രിസ്തുവിനോട് ഏകീഭവിക്കയാണ് വേണ്ടത്. നമ്മെ പോലെയാണ് അവൻ മരണത്തെ അഭിമുഖീകരിച്ചത്. ഫിലിപ്സിന്റെ സമാന്തര പ്രയോഗം പറയുന്നത് വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവനും പൊതുവായി "മനുഷ്യത്വമാണ് പങ്കിടുന്നത്" (വാ. 14 ന്റെ പരാമർശം നോക്കുക).

പിതാവും, പുത്രനും, പരിശുദ്ധാത്മാവും ചേർന്നാണ് നമുക്ക് വചനം നൽകിയത്, ആ വചനമാണ് നമ്മെ വിശുദ്ധീകരിക്കയും "വളർത്തുകയും" "വിശുദ്ധീകരിക്കപ്പെടുന്നവരുടെ ഇടയിൽ അവകാശവും" തരുന്നത് (പ്രവൃ. 20:32). വാക്യം 11 ലെ "വിശുദ്ധീകരിക്കുക" എന്ന വാക്ക് പ്രെസന്റ് പാർട്ടിസിപ്പിളാണ്, അത് സൂചിപ്പിക്കുന്നത്, യേശു ഈ ദൗത്യം തുടർച്ചയായി പ്രവർത്തിക്കുന്നു എന്നാണ്.

അവൻ നമുക്ക് സമീപസ്ഥനും നമ്മോടുകൂടെ ഒന്നായിരിക്കുകയും ചെയ്തതിനാൽ [നമ്മെ] **സഹോദരന്മാർ എന്നു വിളിക്കുവാൻ ലജ്ജിക്കുന്നില്ല** ("സഹോദരിമാരും" അതിൽ ഉൾപ്പെടും), നമ്മുടെ കർത്താവിന്റെ സഭയിലെ അംഗങ്ങളെല്ലാം സഹോദരങ്ങളാണ് (മത്താ. 12:50; റോമർ. 8:29; എബ്രാ. 2:17). നാം സഭയുടെ ഭാഗം ആകുമ്പോൾ ക്രിസ്തുവിന്റെ ഭാഗവുമാകുന്നു. നാം ക്രിസ്ത്യാനികളാകുന്നതോടെ ക്രിസ്തുവിനെ പ്രതിനിധീകരിച്ച്, ആലങ്കാരികമായി ഇന്ന് ലോകത്തിൽ ക്രിസ്തുവായി തീരുന്നു. അത് പൗലൊസ് തന്നെ ഉപദ്രവിക്കുകയായിരുന്നു എന്നു പറയുവാനുള്ള കാരണം വ്യക്തമാക്കുന്നു (പ്രവൃ. 9:4). ഭർത്താവും ഭാര്യയും തമ്മിലുള്ള ഊഷ്മളമായ ബന്ധം പോലെയാണ് സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധം. ക്രിസ്തുവും തന്റെ "മക്കളും" ഒന്നായി തീരുക എന്നതായിരുന്നു ദൈവേഷ്ടം-ഏക ഭവനവും ഏക സ്വഭാവവും-അതിനായി ക്രിസ്തുവിന് മരിക്കേണ്ടതായും വന്നു. അതുകൊണ്ട്, പുതിയനിയമത്തിൽ അങ്ങനെ പറഞ്ഞിട്ടില്ലെങ്കിലും, "സഹോദരൻ ക്രിസ്തു" എന്നു പറയാം. വിശുദ്ധനും നിർമ്മലനുമായവന് നമ്മെ കുറിച്ചു ലജ്ജിക്കുവാൻ എല്ലാ അവകാശവും ഉണ്ട്, പക്ഷെ അവൻ ലജ്ജിക്കുന്നില്ല. സഹോദരനെ സ്നേഹിക്കുന്നവൻ അവന്റെ കുഴപ്പങ്ങളും പ്രശ്നങ്ങളും എന്തായാലും അവനെ കുറിച്ച് ഒരിക്കലും ലജ്ജിക്കുകയില്ല.

**വാക്യം 12.** ക്രിസ്തു തന്റെ സഭയോട് അടുത്തിരിക്കുന്നത് ചിത്രീകരിക്കുന്ന സങ്കീർത്തനങ്ങൾ 22:22 കൂടെ ഈ വാക്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എബ്രായ ലേഖനം എഴുതിയപ്പോഴേക്കും എല്ലാ കിസ്ത്യാനികളും-വിശേഷിച്ച് എല്ലാ യെഹൂദ ക്രിസ്ത്യാനികളും-സങ്കീർത്തനങ്ങൾ 22 മശിഹാ സങ്കീർത്തനമായി അറിഞ്ഞിരുന്നു കാരണം ക്രൂശിൽ വെച്ച് യേശു ആ സങ്കീർത്തനം ഉദ്ധരിച്ചിരുന്നു. മത്തായി 27:46 ലും മർക്കൊസ് 15:34 ലും സങ്കീർത്തനങ്ങൾ 22:1 ഉദ്ധരിച്ചിരിക്കുന്നു. സങ്കീർത്തനങ്ങൾ 22:1, 8, 15, 16 ഉം18 ഉം പുതിയ നിയമത്തിൽ ഉദ്ധരിച്ചിരിക്കുന്നു. സങ്കീർത്തനത്തിൽ സംസാരിച്ചത് ക്രിസ്തു ആയിരുന്നു, അവൻ ആത്മാവിൽ ദാവീദ് മുഖാന്തരം സംസാരിക്കുകയായിരുന്നു (1 പത്രൊ. 1:11 നോക്കുക). എങ്ങനെയായാലും, സങ്കീർത്തനത്തിലെ ചില കാര്യങ്ങൾ ദാവീദിനെ മാത്രം ബാധിക്കുന്നതാണ്. ഉദാഹരണമായി, "ഞാനോ മനുഷ്യനല്ല; ഒരു കൃമിയത്രെ" (സങ്കീ. 22:6), അത് ഒരിക്കലും യേശുവിനെ ബാധിക്കുന്നതല്ല. ക്രൂശിനു ചുറ്റും നിൽക്കുന്നവർക്ക് മനസിലായില്ലെങ്കിലും അത് സങ്കീർത്തനം 22:8 ലെ പ്രവചന നിവർത്തീകരണമായിരുന്നു: "അവൻ ദൈവത്തിൽ ആശ്രയിക്കുന്നു; അവന്ന് ഇവനിൽ പ്രസാദം ഉണ്ടെങ്കിൽ; ഞാൻ ദൈവപുത്രൻ എന്ന് അവൻ പറഞ്ഞുവല്ലോ" (മത്താ. 27:43). വ്യക്തമായും, സങ്കീർത്തനങ്ങൾ 22:13–18 ദാവീദിനെ ബാധിക്കുന്നതിനേക്കാൾ യേശുവിനെയാണ് ബാധിക്കുന്നത്.[28]

**സഭാ മദ്ധ്യേ ഞാൻ ദൈവത്തെ കീർത്തിക്കു**[കയും] ... **സ്തുതിക്കു**[കയും] ചെയ്യും എന്നു ക്രിസ്തു പറഞ്ഞു. "കോൺഗ്രിഗേഷൻ" *എക്ലേസിയ*

എന്ന വാക്കിന്റെ അർത്ഥം, ("സഭ") എന്നാണ്. "യേശു എപ്പോഴാണ് സഭാമദ്ധ്യേ കീർത്തിച്ചത്?" എന്ന ചോദ്യം ഈ വേദഭാഗത്തിൽനിന്നുയർന്നേക്കാം (വാ. 12). പള്ളിയിലെ ആരാധനയിൽ അവൻ പല പ്രാവശ്യവും പാടിയിരിക്കാമെങ്കിലും നമുക്ക് തിരുവെഴുത്തിൽ ഒരു ഉദാഹരണം മാത്രമെയുള്ളു (മത്താ. 26:30), എങ്കിലും, അവൻ പള്ളികളിൽ അതു പലപ്പോഴും ചെയ്തിരുന്നു. ഇവിടെ പറയുന്നതെന്തെന്നാൽ, യേശു തന്റെ സഹോദരങ്ങളുമായി തുടർന്നും പാടും എന്നാണ്! "സഭാ മദ്ധ്യേ" എന്ന പ്രസ്താവന ശരിയായിട്ടാണ് സൂചിപ്പിക്കുന്നത് (കെജെവി), അതായത്, ഒരർത്ഥത്തിൽ യേശു ഇന്ന് നമ്മോടുകൂടെ പാടും.[29] അവന്റെ സഹോദരന്മാരായ നാം, ആരാധനയുടെ ഭാഗമായി ആത്മാവിൽ നാം പാടുമ്പോൾ കർത്താവും നമ്മോടൊപ്പം പാടുമെന്നതാണ് പോയിന്റ് (മത്താ. 18:20; 28:20).

"ഇടവക" എന്നത് അവന്റെ സഹോദരന്മാരുടെ സഭായോഗത്തെയാണ് സൂചിപ്പിക്കുന്നത്, എന്നാൽ ആ വാക്കിന് ഒന്നാം നൂറ്റാണ്ടിൽ ലൗകികമായ അർത്ഥമുണ്ടായിരുന്നു (പ്രവൃ. 19:41). തന്റെ സ്വന്ത രക്തം കൊടുത്തു കർത്താവ് സഭ വിലയ്ക്ക് വാങ്ങുന്നതിനു മുൻപ് മത്തായി 26:30 ൽ അപ്പൊസ്തലന്മാരോടൊപ്പം യേശുവുമുണ്ടായിരുന്നു (പ്രവൃ. 20:28; ഏഎസ്‌വി). എങ്ങനെയായാലും, എബ്രായ ലേഖനം എഴുതിയപ്പോഴേക്ക്, *എക്ലേസിയാ* എന്ന വാക്ക് കേൾക്കുമ്പോൾ, ഉടനെ യേശുക്രിസ്തുവിന്റെ സഭയാണ് മനസിലേക്ക് വരുന്നത്.

സഹോദരന്മാരോടുകൂടെയുള്ള പാട്ടുപാടൽ, ഇന്ന് ക്രിസ്ത്യാനികളുമായി ആത്മിയമായുള്ള പാട്ടുപാടലാണ് സൂചിപ്പിക്കുന്നത്. ഈ വസ്തുതയെ, ആത്മിയമായി അവൻ തന്റെ രാജ്യത്തിൽ നമ്മോടുകൂടെ കർത്തൃമേശയിൽ പങ്കുകാരനാകുമെന്നതു താരതമ്മ്യം ചെയ്യാവുന്നതാണ് (മത്താ. 26:29).

**വാക്യം 13. "ഞാൻ അവനിൽ ആശ്രയിക്കും"** LXX ൽ നിന്നുമുള്ള ഉദ്ധരണിയും തർജിമ ചെയ്തത് യെശയ്യാവ് 8:17 ഉം 2 ശമുവേൽ 22:3 മാണ് (സങ്കീർത്തനങ്ങൾ 18:2 കൂടെ നോക്കുക), നാം അത് പലപ്പോഴും യേശുവിനെ ഉദ്ദേശിച്ചാണ് പറയാറുള്ളത്, "അവനെ ഒരു ഇടർച്ചക്കല്ലായി" അവതരിപ്പിക്കും (യെശ. 8:14).[30] യേശു ഭൂമിയിൽ ആയിരുന്നപ്പോൾ, യെശയ്യാവിനെ പോലെ ഒരു പൂർണ്ണ മനുഷ്യൻ ആയിരുന്നതിനാൽ അവന് ദൈവത്തിൽ ആശ്രയിക്കേണ്ടത് അനിവാര്യമായിരുന്നു എന്നു പറയപ്പെടുന്നു. അത് എങ്ങനെയായാലും, "ഞാൻ ദൈവപുത്രൻ ആകുന്നു" എന്ന് മത്തായി 27:43 ൽ ഉപയോഗിച്ചിരിക്കുന്നത് പരിഹാസ്യമായിട്ടാണ്. അപ്പോഴും, അത് ക്രൂശിലെ കർത്താവിന്റെ തുറന്ന ഹൃദയത്തെയാണ് സൂചിപ്പിച്ചത്. ജഡത്തിൽ ആയിരുന്നപ്പോൾ, പരിമിതികളിലും, "അവൻ പൂർണ്ണമായും ദൈവത്തിൽ ആശ്രയിച്ച് ജീവിക്കേണ്ടത് ആവശ്യമായിരുന്നു." അവൻ സംഘടിപ്പിച്ച പുതിയ സമൂഹവും അങ്ങനെ തന്നെ ആയിരിക്കുവാനാണ് അവൻ ആഗ്രഹിച്ചത്.[31]

യേശുവിന് പിതാവിലുള്ള പൂർണ്ണമായ ആശ്രയം സങ്കീർത്തനങ്ങൾ 16:8–11 ൽ ദാവീദിന്റെ വാക്കുകളിൽ കാണാം: "ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു; അവൻ എന്റെ വലത്തുഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങി പോകയില്ല ..." ആ വേദഭാഗം പെന്തെകൊസ്ത് നാളിലെ പത്രൊസിന്റെ, പ്രവൃത്തികൾ 2:25–28 ൽ കാണാം. ക്രൂശിൽ വെച്ച് യേശു തന്റെ പ്രാണനെ പിതാവിങ്കൽ ഭരമേൽപിച്ചപ്പോൾ ആ ആശ്രയം മുഴുവൻ പ്രകടമാക്കി (ലൂക്കൊ. 23:46). ക്രിസ്തുവിന്റെ മനുഷ്യത്വത്തിനാണ് വീണ്ടും ഊന്നൽ

നൽകിയിരിക്കുന്നത്.

യെശയ്യാവ് 8:18 ഉദ്ധരിച്ച് ലേഖകൻ പറഞ്ഞു, **"ഇതാ, ഞാനും യഹോവ എനിക്ക് തന്ന മക്കളും."** ഇത് പ്രവചനത്തിന്റെ ഇരട്ട പ്രയോഗത്തെയാണ് വെളിപ്പെടുത്തിയിരിക്കുന്നത്, കാരണം അത് ആദ്യം ഉദ്ദേശിച്ചത് യിസ്രാ യേൽ മക്കളെയാണ്.[32] ദാവീദിന്റെ വംശാവലിയിൽ വന്ന രാജാക്കന്മാരെല്ലാം ക്രിസ്തുവിന്റെ സ്ഥാനത്തെയായിരുന്നു അലങ്കരിച്ചിരുന്നത്, അതുപോലെ വാസ്തവത്തിലുള്ള ഓരോ പ്രവാചകന്മാരും യേശുവിനെ ആയിരുന്നു പ്ര തിനിധാനം ചെയ്തിരുന്നത്.

ക്രിസ്തുവിന്റെ "പുത്രന്മാർ" അല്ലെങ്കിൽ "മക്കൾ" എന്നത് പുതിയ നിയമത്തിലെ എബ്രായ ഉപയോഗമായിരുന്നു. അവൻ പീഡനം ഏറ്റു എടുക്ക പ്പെടും എന്ന് അവന്റെ "തലമുറയിൽ" ആരും വിചാരിച്ചില്ല എന്നാണ് യെശ യ്യാവ് 53 പറഞ്ഞത് (വാ. 8), എങ്കിലും പ്രവാചകൻ കൂട്ടിച്ചേർത്തു, "... അവൻ അവന്റെ സന്തതിയെ കാണും" (വാ. 10). തന്റെ മരണം, ഉയർത്തെഴുന്നേൽപ്, സ്വർഗാരോഹണം എന്നിവക്ക് ശേഷം ക്രിസ്തു തന്റെ സന്തതിയെ കണ്ടു. "സന്തതി" അഥവാ "മക്കൾ" ആയവർ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ ആശ്രയിക്കുകയാണ്. ക്രിസ്തു തന്റെ മക്കളെ കുറിച്ച് ദൈവത്തോട് തുടർച്ച യായി സംസാരിച്ചുകൊണ്ടിരിക്കുന്നു. സ്വർഗത്തിലെ പിതാവിനോട് അവൻ നമ്മെ പ്രതിനിധീകരിച്ച് മദ്ധ്യസ്ഥത വഹിക്കുന്നു (എബ്രാ. 7:25), നാം ഭൂമിയിൽ അവനെ പ്രതിനിധീകരിക്കുകയാണ്.

എബ്രായ ലേഖനത്തിൽ ഉദ്ധരിച്ച പഴയ നിയമ ഉദ്ധരണികൾ അതിന്റെ സന്ദർഭത്തിൽനിന്നും അടർത്തി മാറ്റിയല്ല ഉപയോഗിച്ചിരിക്കുന്നത്, കാരണം തിരുവെഴുത്തിലെ വലിയ സന്ദർഭത്തിനും അത് യോജിക്കുന്നതാണ്. തന്റെ യെഹൂദ സഹോദരന്മാർ സ്വീകരിക്കേണ്ട വിധത്തിലാണ്, ലേഖകൻ പഴയ നിയമ തിരുവെഴുത്തുകളെ ഫലപ്രദമായി അവതരിപ്പിച്ചത്. ആ ഉദ്ധരണികളിൽ ആദ്യ ത്തേതിനെ കുറിച്ച് ബ്രൂസ് പറഞ്ഞു, "പഴയ നിയമ ഉദ്ധരണികൾ പുതിയ നിയമത്തിൽ ഉപയോഗിക്കുന്ന ഡോഡിന്റെ മാതൃക നല്ലൊരു തത്വമാണ്, അത് തെളിവായി നൽകുന്ന ഒറ്റ-പ്പെട്ട വേദഭാഗമല്ല, അവയുടെ സന്ദർഭങ്ങൾ അന്തർലീനമാക്കുക കൂടെയാണ് ചെയ്യുന്നത്."[33]

ക്രിസ്തു തന്നെത്താൻ താഴ്ത്തി നമുക്ക് വേണ്ടി മരണം ആസ്വദിക്ക കൊണ്ട് നമ്മെ മക്കളും അവകാശികളും ആക്കുവാൻ പ്രാപ്തമാക്കി. അവൻ മരണത്തെ കീഴടക്കിയതുകൊണ്ട് നമുക്ക് നിത്യജീവൻ പ്രാപ്യമാക്കി തീർത്തു. നാം ക്രിസ്ത്യാനികൾ ആകുമ്പോൾ, നാം അവന്റെ സഹോദരന്മാരും വിശു ദ്ധീകരിക്കപ്പെട്ട സഭയിലെ അംഗങ്ങളും ആകുന്നു. ആകയാൽ പിതാവിൽ പൂർണ്ണമായ ആശ്രയം വെച്ച്, നമുക്ക് വേണ്ടി മരിക്കുവാൻ തയ്യാറായവനു വേണ്ടി നമുക്ക് ജീവിക്കാം.

## കഷ്ടമേറ്റ് ഉയർത്തപ്പെട്ട ക്രിസ്തു (2:14–18)

**2:14–16**

**14മക്കൾ ജഡരക്തത്തോടുകൂടിയവർ ആകകൊണ്ട്, അവനും അവരെ പോലെ ജഡരക്തങ്ങളോടുകൂടിയവൻ ആയി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ 15തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു. 16ദൂത**

**ന്മാരെ സംരക്ഷണ ചെയ്യുവാനല്ല അബ്രഹാമിന്റെ സന്തതിയെ സംരക്ഷണ ചെയ്യുവാനത്രെ അവൻ വന്നത്. [17]അതുകൊണ്ട് ജനത്തിന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തം വരുത്തുവാൻ അവൻ കരുണയുള്ളവനും ദൈവകാര്യത്തിൽ വിശ്വസ്ത മഹാപുരോഹിതനും ആകേണ്ടതിന്ന് സകലത്തിലും തന്റെ സഹോദരന്മാരോട് സദൃശ്യമായി തീരുവാൻ ആവശ്യമായിരുന്നു. [18]താൻ തന്നെ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവർക്ക് സഹായിപ്പാൻ കഴിവുള്ളവൻ ആകുന്നു.**

ക്രിസ്തുവിനെ കുറിച്ച് ചോദിക്കാവുന്ന ഏറ്റവും വലിയ ചോദ്യം ഇതാണ്: "യേശു എന്തിനാണ് മനുഷ്യൻ ആയത്?" ഈ ചോദ്യത്തിന് ഹൃദയസ്പർശിയായ മൂന്ന് ഉത്തരങ്ങൾ 2:14–18 ൽ കാണാം.

**വാക്യം 14**. ക്രിസ്തുവും അവന്റെ **മക്കളും** ഒരേ കുടുംബത്തിൽ ഒരേ സ്വഭാവത്തിലായി തീരുക എന്നതാണ് ദൈവേഷ്ടം. അതിനാൽ മരണം വരെ യേശു മനുഷ്യജീവിതം നയിക്കേണ്ടത് ആവശ്യമായിരുന്നു. അവൻ പൂർണ്ണമായും നമ്മെ പോലെ ആയിരുന്നു ജീവിച്ചത്. *കൊയ്നോണിയ* എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് **പങ്കിടുക** എന്ന വാക്ക് വന്നത്, അത് "കൂട്ടായ്മ" എന്ന പൊതു വാക്കിനുള്ള ഗ്രീക്ക് വാക്ക് ആണ്.

"മക്കൾ ജഡരക്തത്തിലുള്ളവർ ആകകൊണ്ട്, അവനും അവരുടെ മനുഷ്യത്വം പങ്കിട്ടു ..." എന്നാണ് എൻഐവി പറയുന്നത്. "ആകയും," "പങ്കിടുകയും" ചെയ്യുക എന്ന രണ്ട് ക്രിയകൾ രണ്ട് വ്യത്യസ്ത ഊന്നലുകളാണ് നൽകുന്നത്. ഒന്നാമത്തേത്, "മനുഷ്യവർഗം ഉള്ളേടത്തോളം നിലനിൽക്കുന്ന സ്വഭാവമാണ്." രണ്ടാമത്തേത്, "മനുഷ്യത്വം സ്വയമായി സ്വീകരിക്കൽ."[34] ആരംഭ "ക്രിസ്തീയ" വിഭാഗമായിരുന്ന ഡൊസെറ്റിസം വിശ്വസിച്ചിരുന്നത് യേശു മനുഷ്യനായി *പ്രത്യക്ഷനാകുക* മാത്രമായിരുന്നു, അല്ലാതെ ജഡരക്തങ്ങളിൽ ആയിരുന്നില്ല എന്നാണ്. *ഡോക്കെയോ* എന്ന ഗ്രീക്ക് വാക്കിൽനിന്നാണ് "ഡൊസെറ്റിസം" എന്ന വാക്ക് വരുന്നത്, അർത്ഥം "തോന്നുക" എന്നാണ്. യേശുക്രിസ്തുവിന്റെ പരീക്ഷണങ്ങൾ യഥാർത്ഥത്തിലുള്ളതായിരുന്നു എന്നു കാണിച്ച് എബ്രായ ലേഖനം ആ കാഴ്ച്ചപ്പാടിനെ എപ്പോഴും പ്രതിരോധിച്ചിരുന്നു (4:14–16; 5:8).

**മരണത്തിന്റെ ശക്തി** വാസ്തവത്തിൽ എന്താണെന്ന് ഒരുപക്ഷെ നാം അറിഞ്ഞിരിക്കയില്ല, എന്നാൽ അത് ദൈവത്തിൽനിന്നും ആളുകളെ അകറ്റും എന്നു നമുക്ക് അറിയാം. പാപം ജനിപ്പിക്കുന്നത് സാത്താനാണ്, പാപമാണ് മരണത്തെ കൊണ്ടുവരുന്നത് (റോമ. 6:23; എഫെ. 2:1). നാം പാപം ചെയ്യുമ്പോൾ, ആത്മിയമായി മരിക്കുന്നു, എന്നാൽ ഈ വാക്യത്തിലെ സന്ദർഭം പറയുന്ന മരണം ഭൗതികമാണ് എന്നു തോന്നുന്നു. ഇരുട്ടിന്റേയും മരണത്തിന്റേയും അധികാരി പിശാചാണ് (കൊലൊ. 1:13, 14). യേശുക്രിസ്തുവിന്റെ ഉയർപ്പ് മൂലമാണ് സാത്താൻ പരാജയപ്പെട്ടത്. അത് ഈ ലേഖനത്തിൽ, ഇവിടെ മാത്രമാണ് അവസാന ദൈവസ്തുതിയായി പറഞ്ഞിരിക്കുന്നത് (13:20), അത് 6:1, 2–ൽ അന്തർലീനമാക്കിയിട്ടുണ്ട്.

"വചനം ജഡമായി തീർന്നു" (യോഹ. 1:14), അത് സാത്താന്റെ ശക്തി നശിപ്പിക്കുന്നതിനായിരുന്നു. *കറ്റാർജെയോ* എന്ന ഗ്രീക്ക് തർജിമ ചെയ്തതാണ് **ശക്തി ഇല്ലാതാക്കുവാൻ** എന്നത്, അർത്ഥം ഉന്മൂല നാശം വരുത്തുക എന്നാണ്, കെജെവി തർജിമ ചെയ്തിരിക്കുന്നത് "നശിപ്പിക്കുക" എന്നാണ്. മറിച്ച്,

അതിന് “ഉപയോഗമില്ലാത്ത,” എന്നും അല്ലെങ്കിൽ “ശൂന്യമാക്കുന്ന” എന്നും അർത്ഥം വന്നേക്കാം. സാത്താന്റെ ശക്തിയെ സംബന്ധിച്ച് യോഹന്നാനും അത് തന്നെയാണ് പറഞ്ഞത്. “പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നേ ദൈവ പുത്രൻ പ്രത്യക്ഷനായി” എന്നാണ് ഒന്നു യോഹന്നാൻ 3:8 പറയുന്നത്. യേശു തന്നെത്താൻ തികവുള്ളവനായി ജീവിച്ചുകൊണ്ടാണ് സാത്താന്റെ ഉദ്ദേശത്തെ പരാജയപ്പെടുത്തിയത്. ദൈവ വചനത്താലും അവന്റെ ജീവന്റെ ശക്തിയാലുമാണ് അവൻ സാത്താനെ ബന്ധിപ്പിച്ചത് (മത്താ. 4:1–11). അവൻ ഭൂതങ്ങളെ പുറത്താക്കുന്നതിനു മുൻപ് സാത്താനെ ബന്ധിപ്പിക്കണമായിരുന്നു (മത്താ. 12:22–29). അവസാനം സാത്താനെ മറിച്ചിടുന്നതും ബന്ധിക്കലാണെന്ന് പറഞ്ഞിരിക്കുന്നു. വെളിപ്പാട് 20:7–10 ലാണെന്ന് തോന്നുന്നു സാത്താനെ അവസാനമായി മറിച്ചിടുന്നതായി പറയുന്നത്, കാരണം പിന്നെ “അവനെ ഗന്ധകം കത്തുന്ന തീപൊയ്കയിലേക്ക് തള്ളിക്കളയും” എന്നു പറഞ്ഞിരിക്കുന്നു.

യേശു തന്നെത്താൻ മരണത്തിന് കീഴ്പ്പെട്ടുകൊണ്ടായിരുന്നു യേശു മരണത്തെ കീഴ്പ്പെടുത്തിയത്.[35] സാത്താനെയും, മരണത്തെയും, കല്ലറയെയും, ജയിക്കുവാൻ ക്രിസ്തുയേശുവിൽ ആയി തീരണം (1 കൊ. 15:55–58).

**വാക്യം 15. മരണ ഭയം** ശക്തിയുള്ളതാണ്. അക്കാരണത്താൽ, മറ്റൊന്നിനും ചെയ്യാത്ത പല കാര്യങ്ങളും മനുഷ്യർ ചെയ്തുപോകും. ധൈര്യശാലികളായ ചില ആത്മാക്കൾ അനാദരവിനു മുൻപ് മരണത്തെ നേരെ സ്വീകരിക്കും, എന്നാൽ മിക്കപേരും “മരണ ഭീതിയാൽ” ബലാൽക്കാരത്തിന് ശക്തമായ ഉപകരണമായി തീരും. ക്രിസ്തു നമുക്ക് വേണ്ടി അത് നീക്കം ചെയ്തു എങ്കിൽ, ആർക്കും നമ്മെ മരണ ഭീതിയാൽ ഭീഷണിപ്പെടുത്തുവാനോ, ഭയപ്പെടുത്തി ദോഷം ചെയ്യിക്കുവാനോ സാധ്യമല്ല.

*അപ്പെല്ലാക്സെയി* എന്ന വാക്ക് തർജിമ ചെയ്തതാണ് **സ്വതന്ത്രരാകുക** എന്ന വാക്ക്, അത് ഇവിടെയും ലൂക്കൊസിന്റെ സുവിശേഷത്തിലും മാത്രമാണുള്ളത്. ലൂക്കൊസ് 12:58–ൽ “നിരന്നുകൊൾക” എന്നും പ്രവൃത്തികൾ 19:12 ൽ “വിട്ടുമാറൽ” എന്നുമാണ്. “പ്രായശ്ചിത്തത്താൽ പാപം മോചിക്കുക” എന്നതാണ് ആ വാക്കിന്റെ അർത്ഥം. മരണഭീതി നീക്കുവാൻ തക്ക വിശ്വാസം ഒരാൾക്ക് ഉണ്ടെങ്കിൽ, അത് രക്ഷിക്കുന്ന വലിയ വിശ്വാസം നിങ്ങളിൽ ഉറപ്പിപ്പിക്കും. മരണാവസ്ഥയിൽനിന്ന് ഒരാൾ ക്രിസ്തുവിനോട് ചേരുമ്പോൾ, പിന്നെ അയാൾക്ക് അതിനെ ഭയപ്പെടേണ്ട ആവശ്യമില്ല. തീർച്ചയായും, പിന്നെ മരണമില്ല. ‘‘അവർക്ക് പിന്നെ മരിപ്പാൻ സാധ്യമല്ല, കാരണം അവർ പിന്നെ ദൂതന്മാരെ പോലെയാകുന്നു” (ലൂക്കൊ. 20:36). മാർട്ടിൻ ലൂഥർ പറഞ്ഞു, “മരണത്തെ ഭയപ്പെടുന്നവർ മരിക്കാൻ തയ്യാറാകാത്തവരായതിനാൽ മതിയായ രീതിയിൽ ക്രിസ്ത്യാനിയാകാത്തവരും ആണ്. അത്തരം ആളുകൾ യേശു വാഗ്ദാനം ചെയ്ത പുനരുത്ഥാനത്തിൽ വിശ്വസിക്കാത്തവരും, വരുവാനുള്ള ലോകത്തിനായി ജീവിക്കാതെ, ഈ ജീവിതത്തെ മാത്രം സ്നേഹിക്കുന്നവരുമായിരിക്കും.”[36]

ക്രിസോസ്റ്റം തന്റെ കാലത്ത് ക്രിസ്ത്യാനികൾ പ്രക്ഷുബ്ധാവസ്ഥയിൽ വിലപിക്കുന്നതിനെ വിമർശിച്ചിരുന്നു:

> ഈ ലോകം വിട്ടുപോയവരെ കുറിച്ച്, പരസ്യമായി വിലപിക്കുന്നത് ഞാൻ കാണുമ്പോൾ, അത്തരം വിലാപങ്ങളോടനുബന്ധിച്ചുള്ള കോലാഹല സ്വഭാവങ്ങളും നടക്കും. അത് ജാതികളുടേയും

> യെഹൂദന്മാരുടേയും മറ്റു മതസ്ഥരുടേയും മുമ്പിലാകുമ്പോൾ, എനിക്ക് ലജ്ജയാണ് തോന്നുന്നത്. ഒരു കാരണവുമില്ലാതെ ചെയ്യുന്ന ഈ പ്രവൃത്തി മറ്റുള്ളവരെക്കൊണ്ട് ചിരിപ്പിക്കുക യാണ് ചെയ്യുന്നത് ... നിങ്ങളെല്ലാവരും ഈ ലോകം വിട്ടു പോകുമ്പോൾ കരയാതിരിക്കുവാൻ ദൈവം സഹായിക്കട്ടെ![37]

തങ്ങളുടെ പ്രിയപ്പെട്ടവരുടെ വേർപാടിൽ ആശ്വാസം കണ്ടെത്താതെ കരയു ന്നവർ അവിശ്വാസികളെയാണ് സൃഷ്ടിക്കുന്നത്.

മരണത്തെ ഭയപ്പെടുവാൻ ദൈവം നിശ്ചയിച്ചിരിക്കുന്നത് രണ്ട് കാരണ ങ്ങളാണെന്നാണ് ആൽബർട്ട് ബാർണെസ് പറഞ്ഞത്. ഒന്നാമത്, ആ ഭയമാണ് ആളുകളെ മരണത്തിനായി ഒരുങ്ങുവാൻ പ്രേരിപ്പിക്കുന്നത്. നാം മരണത്തെ കുറിച്ച് ചിന്തിക്കാതിരുന്നാൽ, മരണത്തിന് ആവശ്യമായ ഒരുക്കങ്ങൾ നാം നടത്തുകയില്ല. രണ്ടാമത്, ഭയം ആളുകളിൽ ധൈര്യം കെടുത്തി ആത്മ-ഹത്യ പ്രവണത ജനിപ്പിക്കും. നിരാശകൊണ്ടായിരിക്കാം ആളുകൾ മരണത്തെ അതിജീവിക്കാതെ സ്വന്ത ജീവൻ അവർ എടുത്തുകളയുന്നത്.[38] ഭക്തിയില്ലാ ത്തവർക്കും അനുസരിക്കാത്തവർക്കും “രണ്ടാം മരണം” അതി ഭയാനകമാ യിരിക്കും (വെളി. 20:14, 15; 21:8).

ഒന്ന്, അത് ഒരു സ്വർഗീയ ഭവനം നമുക്ക് ഉള്ളതായി ഉറപ്പ് നൽകിയി രിക്കുന്നു (2 കൊ. 5:1). രണ്ട്, മരണത്തിന്റെ വിഷമുള്ള് നീങ്ങുന്നു (1 കൊ. 15:54, 55). മൂന്ന്, അത് ഭൂമിയിലെ ജീവിതത്തേക്കാൾ “ശ്രേഷ്ഠമായ ഒരു നിത്യ ജീവൻ” നമുക്ക് നൽകുന്നു (ഫിലി. 1:22, 23).

പഴയനിയമത്തിൻ കീഴിൽ ജീവിച്ച യെഹൂദന്മാർക്ക് ആ ഭയം ഒരിക്കലും നീങ്ങിയിരുന്നില്ല. അവരുടെ *മിദ്രാശിൽ* ഇങ്ങനെ പറയുന്നു: “ഈ ജീവിതത്തിൽ മരണം ഒരിക്കലും സന്തോഷിക്കുവാൻ വക നൽകുന്നില്ല.”[39] ഗ്രീക്ക് നാടക കൃത്ത് യൂറിപ്പൈഡ്സ് (സി. 485–406 ബി. സി.) മരണ ഭയം ഇല്ലെങ്കിൽ ആർക്കും ഒരിക്കലും വാസ്തവത്തിലുള്ള അടിമയാകുവാൻ കഴിയുകയില്ല.[40] അത്തരം അടിമത്വത്തിൽനിന്ന് മനുഷ്യരെ യേശു തന്റെ ഉയർത്തെഴുന്നേൽപ്പി നാൽ വിടുവിച്ചു. അവൻ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റതിനാൽ നമുക്കും ആ ഉറപ്പുണ്ട്!

**വാക്യം 16. അവൻ ദൂതന്മാരെ സഹായിക്കുന്നില്ല** എന്നത് അക്ഷരികമാ യി, ദൂതന്മാരെ “അവൻ പിടുവിച്ചുകൊള്ളുന്നില്ല” എന്നാണ് സൂചന. ഇതേ ക്രിയ തന്നെയാണ് എബ്രായർ 8:9 ൽ ഉപയോഗിച്ചിരിക്കുന്നത്. “ഞാൻ അവരെ [യിസ്രായേല്യരെ] മിസ്രയിമിൽനിന്നു കൈ പിടിച്ചു കൊണ്ടുവന്നു” എന്ന തിൽനിന്ന് അവരെ സഹായിച്ചു എന്നു സൂചിപ്പിക്കുന്നതാണ് “പിടിച്ചു” എന്ന പ്രയോഗം തെളിയിക്കുന്നത്. റിപ്പാർഡ് ഫ്രാൻസിസ് വേമൗത് തന്റെ തർജിമ യിൽ ഈ ആശയം വ്യക്തമാക്കുന്നു: “തീർച്ചയായും അവൻ തുടർച്ചയായി തന്റെ ദൂതന്മാർക്കായിട്ടല്ല സഹായഹസ്തം നീട്ടുന്നത്, മറിച്ച് അബ്രഹാമിന്റെ സന്തതികൾക്കാണ്.” യേശു എന്താണ് “എടുത്തത്?” “മാനുഷ സ്വഭാവം അവൻ തന്റേത[ാക്കി] മാറ്റി”; അക്കാരണത്താലാണ്, ഫിലിപ് എഡ്കമ്പെ ഹ്യൂഗ്സ് ഇതിനെ ശക്തമായ അവതാര വിവരണ വേദ ഭാഗം എന്നു പറഞ്ഞത്.[41]

മനുഷ്യരെ സഹായിക്കുന്നതിനാണ് യേശു മനുഷ്യനായി ജീവിച്ചത്. അവരെയാണ് **അബ്രഹാമിന്റെ സന്തതി**[കൾ] എന്നു വിശേഷിപ്പിച്ചിരിക്കുന്ന ത്. ആ വിശേഷണം യെഹൂദന്മാരെ മാത്രം ഉദ്ദേശിച്ചുള്ളതല്ല, മറിച്ച് വിശ്വാ

സത്താൽ ദൈവമക്കളാകുന്ന എല്ലാവർക്കും ഉള്ളതാണ്. പഴയ നിയമത്തിൻ കീഴിൽ വിശ്വസ്തരായി ജീവിച്ചവരും "നമ്മെ കൂടാതെ" പൂർണ്ണരാകുന്നില്ല (11:40). ഈ ആശയം പൗലൊസ് ഗലാത്യർ 3:7, 26–29 ൽ പ്രതിപാദിച്ചിട്ടുണ്ട്, "വിശ്വാസികൾ" അത്രെ "അബ്രഹാമിന്റെ മക്കൾ." "ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരാണ്" "വിശ്വാസത്താൽ ദൈവമക്കൾ" ആകുന്നത് പൗലൊസ് ഊന്നി പറഞ്ഞിരിക്കുന്നു (ഗലാ. 3:26, 27). വിശ്വാസികളുടെ പിതാവായ-അബ്രഹാമിന്റെ മക്കളാണ് ആത്മിയമായി എല്ലാ ക്രിസ്ത്യാനികളും.

ദൂതന്മാരെ കുറിച്ച് വീണ്ടും 13:2 ൽ പറയുന്നുവെങ്കിലും, ക്രിസ്തുവും ക്രിസ്തുവിലുള്ള അനുഗ്രഹങ്ങളും ദൂതന്മാരേക്കാളും കുറവുള്ളതാണെന്ന് വാക്യം 16 വ്യക്തമാക്കുന്നു. ഇത് ക്രിസ്തു മനുഷ്യവേഷം എടുത്തത് ആവർത്തിക്കുകയല്ല, മറിച്ച് അവൻ അങ്ങനെ ചെയ്തതിന്റെ കാരണം വ്യക്തമാക്കുകയാണ്. അവൻ വന്നത്, ദൂതന്മാരെ വീണ്ടെടുക്കുവാനോ സഹായിക്കുവാനോ അല്ല, പിന്നെയോ മനുഷ്യരെ സഹായിക്കുവാനാണ്. ദൂതന്മാർക്ക് എല്ലാ സ്വർഗീയമായ അനുഗ്രഹങ്ങളും ഉള്ളതിനാൽ നാം വിചാരിക്കുന്നത് അവർക്ക് ഒരു സഹായത്തിന്റേയും ആവശ്യമില്ല എന്നാണ്. എങ്ങനെയായാലും, അവർ പാപം ചെയ്താൽ അവർക്ക്, അവൻ നൽകിയതിനേക്കാൾ കൂടുതൽ സഹായം ആവശ്യമാണ് (2 പത്രൊ. 2:4). പാപം ചെയ്ത ദൂതന്മാർ, തങ്ങൾ ചെയ്യുന്നത് എന്താണെന്ന് പൂർണ്ണമായും അറിഞ്ഞുകൊണ്ടു തന്നെയാണ് ചെയ്തത്, എന്നാൽ മനുഷ്യർ വഞ്ചിക്കപ്പെടുകയാണുണ്ടായത്. അക്കാരണത്താൽ വിശ്വസികളായ മനുഷ്യർക്ക് പാപമോചനവും പ്രത്യാശയും ഉണ്ട്. "അവൻ ഒരു ദൂതൻ ആയിരുന്നുവെങ്കിൽ ..., യേശു ദൂതന്മാരെ സഹായിക്കുമായിരുന്നേക്കാം. പക്ഷെ അവൻ സഹായിക്കുന്നത് മനുഷ്യരെ ആകയാൽ, അവൻ ഒരിക്കലും ദൂതൻ ആകുകയില്ല."[42]

**2:17, 18**

**[17]അതുകൊണ്ട് ജനത്തിന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തം വരുത്തുവാൻ അവൻ കരുണയുള്ളവനും ദൈവകാര്യങ്ങളിൽ വിശ്വസ്തമഹാപുരോഹിതനും ആകേണ്ടതിന്ന് സകലത്തിലും തന്റെ സഹോദരന്മാരോട് സദൃശ്യനായി തീരുവാൻ ആവശ്യമായിരുന്നു. [18]താൻ തന്നെ പരീക്ഷിതനായി കഷ്ടം അനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവർക്ക് സഹായിപ്പാൻ കഴിവുള്ളവൻ ആകുന്നു.**

**വാക്യം 17.** അബ്രഹാമിന്റെ സന്തതികളെ സഹായിപ്പാനായി, **അവൻ** [നമ്മെ] **പോലെ ആയി തീർന്നു.** അവൻ **സകലത്തിലും** ("എല്ലാ നിലയിലും"; എൻ ആർഎസ്വി). അവൻ നമ്മെ പോലെ എല്ലാ നിലയിലും കഷ്ടതയനുഭവിച്ചു (4:14, 15). അവൻ അനുഭവിച്ച പരീക്ഷണങ്ങളെ കുറിച്ച് ചിന്തിക്കുക: ദാരിദ്ര്യ പരീക്ഷണങ്ങൾ; സഹമനുഷ്യരിൽനിന്ന്; അവന്റെ അമ്മയിൽ നിന്നും സഹോദരങ്ങളിൽനിന്നു പോലും; അവന്റെ സ്നേഹിതന്മാരിൽനിന്ന് മനഃപ്പൂർവ്വമായും; സാത്താനിൽനിന്നുള്ള പരീക്ഷണങ്ങൾ; ദൈവത്താൽ ഉപേക്ഷിക്കപ്പെട്ടതിന്റേയും, ശാരീരിക കഷ്ടതയേറ്റ പരീക്ഷണവും; "താരതമ്യം ചെയ്താൽ, പരീക്ഷണമെന്ന കരിങ്കടലിന്റെ ഉപരിതലം മാത്രമെ നമുക്ക് കാണുവാൻ കഴിയുന്നുള്ളു. യേശു അതിന്റെ ആഴത്തിലേക്ക് ഇറങ്ങി ചെന്നു. അവന് എല്ലാം അറിയാം. നമ്മുടെ ജീവിതത്തിൽ അവൻ സാത്താനെ ശാസിക്കും."[43]

കഷ്ടതയനുഭവിച്ച്, വാസ്തവത്തിൽ അവൻ നമ്മോട് സഹതപിക്കുകയാണ്. അവൻ തികവുള്ള മദ്ധ്യസ്ഥനാണ്. **കരുണയുള്ള വിശ്വസ്തമഹാപുരോഹിൻ** ആകേണ്ടതിനാണ് അവൻ ഇതെല്ലാം സഹിച്ചത്.

"മഹാപുരോഹിതൻ" എന്ന പ്രയോഗം യേശുവിന് തിരുവെഴുത്തിൽ ആദ്യമായി ഇവിടെയാണ് നേരിട്ട് ഉപയോഗിച്ചത്. ക്രിസ്തുവിന്റെ പങ്ക് മഹ ത്തായതും പ്രാധാന്യവുമാണെന്ന് പറയുമ്പോൾ, ഈ ലേഖനം എഴുതുന്ന സമയത്തും യെഹൂദ മഹാപൗരോഹിത്യം നിലവിലുണ്ടായിരുന്നു എന്ന് ഓർക്ക ണം. ആ മനോഹരമായ വർണ്ണനകളും യെഹൂദ മതത്തിലെ ഉയർന്ന സ്ഥാന ങ്ങളുമാകാം ചിലരെ പഴയ നിയമത്തിലേക്ക് തിരിച്ചുപോകുവാൻ പ്രേരിപ്പിച്ചത്.

**ആളുകളുടെ പാപപരിഹാരത്തിന് പക്ഷവാദം ചെയ്യുവാനായിട്ടായി രുന്നു** ക്രിസ്തു മഹാപുരോഹിതനായി സേവനം അനുഷ്ഠിച്ചത്. "പക്ഷവാദം" എന്നത് "നിരപ്പാണ്" (കെജെവി) അല്ലെങ്കിൽ "പ്രായശ്ചിത്തം" (എൻഐവി). യെഹൂദ പുരോഹിതന്മാർ യാഗമർപ്പിച്ചത് ആലങ്കാരികമായിട്ടായിരുന്നു, പക്ഷെ അവന്റെ പ്രവൃത്തി വാസ്തവത്തിൽ പാപങ്ങളെ മോചിപ്പിച്ചിരുന്നില്ല. അവന്റെ സ്ഥാനവും ജോലിയും ആഘോഷപരമായിരുന്നു, ഉദാഹരണമായി, വിശുദ്ധ വസ്ത്രം ധരിക്കൽ, അഹരോന്റെ വംശാവലിയുടെ പിന്തുടർച്ച, ഒന്നാം നൂറ്റാ ണ്ടിൽ, ദേശത്തിന്റെ നീതിന്യായ കാര്യങ്ങളിൽ പങ്കെടുക്കുന്നതു പോലും, ക്രിസ്തുവിന്റെ മഹാ പ്രവൃത്തിയുടെ മുന്നോടിയായിരുന്നു.

"അനുനയിപ്പിക്കൽ" തർജിമ ചെയ്തത് *ഹിലാസ്കോമായി* എന്ന വാക്കിൽനിന്നാണ്, അവരുടെ ദേവന്മാരുടെ കോപം ശമിപ്പിക്കുവാൻ ഗ്രീക്കു കാർ ഉപയോഗിച്ച വാക്കായിരുന്നു അത്-ആ ആശയം പുതിയ നിയമത്തിന് അന്യമായിരുന്നു. നിയമപെട്ടകത്തിൻ അടപ്പിന് ഈ വാക്ക് LXX ൽ ഉപയോ ഗിച്ചിരുന്നു. പ്രായശ്ചിത്ത നാളിൽ "കൃപാസനത്തിന്മേൽ" പാപയാഗ രക്തം തളിക്കുമായിരുന്നു (പുറ. 25:16-22). ക്രിസ്തുവിന്റെ മരണത്തിൽ ദൈവം ആവശ്യപ്പെടുന്ന പരിശുദ്ധി നിറവെറ്റുകയായിരുന്നു.[44] അവന്റെ കഷ്ടത എന്ന ആശയത്തെ ഫിലിപ്പ്സിന്റെ തർജിമയിൽ ഫലപ്രദമായി ബോധ്യപ്പെടുത്തിയി രിക്കുന്നു, "തന്റെ സ്വന്ത പരീക്ഷണത്തിൽ കഷ്ടതയനുഭവിച്ചു ..."

ജനത്തിന്റെ പാപങ്ങൾക്കായി മഹാപുരോഹിതൻ ആണ്ടിലൊരിക്കൽ വിശുദ്ധ സ്ഥലത്ത് പ്രവേശിക്കുമായിരുന്നു. യോൺകിപൂർ എന്ന ദിവസ ത്തിൽ മാത്രമാണ്, ഒന്നാം നൂറ്റാണ്ടിൽ, "യാഹ്വേഹ്" എന്നു വിളിച്ചിരുന്നത് അതിന്റെ ശരിയായ ഉച്ചാരണം നഷ്ടപ്പെട്ടുപോയതിൽ അതിശയിക്കുവാനില്ല!. "യഹോവ" എന്നത് ഒരു സങ്കീർണ്ണപദമാണ്, അതിന്റെ ഉച്ചാരണം പൊതുവിൽ അംഗീകരിച്ചിരുന്നില്ല.

നമുക്ക് വീണ്ടെടുപ്പ് നൽകിയ യേശുവിന്-മുന്നോടിയായിരുന്നു യെഹൂദ പുരോഹിതൻ എന്നു കാണിക്കുക-എന്നതായിരുന്നു ഈ ലേഖനത്തിന്റെ ഉദ്ദേശങ്ങളിൽ ഒന്ന്. ക്രിസ്തുവിൽ "നാം ദൈവത്തിന്റെ നീതി ആകുന്നു" (2 കൊ. 5:18-21). മനുഷ്യരുടെ പാപങ്ങൾക്കുള്ള പ്രായശ്ചിത്തത്തിന് അവന്റെ മനുഷ്യാവതാരം അത്യാവശ്യമായിരുന്നു.[45] പാപപരിഹാരത്തിനായി മനുഷ്യ രിൽനിന്നുള്ള ഏതൊരു മഹാപുരോഹിതൻ ചെയ്തതിനേക്കാളും വലിയ യാഗം അതിന് അനിവാര്യമായിരുന്നു.

നാം ചെയ്ത ലജ്ജാകരമായ പ്രവൃത്തികൾക്ക് പാപക്ഷമ ലഭിക്കുന്ന തുവരെ നമുക്ക് യേശു കൊണ്ടുവന്നതിന്റെ ഫലത്തിന്റെ പ്രസക്തി നമുക്ക് അനുഭവമാക്കുവാൻ കഴിയുന്നില്ല. നമുക്ക് വേണ്ടി മരിക്കാതെ തന്നെ ക്രിസ്തു

വിന് നമ്മുടെ ബലഹീനതകൾ മനസിലാക്കുവാൻ കഴിയുമെങ്കിലും, അവൻ വന്നില്ലായിരുന്നുവെങ്കിൽ, അവൻ നമ്മോടു കാണിക്കുന്ന സഹതാപം നമുക്ക് വിശ്വസിപ്പാൻ പ്രയാസം നേരിടുമായിരുന്നു. "ഒരു ചിത്രം ആയിരം വാക്കുകളേക്കാൾ ഗുണം ചെയ്യും; എന്നാൽ ഒരു പ്രദർശനം 10,000 വാക്കുകളേക്കാൾ ഗുണം ചെയ്യും. അതുകൊണ്ടാണ് യേശു ഭൂമിയിലേക്ക് വരേണ്ടിയിരുന്നത്."[46] നമ്മുടെ വേദനകളെല്ലാം അനുഭവിച്ച്, അവൻ തന്റെ സ്നേഹം നമുക്ക് കാണിച്ചു തന്നു; അതുകൊണ്ട്, നാം പരീക്ഷിക്കപ്പെടുമ്പോൾ, അതെങ്ങനെ പ്രയോജനപ്പെടുത്താമെന്ന് അവൻ നമുക്ക് കാണിച്ചു തന്നു. അല്ലാതെയും അവന്റെ ശക്തിയാൽ നമ്മെ സഹായിക്കാമായിരുന്നു, എന്നാൽ ഇപ്പോൾ അവൻ നമ്മോട് സഹതാപം കാണിപ്പാൻ കൂടുതൽ യോഗ്യനായി തീർന്നു.

**വാക്യം 18.** "സഹായത്തിന് വന്നു," അല്ലെങ്കിൽ "പ്രയോജനത്തിന്" (കെജെവി) എന്നതിനുള്ള ഗ്രീക്ക് വാക്ക് *ബോയെതെയോ* ആണ്, അർത്ഥം, "ആവശ്യമുള്ളപ്പോൾ സഹായം എത്തിക്കുക."[47] 3:1, 2 ൽ തൊട്ടു താഴെ ബന്ധപ്പെടുത്തി ഉപയോഗിച്ച "കൊളുത്ത്" വാക്കുകളാണ് "വിശ്വസ്ത" "മഹാപുരോഹിതൻ" എന്നിവ.[48]

**പരീക്ഷിക്കപ്പെടുന്നവരെ** ക്രിസ്തു സഹായിക്കും. ഈ ലേഖനത്തിന്റെ ഗുണഭോക്താക്കൾ യെഹൂദ മതത്തിലേക്ക് തിരിച്ചു പോകുവാൻ പരീക്ഷിക്കപ്പെട്ടേക്കാം, പക്ഷെ അവരെ അങ്ങനെ പോകാതിരിപ്പാൻ ഉത്തേജിപ്പിക്കുകയാണ് ചെയ്തത്. അവരുടെ മഹാപുരോഹിതൻ എല്ലാ സ്വർഗീയ മഹിമയോടുംകൂടെ ദൈവസന്നിധിയിൽ ഇരുന്ന് അവർക്കായി പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്നു എന്നാണ് അവരോട് പറഞ്ഞത് (എബ്രാ. 7:25). അവൻ നമ്മെപോലെ സകലത്തിലും പരീക്ഷിക്കപ്പെട്ടു എന്ന അറിവ് നമുക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്. ഈ ഒരു ആശ്രയം നമുക്ക് എത്രത്തോളം ഉണ്ട് എന്നതാണ് നമ്മുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുന്നത്!

ഒരു തികവുള്ള മഹാപുരോഹിതൻ ആകുവാൻ യേശു കുറെ നാൾ നമ്മുടെ മനുഷ്യത്വം എടുത്തു. ഭൗതികമായ കഷ്ടതയും പരീക്ഷണവും അനുഭവിച്ചറിയുവാൻ അവനെ ദൂതന്മാരേക്കാൾ അൽപം താഴ്ന്ന മനുഷ്യനാക്കി തീർത്തിരുന്നു. തന്റെ സൃഷ്ടിയുടെ ഭാഗമായ മനുഷ്യനായി തീർന്ന് ജീവിക്കുകയും മരിക്കയും ചെയ്ത് മരണത്തിന്റെ ബന്ധനങ്ങളെ നീക്കം ചെയ്തു. ഭൗതികമായ പരീക്ഷണങ്ങൾ സ്വയമായി സ്വീകരിച്ച് നമുക്കായി ക്രൂശിക്കപ്പെട്ടത് അവന് നമ്മോടുള്ള നിസ്തുലമായ സ്നേഹത്തെയാണ് പ്രകടമാക്കിയത്. അവൻ നൽകുന്ന പ്രായശ്ചിത്തം ഇല്ലെങ്കിൽ നാം തീരാ നഷ്ടത്തിലാകുമായിരുന്നു!

## കൂടുതൽ പഠനത്തിന്:
## സാത്താൻ

"മരണത്താൽ" പിശാചിനെ നശിപ്പിക്കുവാനാണ് യേശു വന്നത് (വാ. 14). ആ നാശം പിശാചിന്റെ "ശക്തികളെ" തകർക്കുന്നതായിരുന്നു. ഈ വെളിപ്പാട് ലഭിക്കുന്നതുവരെ സാത്താനെ "മരണ ദൂതൻ" എന്നായിരിക്കാം വിളിച്ചിരുന്നത്. ദൈവവും പിശാചും തമ്മിലുള്ള വലിയ ഏറ്റുമുട്ടലായിരുന്നു ക്രൂശിൽ സംഭവിച്ചത്.[49] യേശു വന്നതിന്റെ മുഖ്യകാരണങ്ങളിൽ ഒന്നായിരുന്നു അത്. സാത്താന്റെ ശക്തി തകർക്കേണ്ടതായിരുന്നു. ലോകത്തിൽ സാത്താൻ ശക്തനായി തുരുന്നു എന്ന ബഹുമതി നാം സാത്താന് നൽകരുത്,

കാരണം ക്രിസ്തു അവനെ പരാജയപ്പെടുത്തി.[50] "പിശാചും സാത്താനും" (രണ്ടിന്റേയും അർത്ഥം, എബ്രായ ഭാഷയിലും, ഗ്രീക്കിലും, ഇംഗ്ലീഷിലും "ആരോപകൻ" എന്നാണ്; വെളി. 20:2). മനുഷ്യരെ പാപത്തിൽ വഞ്ചിച്ചു മരണം കൊണ്ടുവരുന്നത് അവനാണ്.[51] വാസ്തവത്തിൽ, അവൻ എല്ലാ നില യിലും ഒരു വ്യാജനാണ്; കാപട്യക്കാരനാണ്. അവൻ അലറുന്ന സിംഹം പോലെ ആരെ വിഴുങ്ങേണ്ടു എന്ന ചിന്തയാൽ ഓടി നടക്കുകയാണ് (1 പത്രൊ. 5:8), എന്നാൽ അവൻ മശിഹയായ "യെഹൂദ്യയിലെ സിംഹം" അല്ല. (വെളി. 5:5).

മരണം വരുത്തുന്നത് ദൈവമല്ല, പിശാചാണ് എന്ന് യെഹൂദന്മാർ വിശ്വ സിച്ചിരുന്നു. സാത്താനെ കുറിച്ച് യേശു പറഞ്ഞു, "അവനിൽ സത്യം ഇല്ലാ യ്കകൊണ്ട്, അവൻ സത്യത്തിൽ നിലനിൽക്കുന്നില്ല" എന്നു പറഞ്ഞതിൽ, ഒരിക്കൽ അവനിൽ സത്യം ഉണ്ടായിരുന്നു എന്ന് അന്തർലീനമാക്കിയിരിക്കു ന്നു. ആരംഭം മുതൽ അവൻ "ഭോഷ്ക്ക്" പറയുന്നവനും "കുലപാതകി" യു മായി മനുഷ്യരെ പാപത്തിൽ വഞ്ചിക്കുകയും അനന്തരഫലമായി മരണവും വരുന്നു (യോഹ. 8:44). "പിശാചിന്റെ ... ശിക്ഷാവിധി" (1 തിമൊ. 3:6) മറ്റാരിലും വരുത്തുവാൻ അവന് കഴിയുകയില്ല, ആ പ്രയോഗം സൂചിപ്പിക്കുന്നത് "പിശാ ചിന്റെ നിഗളം നിമിത്തം വരുത്തിയ ശിക്ഷാവിധി" എന്ന വീഴ്ച്ചയാണ്. അവൻ ഇപ്പോൾ പരോക്ഷമായിട്ടാണ് നമ്മെ മരണത്തിലേക്ക് തള്ളിവിടുന്നത്.

ദൂതന്മാർ പാപം ചെയ്തപ്പോൾ അവരെ "ന്യായവിധിക്കായി കാപ്പാൻ ഏൽപിച്ചു" എന്നാണ് പത്രൊസ് പറഞ്ഞത് (2 പത്രൊ. 2:4). അവനെ സ്വർഗ ത്തിൽനിന്നു തള്ളിക്കളഞ്ഞതുമുതൽ അവൻ മനുഷ്യരുടെ വീഴ്ച്ചക്കായി പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നത്. ദൈവം എന്തുകൊണ്ടാണ് അവനെ അതിന് അനുവദിക്കുന്നത്, എന്നു നമുക്ക് അറിയില്ല–എന്നാൽ ദൈവം നൽകുന്ന ശക്തി മാത്രമെ സാത്താന് ഉള്ളു എന്നു നമുക്ക് തീർത്തു പറയാം (ഇയ്യോ. 1:12; 2:6). ഒരുപക്ഷെ സാത്താന്റെ പ്രവൃത്തികൾ മനുഷ്യരെ പരീക്ഷിച്ച്, അതിനെ മനുഷ്യർപ്രതിരോധിച്ച് ശക്തരായി ദൈവത്തിന് കൂടുതൽ മഹത്വം കൊടുക്കുവാനായിരിക്കാം ദൈവം സാത്താനെ അതിന് അനുവദിക്കുന്നത് (ഇയ്യോബിന്റെ ജീവിതത്തിൽ പിന്നീട് സംഭവിച്ചതുപോലെ). സാത്താന്റെ നിർദ്ദേശം മൂലമാണ് മനുഷ്യൻ ഭൗതികമായും ആത്മികമായും മരിക്കുന്നത്. ഒരർത്ഥത്തിൽ, അവന് ഈ രീതിയിൽ മനുഷ്യരുടെമേൽ അധികാരമുണ്ട് എന്നു പറയാം. അങ്ങനെ സാത്താൻ ഈ ലോകത്തിന്റെ ദൈവമായി (യോഹ. 12:31; 14:30; 16:11; 2 കൊ. 4:4 നോക്കുക). മനുഷ്യൻ പിന്നെ സാത്താന്റെ അടി മയായി തീരുകയാണ് (യോഹ. 8:34; റോമർ. 6:16).

## പ്രായോഗികത

### ഒഴുകി പോകുവാൻ കാരണമെന്ത്? (2:1–4)

പല ഉറവിടങ്ങളിൽനിന്നാണ് ഒഴുകി പോകുവാനുള്ള അപകടം വരുന്ന ത്. *പഠിച്ച സത്യത്തിന്റെ പ്രാധാന്യം ചിലർ തിരിച്ചറിയുന്നില്ല.* സത്യത്തിനുള്ള വാതിൽ തുറന്നു തരുന്നത് ആത്മാവിന്റെ രക്ഷക്കായിട്ടാണ്, പലരും, തങ്ങ ളുടെ ദൈന–ന്തിന–ജീവിതത്തിൽ ബദ്ധപ്പെട്ടിരിക്കുകയാൽ അത് പലപ്പോഴും കാര്യമാക്കുകയില്ല. അത് അപകടത്തിലേക്കുള്ള പോക്കാണ്. ഫേലിക്സ്, നീതിയെ കുറിച്ചും, ഇന്ദ്രിയ–ജയത്തെ കുറിച്ചും, വരുവാനുള്ള ന്യായവിധിയെ

കുറിച്ചും പൗലൊസിന്റെ മുന്നറിയിപ്പ് കേട്ടിട്ട്, അവഗണിച്ചുകളഞ്ഞു (പ്രവൃ. 24:25). ഫേലിക്സ് അത്തരം കൂടുതൽ അവസരങ്ങൾക്കായി കാത്തിരിക്കുക യായിരുന്നു. “അവസരം കിട്ടുമ്പോൾ” എന്നത് ഒരിക്കലും വരാത്ത സമയ മാണ്. പാപത്തിൽനിന്നു മാനസാന്തരപ്പെടുക എന്നത് ഒരിക്കലും എളുപ്പമല്ല. ഏതൊരവസരത്തിലും പാപത്തിൽ ജീവിക്കുന്നവരോട് നാം വരുവാനുള്ള ന്യായവിധിയെ ഓർപ്പിക്കണം. അനുസരിക്കുവാൻ ആളുകളോട് അപേക്ഷി ച്ചപ്പോഴെല്ലാം പൗലൊസ് ന്യായവിധിയെ കുറിച്ച് പറഞ്ഞിരുന്നു. ന്യായവിധി വരുവാനുള്ളതുകൊണ്ട്, കർത്താവിനെ ഭയപ്പെടേണം എന്ന് അവൻ മനസി ലാക്കിയിരുന്നു (2 കൊ. 5:10, 11).

*പുതിയ നിയമത്തിൽ കൂടുതൽ പാപവും മോചിക്കപ്പെടും എന്നതിനാ ലാണ് ഒഴുകി പോകുവാനുള്ള ഒരു കാരണം.* ദശാംശം കൊടുക്കുന്നതിനെ കുറിച്ച് നാം പഴയനിയമത്തിൽ വായിച്ച് ചിന്തിക്കും, “അത്രത്തോളം കൊടു ക്കേണ്ട ആവശ്യമില്ലാത്ത നിയമത്തിൻ കീഴിൽ ജീവിക്കുന്നതു നിമിത്തം ഞാൻ സന്തോഷിക്കുന്നു.” വാസ്തവത്തിൽ, പുതിയ നിയമത്തിൻ കീഴിൽ ജീവിക്കുന്നവരുടെ ഉത്തരവാദിത്തം കൂടുതലാണ്; ലോകത്തിലെങ്ങും സുവി ശേഷം അറിയിക്കുക എന്ന ഭാരിച്ച ദൗത്യമുള്ളപ്പോൾ യെഹൂദ വ്യവസ്ഥ യേക്കാൾ ഔദാര്യം കാണിക്കേണ്ട സമയമാണ് ഇത്. ചിലർ വളരെ കുറച്ച് കാര്യങ്ങൾ ചെയ്ത് വിശുദ്ധ ജീവിതം വളർത്തുവാനും വിജയിക്കുവാനുമാണ് ആഗ്രഹിക്കുന്നത്. ഒരു മൈൽ ആവശ്യപ്പെടുമ്പോൾ, “രണ്ട് മൈൽ” നടന്ന് സന്തോഷിക്കുവാനാണ് യേശു പഠിപ്പിച്ചത് (മത്താ. 5:41). കൂടാതെ അവൻ നമ്മെ പഠിപ്പിച്ചിരിക്കുന്നത്, നിങ്ങളോട് കൽപിച്ചതൊക്കെയും പ്രമാണിച്ച ശേഷം ഞങ്ങൾ “കൊള്ളരുതാത്ത ദാസന്മാർ” എന്നു വിചാരിച്ചുകൊൾവിൻ (ലൂക്കൊ. 17:10).

*ഈ ജീവിതത്തിലെ സുഖഭോഗങ്ങളിലേക്ക് നാം എളുപ്പത്തിൽ ആകർഷി ക്കപ്പെട്ടേക്കാം, ഒഴുകി പോകുവാനുള്ള ഏറ്റവും വലിയ കാരണം അതായി രിക്കാം.* നമ്മുടെ ഹൃദയങ്ങൾ “പോയി ചിന്തകളാലും ധനത്താലും സംസാര ഭോഗങ്ങളാലും ഞെരുങ്ങി പൂർണ്ണമായി ഫലം കൊടുക്കാതിരിക്കുന്നു” (ലൂക്കൊ. 8:14). പല യുവാക്കളും നല്ല ആവേശത്തോടെ അവരുടെ ആത്മിയ ജീവിതം തുടങ്ങുന്നു, എന്നാൽ അവർ തങ്ങളുടെ വിശ്വാസം ആഴത്തിലേക്ക് പ്രവേശിപ്പിക്കാതിരിക്കുന്നു. അത് മനസിലാക്കാതെ അവർ ഒഴുകിപ്പോകു ന്നു, അവസാനം അവരുടെ ആത്മാക്കൾ നിത്യനാശത്തിലേക്ക് പോകുകയും ചെയ്യും. സുഖം നമ്മെ ദൈവത്തിൽനിന്നും അകറ്റുമ്പോൾ, നാം പ്രത്യാശയി ല്ലാതെ നഷ്ടപ്പെട്ടു പോകും. “എനിക്ക് സമയമില്ല” എന്നു തുടങ്ങിയ ഒഴിക ഴിവുകൾ നിരത്തി തങ്ങൾ തിരഞ്ഞെടുത്ത സുഖത്തെ ന്യായീകരിക്കുവാൻ ശ്രമിക്കും.

സുവിശേഷത്തിന് തുടർച്ചയായി രക്ഷിക്കുവാനുള്ള ശക്തിയുണ്ട് (റോമ. 1:16). ഒരു ശിശുവിനെ ശുദ്ധമാക്കുവാൻ സോപ്പ് ഉപയോഗിക്കുന്ന തുപോലെ, പാപങ്ങളെ കഴുകി കളയുവാൻ ഉപയോഗിക്കേണതാണ് സുവി ശേഷം. ബൈബിളിലെ സമൃദ്ധമായ സത്യം ലോകത്തെ രക്ഷിക്കും; എന്നാൽ മരുന്നു കഴിക്കാതെ രോഗം ഭേദമാകാത്തതുപോലെ, സുവിശേഷം കേട്ട്, അനുസരിക്കാതെ മനുഷ്യർ രക്ഷ പ്രാപിക്കുകയില്ല.

### എന്താണ് പാപം (2:1, 2)

പഴയ നിയമത്തിൽ ആഖാന്റെ അത്യാഗ്രഹത്തിന് മരണശിക്ഷ നൽകിയ ഉദാഹരണം നമുക്ക് കാണാം (യോശു. 7). അതേ മരണശിക്ഷ അനുഭവിച്ച ഒരു ദമ്പതികളായിരുന്ന അനന്യാസിന്റേയും സഫീരയുടേയും ഉദാഹരണം പുതിയനിയമത്തിലും വായിക്കുന്നു (പ്രവൃ. 5). ദൈവത്തിന്റെ പ്രത്യേകമായ ഇഷ്ടത്തെ ലംഘിക്കുന്നതാണ് പാപം. “നിയമ വിരുദ്ധമായി” പ്രവർത്തിക്കുക, അല്ലെങ്കിൽ അതിനെ “ലംഘിക്കുക” എന്നർത്ഥം. ഉപയോഗിച്ചിരിക്കുന്ന വാക്ക് *അനോമിയാ* എന്നാണ്, അക്ഷരികമായ അർത്ഥം, “നിയമത്തിനെതിരായി” എന്നാണ്. പല ക്രിസ്ത്യാനികളും വീണുപോകുമ്പോൾ, അവരുടെ ധാർമ്മിക പോരായ്മകൾക്കായിരിക്കയില്ല ശിക്ഷിക്കുന്നത്, മറിച്ച് അവർ ചെയ്യേണ്ട തായ കാര്യങ്ങൾ ചെയ്യാതിരുന്നതിനായിരിക്കാം. നിത്യ രക്ഷ ഉറപ്പാക്കുവാൻ ക്രിസ്ത്യാനികൾ 2 പത്രൊസ് 1:5–11 ലെ “ക്രിസ്തീയ മനോഗുണങ്ങൾ” കൂട്ടി ച്ചേർക്കണം. ഒരാൾ അത് ചെയ്താൽ “ഒരു നാളും ഇടറി പോകയില്ല” (വാ. 10). ആകയാൽ, പത്രൊസ് പറഞ്ഞ നിബന്ധനകൾ പാലിച്ചാൽ, ഒരു നാളും ഇടറി പോകാത്ത സാഹചര്യം ഉണ്ടാകും. ഒരാൾക്ക് തന്റെ വിശ്വാസത്തോട് പറഞ്ഞ ഉയർന്ന ദിശാബോധം വളർത്തുന്നതിന് ഓരോന്നായി കൂട്ടിച്ചേർക്കു മ്പോൾ, അയാൾ “ധാർമ്മിക ശ്രേഷ്ഠത” കൈവരിക്കുകയും (വാ. 5) ലിസ്റ്റിൽ പറഞ്ഞ പുരോഗതി പ്രാപിക്കുകയും ചെയ്യും.

### വിശുദ്ധന്മാരുടെ പാപങ്ങൾ (2:1–4)

“വിശുദ്ധന്മാരുടെ പാപങ്ങളെ” കുറിച്ച് ഒരു ഉപദേഷ്ടാവ് ഒരു പ്രസംഗ പരമ്പര നടത്തിയതിനെ കുറിച്ച് വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ പറയുക യുണ്ടായി. അദ്ദേഹം കർശനമായും സഭയിലെ ഒരംഗത്തെ കുറിച്ചായിരുന്നു ഊന്നി പറഞ്ഞത്. “എങ്ങനെയായാലും,” ആ അംഗം പറഞ്ഞു, “ക്രിസ്ത്യാ നിയുടെ പാപവും പുറത്തുള്ളവരുടെ പാപവും തമ്മിൽ വ്യത്യാസം ഉണ്ട്.” ഉപദേഷ്ടാവ് അതിന്, “അതെ”, ക്രിസ്ത്യാനിയുടേത് ഏറ്റവും “മോശമാണ്” എന്നു മറുപടി പറഞ്ഞു.[52]

### എങ്ങനെ നാം തെറ്റി ഒഴിയും? (2:3)

2:3 ലെ ചോദ്യം ആലങ്കാരികമാണ്, ഉത്തരവും അർത്ഥവും അന്തർലീനമാ ക്കിയിരിക്കുന്നു. *വലിയ രക്ഷയെ അവഗണിച്ചാൽ ആരും തെറ്റി ഒഴിയുകയില്ല.* ആ ഉത്തരം വ്യക്തമായി 2 തെസ്സലൊനിക്യർ 1:7–9 ൽ നൽകിയിരിക്കുന്നു. വീണ്ടെടുക്കപ്പെടുവാൻ കഴിയാത്ത വിധത്തിൽ ചില ആളുകളുടെ ഹൃദയങ്ങൾ കഠിനപ്പെട്ടിരിക്കുകയാണ്. എബ്രായർ 6:4–6 ഉം 10:26–29 ഉം വായിച്ചാൽ അത് സത്യമാണെന്ന് തെളിയും. ചിലർ “അവരുടെ മനസാക്ഷിയിൽ ചൂട് വെച്ച വരാകും” എന്ന് പൗലൊസ് 1 തിമൊഥെയൊസ് 4:1–3 ൽ പറഞ്ഞിരിക്കുന്നു, അവർ സത്യത്തിനു പകരം ഭോഷ്ക്ക് സംസാരിക്കും. ചില മൃഗങ്ങളുടെ മുടി പുറകോട്ട് വളരാതെ മറഞ്ഞിരിക്കുന്നതുപോലെ, ചിലരുടെ മനസാക്ഷി മാന സാന്തരപ്പെടാതെ കഠിനപ്പെട്ടിരിക്കും. ഒരു കവി എഴുതി,

> എപ്പോഴാണ് എന്നറിയാത്ത സമയം നമുക്ക് ഉണ്ട്
> 	എവിടെയായിരിക്കുമെന്ന് അറിയാത്ത ഒരു പോയിന്റ് ഉണ്ട്,
> അത് മനുഷ്യന്റെ ലക്ഷ്യസ്ഥാനം അടയാളപ്പെടുത്തുന്നു,

ഒന്നുകിൽ മഹത്വത്തിന്, അല്ലെങ്കിൽ നിരാശക്ക്.

നമുക്ക് കാണുവാൻ കഴിയാത്ത ഒരു സമയമുണ്ടാകും,
എല്ലാ പാതകളും മറി കടക്കേണ്ടതായിട്ടുണ്ട്,
അത് ദൈവകോപത്തിനും ദൈവത്തിന്റെ
ക്ഷമക്കും ഇടക്ക് മറഞ്ഞിരിക്കുന്ന അതിർവരമ്പാണ്.[53]

ആ അതിർവരമ്പ് മറി കടക്കുന്ന സ്ഥിതിയാണ് എബ്രായർ 6:4-6 വ്യക്തമാക്കുന്നത്. "ദൈവ പുത്രനെ ചവുട്ടി മെതിച്ച്" "മനപ്പൂർവ്വമായി പാപം ചെയ്യുകയും" ആരാധന മുടക്കുകയും ചെയ്യുന്നത് അന്തർലീനമാക്കിയിരിക്കുകയാണ് എബ്രായർ 10:25-29. "ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് എത്ര ഭയങ്കരം!" (10:31). "കർത്താവിനെ ഭയപ്പെടേണം എന്ന് അറിഞ്ഞിട്ട് ഞങ്ങൾ മനുഷ്യരെ സമ്മതിപ്പിക്കുന്നു" എന്നു പൗലൊസ് പറയുവാൻ കാരണം അതുപോലെയുള്ള വേദഭാഗങ്ങളാണ് (2 കൊ. 5:10, 11). നാം അവിശ്വസ്തരായി തീർന്നിട്ട്, ദൈവത്തിന്റെ കൃപ നമ്മെ കാത്തുകൊള്ളും എന്നു പറയുവാൻ സാധ്യമല്ല. വീണുപോകുവാനുള്ള സാധ്യത മുന്നറിയിച്ചിരിക്കുന്ന അപകടത്തെ നാം അറിയാതിരിക്കരുത്. അങ്ങനെ സംഭവിച്ചാൽ നാം ഈ ജീവിതത്തിലും വരുവാനുള്ള ജീവിതത്തിൽ നിത്യമായും നഷ്ടപ്പെടുവാൻ സാധ്യതയുണ്ട്.

**അത്ഭുതങ്ങൾ ആവശ്യമില്ല**

അത്ഭുതങ്ങൾ നിന്നുപോയി; സന്ദേശം പൂർണ്ണമായും ഉറപ്പിച്ചശേഷം അത്ഭുതങ്ങളുടെ ആവശ്യമില്ല. ഉറപ്പിക്കൽ നടപടി ഭൂതകാലത്ത് നടന്നതായി മർക്കൊസ് 16:20 വ്യക്തമാക്കുന്നു. ക്രിസ്ത്യാനികളുടെ വ്യക്തിപരമായ ജീവിതത്തിന് അത്ഭുതങ്ങളുടെ ആവശ്യമില്ല. അതുകൊണ്ടായിരിക്കും തിമൊഥയൊസിന്റെ അജീർണ്ണത മാറുവാൻ "അൽപം വീഞ്ഞു സേവിക്ക" എന്ന് പൗലൊസ് പറഞ്ഞത് (1 തിമൊ. 5:23). "പൗലൊസേ, നിന്റെ അത്ഭുത വരങ്ങളാൽ നീ എന്തുകൊണ്ടാണ് യുവാവായ തിമൊഥെയൊസിനെ സുഖപ്പെടുത്താതിരുന്നത്?" ത്രൊഫിമോസിനെ രോഗിയായി പൗലൊസ് മിലേത്തിൽ വിട്ടേച്ചു പോയി (2 തിമൊ. 4:20). ഇതിന് പൗലൊസിനെ നമുക്ക് ശാസിക്കാമോ?

മുറിവേറ്റ ഒരാളെ ഉടനെ സൗഖ്യമാക്കുവാൻ ആർക്കും ഇന്നു കഴിയുകയില്ല. അങ്ങനെ ചെയ്യുവാൻ കഴിഞ്ഞാൽ അത് ഒരു അത്ഭുതമായിരിക്കും.

**വിശ്വാസ പ്രാർത്ഥന**

ഇന്ന് ക്രിസ്തുവിന്റെ ശക്തിയാൽ രോഗ സൗഖ്യം നൽകുവാൻ കഴിയുന്ന ഉപദേഷ്ടാക്കന്മാർ രോഗം വരുമ്പോൾ പ്രാർത്ഥിക്കുവാൻ അവരുടെ "പാസ്റ്റെർ" (ഏകവചനം) ആണ് വിളിക്കുന്നത്, അല്ലാതെ "മൂപ്പന്മാരെ" (ബഹുവചനം) അല്ല. ആത്മിയ വരങ്ങളുള്ള മൂപ്പന്മാരുടെ വിശ്വാസപൂർവ്വമുള്ള പ്രാർത്ഥന ദീനക്കാരനെ സൗഖ്യമാക്കും എന്ന ഉറപ്പാണ് യാക്കൊബ് നൽകിയത് (1 കൊ. 12:9; യാക്കൊ. 5:14-16). ഇന്ന് രോഗികളായവരോട് "നിങ്ങൾക്ക് മതിയായ വിശ്വാസം ഉണ്ടായാൽ സൗഖ്യം വരും എന്നു പറയുന്നു." എങ്ങനെയായാലും, "വിശ്വാസത്താലുള്ള പ്രാർത്ഥനയെ" കുറിച്ചാണ് യാക്കൊബ് പറയുന്നത്, അതിന്റെ അർത്ഥം പ്രാർത്ഥനയുടെ വിശ്വാസം എന്നാണ്. "പാപ

ത്തിൽ വിശ്വാസത്തോടെ രോഗ സൗഖ്യം നടത്തുവാൻ കഴിവുള്ള ആളുകൾ ഇന്നുണ്ടെങ്കിൽ, പാപത്തിൽ ജീവിക്കുന്നവരെ സൗഖ്യമാക്കുകയും, നിരപരാധിയായ ശിശുക്കൾ രോഗം വന്നു മരിക്കുവാൻ ദൈവം അനുവദിക്കുകയും ചെയ്യുന്നതെന്ത്?" എന്നതാണ് ചോദ്യം. ദൈവത്തിന്റെ വഴികൾ ചിലപ്പോൾ മനസിലാക്കുവാൻ സാധ്യമല്ലെങ്കിലും-അത്ഭുതങ്ങളുടെ ഉദ്ദേശം ദൈവം തിരുവെഴുത്തിൽ വ്യക്തമാക്കിയിരിക്കുന്നു-ആളുകൾ സുവിശേഷത്തിൽ വിശ്വസിച്ച് അനുസരിച്ച് അവർക്ക് നിത്യജീവൻ ഉണ്ടാകേണ്ടതിന്ന് (യോഹ. 20:30, 31). തുടർച്ചയായ ഉറപ്പിക്കലിന്റെ ആവശ്യമില്ല.

മൂപ്പന്മാർക്ക് അത്ഭുത ശക്തികളുണ്ടായിരുന്ന സമയത്തേ് പരിമിതമായിരുന്നതിനെയായിരുന്നു യാക്കൊബ് വിവരിച്ചത്. ഇന്ന് അത്തരം ശക്തികളുള്ള മൂപ്പന്മാർ നമുക്ക് ഇല്ല. അത്ഭുതം സംഭവിക്കുമെന്ന ഉറപ്പുണ്ടായിരുന്നതിനാലായിരുന്നു എണ്ണപൂശി പ്രാർത്ഥിച്ചിരുന്നത്. ചില പ്രത്യേക രോഗശാന്തിക്ക്, ശുദ്ധീകരണത്തിന്റെ അടയാളമായി ആഘോഷമായി വസ്ത്രധാരണവും നടത്തിയിരുന്നു. അത് ഒരുപക്ഷെ "ആനന്ദ തൈലം" ആയിരിക്കാം (സങ്കീ. 45:6, 7; എബ്രായർ 1:8, 9 ൽ ഉദ്ധരിച്ചിരിക്കുന്നു). സങ്കീർത്തനങ്ങൾ 23:5 ൽ അത്തരം ഉല്ലാസത്തിന്റെ അടയാളമായി എണ്ണപൂശി ഭക്ഷണം കഴിക്കുന്ന സമ്പ്രദായത്തെ കുറിച്ചു പറയുന്നു.

"യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും അനന്യൻ തന്നെ." (എബ്രാ. 13:8), എങ്കിലും, അവൻ മുൻപ് ചെയ്തതുപോലെ ഇന്നും അത്ഭുതം ചെയ്യുമെന്ന് ആ വസ്തുത അർത്ഥമാക്കുന്നില്ല. അവൻ ഒരിക്കൽ മനുഷ്യർക്കിടയിൽ നടന്നിരുന്നു, പക്ഷെ അവൻ ഇന്ന് ഭൗതികമായി നമ്മോടൊപ്പം ഇല്ല. ഒരിക്കൽ അവൻ പൊടിയിൽനിന്നു മനുഷ്യരെ ഉണ്ടാക്കി, ഇന്ന് അവൻ അങ്ങനെ ചെയ്യുന്നില്ല. ക്രിസ്തു എല്ലായ്പോഴും ഒരേപോലെയാണ്, പക്ഷെ അവൻ എപ്പോഴും ഒരേപോലെ അല്ല പ്രവർത്തിക്കുന്നത്.

**ആളുകൾക്കായുള്ള ദൈവത്തിന്റെ കരുതൽ (2:6–8)**

വസ്തുവിനെ നോക്കുമ്പോൾ, ദൈവം തന്റെ അപ്രമേയമായ മാഹാത്മ്യത്താൽ, ഏറ്റവും ചെറിയതുപോലും കരുതി, ഭൂമിയിലെ പൊടിയെ പോലും സൂക്ഷിക്കുന്നവനാണ് എന്നത് എത്ര അത്ഭുതകരമാണ്! ചെറിയ ദൂരദർശിനിയും ശാസ്ത്രീയ പുരോഗതിയും നിമിത്തം നമുക്ക് മനസിലാക്കുവാൻ കഴിയാത്ത ശൂന്യകാശത്തെ പോലും കാണുവാൻ കഴിയുന്നു. നമ്മുടെ സൗരയൂഥത്തിന്റെ കേന്ദ്രം എന്നു പറയുന്നത് താരതമ്യേന അപ്രധാനമായ സൂര്യനാണ്. നമ്മുടെ താരവ്യൂഹത്തിൽനിന്ന് 35,000 പ്രകാശവർഷം അകലെയാണ് നമ്മുടെ സൂര്യൻ എന്നാണ് പറയപ്പെട്ടിട്ടുള്ളത്. പ്രപഞ്ചത്തിന്റെ മുഴുവൻ സൃഷ്ടികർത്താവായ ദൈവം നമ്മുടെ ചെറിയ ഗോളമായ ഭൂമിയിൽ അവന്റെ പുത്രൻ എന്ന വ്യക്തിയിൽ വന്നു.

2002 ലെ *ന്യൂസ്‌വീക്ക്* മാഗസീനിനൽ സൂര്യനെ കുറിച്ചുള്ള ഒരു റിപ്പോർട്ട് വിവരിച്ചത്, "ശാസ്ത്രജ്ഞന്മാർക്ക് ഇതുവരെയും കാണുവാൻ കഴിയാതിരുന്ന [സൗരയൂഥ മിന്നൽ] കഴിഞ്ഞ വർഷം സ്വതന്ത്രമാക്കി." സൗരയൂഥത്തിലേക്ക് "മരണകരമായ വായുടെ" വിശാലമായ വികിരണങ്ങൾ "വലുതായി നിഷ്ക്കാസനം" ചെയ്യപ്പെട്ടു! നൂറുകണക്കിനും ദശലക്ഷക്കണക്കിനും മൈലുകൾ ആ തീജ്വാല പടർന്നു. ഭാഗ്യവശാൽ സൗരയൂഥം വലുതും ഭൂമി വളരെ ചെറുതുമാണ്. ആ മിന്നൽ നമ്മെ ബാധിച്ചില്ല-എന്നാൽ എപ്പോഴും അങ്ങനെ

ആകണമെന്നില്ല. “നേരിട്ടു ഏറ്റു മുട്ടിയാൽ ഫലം അനിയന്ത്രിതമായ ഊർജ്ജ വിസ്ഫോടനം ആയിരിക്കും, അങ്ങനെ ആശയവിനിമയം നഷ്ടപ്പെടുകയും, [അവിശ്വസനിയമായ] അരുണോദയ പ്രഭയായിരിക്കും എന്നു പറയേണ്ട ആവശ്യമില്ല.” “പ്ലൂമിന്റെ ഏറ്റവും വലിയ നാശം വിതക്കുവാനും സാധ്യതയുണ്ട്” എന്ന് ആ എഴുത്തുകാരൻ പറയുന്നു. പക്ഷെ “വിചിത്രമായ കാര്യങ്ങൾ സംഭവിക്കുന്നത് ബഹുദൂരെ ആയിരിക്കും”[54] എന്നും പറഞ്ഞിരിക്കുന്നു. അത്തരം വിസ്ഫോടനത്താൽ ഭൂമിയെ ദൈവത്തിന് നശിപ്പിക്കുവാൻ കഴിയും എന്ന് ഊഹിക്കുവാൻ പ്രയാസമില്ല (2 പത്രൊ. 3:10–13). ദൈവത്തിന് ഒരു വാക്കിനാൽ ലോകത്തെ മുഴുവൻ നശിപ്പിക്കുവാൻ അധികം സമയം ആവശ്യമില്ല, പക്ഷെ അതിനിടക്ക് അവൻ ആളുകൾക്ക് മാനസാന്തരപ്പെടുവാൻ അവസരം നൽകുകയാണ് (2 പത്രൊ. 3:9). പ്രപഞ്ചത്തെ നിയന്ത്രിക്കുന്നത് ദൈവമാണ്.

**മാനസാന്തരപ്പെടുവാനുള്ള സമയം (2:9, 10)**

എന്തു സംഭവിച്ചാലാണ് ദുഷ്ടമനുഷ്യർ മാനസാന്തരപ്പെടുക? ചികിൽസിച്ച് ഭേദമാക്കുവാൻ കഴിയാത്ത മാരകമായ എയിഡ്സ് പോലെയുള്ള രോഗങ്ങൾ വരേണമോ, അത്തരം സംഭവങ്ങൾ മനുഷ്യരെ ഇരുത്തി ചിന്തിപ്പിക്കുമോ? അമേരിക്കയിലെ, ന്യൂയോർക്ക് പട്ടണത്തത്തിലെ പെന്റഗണിലും പെൻസിൽവാലിയയിലും 2001, സെപ്തംബർ 11 ലെ തീവ്രവാദി ആക്രമണം സംഭവിച്ച് അനേകായിരങ്ങളുടെ ജീവൻ എടുത്തപ്പോൾ, അമേരിക്കക്കുരുടെ ചിന്ത ആത്മിയ വീക്ഷണത്തിലേക്ക് ഉയർന്നിരുന്നു. ഇപ്പോൾ അത് ഏതാണ് മറന്ന ലക്ഷണമാണ്, എന്നാൽ അടുത്ത ഒരാക്രമണം ഉണ്ടായാൽ, ആളുകൾ പഴയതുപോലെ നവോത്ഥാനത്തിലേക്ക് തിരിയും. അല്ലെങ്കിൽ വലിയ നാശവും മരണവും സംഭവിക്കുന്ന കൊടുങ്കാറ്റോ ഭൂമികുലുക്കമോ ഉണ്ടാകണം. ഇത്തരം അപകടങ്ങൾ സംഭവിക്കുമ്പോൾ, ആളുകൾക്ക് സ്വയം രക്ഷപ്പെടുവാൻ കഴിയുകയില്ല എന്ന തിരിച്ചറിവിനാൽ, ആളുകൾ വാസ്തവത്തിലുള്ള ഏകസത്യ ദൈവത്തിലേക്ക് തിരിയും! ലൂക്കൊസ് 13:1–5 ൽ യേശു, ആളുകളെ മാനസാന്തരത്തിലേക്ക് നയിക്കുന്ന ആകസ്മികവും മനപ്പൂർവ്വവുമായ മരണത്തെ കുറിച്ച് പറഞ്ഞു. മരിച്ച ദുഷ്ടന്മാർ ജീവനോടെ ശേഷിച്ചവരേക്കാൾ കുറ്റക്കാരായിരുന്നു എന്ന് യേശു പറഞ്ഞു, പക്ഷെ അവരുടെ നാശം നമുക്ക് മാനസാന്തരപ്പെടുവാനുള്ള ഒരു ഗുണപാഠമാണ്. യേശു അന്നു ഉപയോഗിച്ചതുപോലെ ഇന്ന് ആനുകാലികമായി സംഭവിക്കുന്ന കാര്യങ്ങൾ എടുത്ത് ആളുകൾക്ക് മാനസാന്തരപ്പെടുവാനുള്ള അവസരമായി പഠിപ്പിക്കാം.

**പാപമോചന നീതീകരണം (2:9, 10)**

മനുഷ്യരെ മറ്റേതെങ്കിലും വിധത്തിൽ രക്ഷിപ്പാൻ കഴിയുമായിരുന്നുവെങ്കിൽ, തന്റെ പുത്രന്റെ മരണം ഒഴിവാക്കുവാൻ അവനു കഴിയുമായിരുന്നു. മനുഷ്യരുടെ പാപങ്ങൾക്ക് മറ്റേതു വിധത്തിലാണ് ദൈവത്തിനു മറുവില കൊടുക്കുവാൻ കഴിയുക? നമ്മുടെ ഒരു പാപത്തിനു പോലും മറുവില കൊടുക്കുവാൻ കഴിയാത്ത വിധം ഭയങ്കരവും അസംഖ്യവുമാണ് നമ്മുടെ പാപങ്ങൾ.

ദൈവത്തിന് നമ്മോടുള്ള സ്നേഹം നിമിത്തം, നമ്മുടെ പാപക്കടം തീർക്കുവാൻ അവൻ ഒരു വഴി കണ്ടെത്തി. അപ്രകാരമുള്ള വിലകൊടുപ്പാൻ ഒരു തികഞ്ഞ യാഗം അനിവാര്യമായിരുന്നു. ആ നിലവാരം നിറവേറ്റുവാൻ അവന്റെ പുത്രൻ തന്നെ വേണമായിരുന്നു. മനുഷ്യ വേഷം എടുത്ത് ഭൂമിയിൽ

ജീവിപ്പാനും പാപികൾക്കായി മരിപ്പാനും, പുത്രനായ ക്രിസ്തു സ്വയം സമ്മതിച്ചു. അങ്ങനെ, അവൻ "അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്ന് ... അവൻ നമുക്ക് വേണ്ടി പാപം ആക്കി" (2 കൊ. 5:21).

ക്രിസ്തീയ വ്യവസ്ഥയനുസരിച്ച് ദൈവത്തിന്, കടം തീർക്കുവാനുള്ള വഴിയാണ് യാഗം. പാപങ്ങൾക്കുള്ള യാഗം അർപ്പിക്കാതെ, അതിനുള്ള വില കൊടുക്കാതെ, ചിലരെ രക്ഷിക്കുകയും ചെയ്യുവാൻ തീരുമാനിക്കുന്ന മതങ്ങളാണ് മിക്കതും. ആകയാൽ അവർക്ക് വേദശാസ്ത്രപരമായി ദൈവ നീതി എന്ന ഒരു വ്യവസ്ഥ തന്നെ ഇല്ലാതിരിക്കുന്നു. അതിനാൽ, "ഞാൻ നല്ലവൻ ആയതുകൊണ്ട്, എല്ലാം ക്ഷമിച്ചു തന്നിരിക്കുന്നു" എന്ന മറുവിലയുടെ സ്വീകാര്യതയാണ് ക്രിസ്തീയ ആശയം (റോമ. 3:23-26).

**ക്രിസ്തുവിന്റെ കഷ്ടതക്കുള്ള എതിർപ്പുകൾ (2:10)**

പല യെഹൂദന്മാരും അവരുടെ മശിഹ കഷ്ടതയേറ്റു മരിക്കുക എന്നത് അവമാനമായിട്ടാണ് കണ്ടിരുന്നത്. അത് തിരുവെഴുത്തിൻപ്രകാരമാണെന്നും അവരുടെ പ്രയോജനത്തിനായിരുന്നു എന്നും അവർ അറിയണമായിരുന്നു. യെഹൂദന്മാർ സഹിച്ചതുപോലെ, തങ്ങളുടെ രാജാവും സ്വയമായി കഷ്ടതയേറ്റ് മരിക്കുന്നതിന്റെ പൊരുൾ ക്രിസ്ത്യാനികളായവർക്ക് പോലും, നൂറ്റാണ്ടുകളോളം മനസിലായിരുന്നില്ല. ആളുകളുടെ ഹൃദയങ്ങൾ തണുപ്പിക്കുന്നതിനും തന്നോട് അടുക്കുവാനും അവർക്ക് വേണ്ടി മറ്റൊരു വ്യക്തി പ്രവർത്തിക്കണം എന്നു ദൈവത്തിന് അറിയാമായിരുന്നു. അവയെല്ലാം "അനേകരെ ദൈവതേജസിലേക്ക് നടത്തുന്നതിനായിരുന്നു" (വാ. 10)-ശലോമോന്റെ മഹത്വത്തേക്കാൾ എത്രയോ മടങ്ങ് വലുതാണ് അത്. കുറച്ചുപേരെ മാത്രം രക്ഷിക്കുവാൻ ദൈവം ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല, മറിച്ച് എല്ലാവരേയും മാനസാന്തരത്തിലേക്കു നടത്തുവാനായിരുന്നു (1 തിമൊ. 2:4; 2 പത്രൊ. 3:9). ദൈവം നമുക്കായി അവതരിപ്പിച്ചിരിക്കുന്ന പദ്ധതിയേക്കാൾ ഉയർന്ന ഒന്ന് സ്വയം-മനസിലാക്കിയ ജ്ഞാനം ഉള്ള ഏതൊരാൾക്കും കഴിയുകയില്ല (യോഹ. 12:32). എല്ലാവരേയും തന്നോട് അടുപ്പിക്കുവാൻ ഇന്നും സുവിശേഷം പ്രസംഗിക്കുക എന്നതാണ് ദൈവത്തിന്റെ വഴി (യോഹ. 6:44, 45).

**ക്രിസ്തുവിന്റെ സ്ഥാനത്ത് (2:11)**

മത്തായി 25:40 ൽ യേശു വിസ്മയമായ ഒരു പ്രസ്താവന നടത്തിയത് എന്തെന്നാൽ ഒരാൾ ക്രിസ്തുവിലുള്ള ഒരു സഹോദരനെ സഹായിക്കുന്നത് അയാൾ ക്രിസ്തുവിനെ സഹായിക്കുന്നതിന് തുല്യമാണ്. നാം മറ്റൊരാൾക്ക് ഒരു ധർമ്മോപകാര പ്രവൃത്തി ചെയ്തിട്ട്, "നാം അയാൾക്ക് ക്രിസ്തുവായി തീർന്നു" എന്നു വിചാരിച്ചാൽ, നമുക്ക് തെറ്റിപ്പോയി. നിങ്ങൾക്ക് ആ വ്യക്തി ക്രിസ്തുവായി *തീരുകയാണ്*! നാം നമ്മുടെ സഹോദരീസഹോദരന്മാരോട് ശരിയായി പെരുമാറുമ്പോൾ, അവരുടെ ഗുണത്തിനായി നാം ത്യാഗം അനുഷ്ഠിക്കുമ്പോൾ പോലും, നാം ക്രിസ്തുവിനെ തിരിച്ചറിയിക്കുകയാണ്. നിങ്ങൾ ക്രിസ്തുവിനെ കാണുവാൻ ഇഷ്ടപ്പെടുന്നുവോ? അവൻ നിങ്ങളെ "സഹോദരൻ" എന്നു വിളിക്കുവാൻ ഇഷ്ടപ്പെടുന്നുവോ? എങ്കിൽ ഇന്നു തന്നെ ക്രിസ്തുവിലുള്ള ഒരു സഹോദരനോ സഹോദരിക്കോ ഉള്ള അത്യാവശ്യം കാണുകയും അത് നിറവേറ്റുകയും ചെയ്യുക. അങ്ങനെ നിങ്ങൾ ചെയ്യുമ്പോൾ നിങ്ങൾ ക്രിസ്തുവിനെയാണ് സേവിക്കുന്നത്!

**മരണം: സാത്താന്റെ മുഖ്യ ശക്തി (2:14, 15)**

ക്രിസ്തു മടങ്ങി വരുന്നതിന് മുമ്പു, അവസാനത്തെ തലമുറ പോലും മരണത്തിന് വിധേയരാകും എന്നത് തീർച്ചയാണ് (എബ്രാ. 9:27; 1 തെസ്സ. 4:13–17). മരണത്തെ കുറിച്ച് ഗൗരവമായി ചിന്തിക്കുന്നവർ അൽപ വിശ്വാസികളാണെങ്കിൽ, അവരിൽ യുക്തിരഹിതമായി ഭയം വർദ്ധിക്കും. മരിക്കുന്നതിനെ ഓർത്ത് ഭയപ്പെടുക എന്നത് സ്വാഭാവികമാണ്, പക്ഷെ അനാവശ്യമാണ്.

ഞാൻ യുവാവായിരുന്നപ്പോൾ, എന്റെ വെല്യമ്മ മരണത്തെ സാധാരണ ഗതിയിൽ കണ്ടപ്പോൾ എനിക്ക് ഞെട്ടലാണ് ഉണ്ടായത്. അർക്കൻസാസിലെ ക്രബ്ബ്സ് സഭാ മന്ദിരത്തിന്റെ പിന്നിലായിരുന്ന അവരുടെ വീടിന്റെ മുൻഭാഗത്തിരുന്ന് വെല്യമ്മ പറഞ്ഞു, "ഞാൻ തികച്ചും മരിക്കുവാൻ ഒരുങ്ങിയിരിക്കുകയാണ്. ഞാൻ കാത്തിരിക്കുകയാണ്, എനിക്ക് ഒരു പേടിയുമില്ല." അവർ എവിടെ എത്തേണമോ, അത്രത്തോളം അവരുടെ വിശ്വാസം എത്തിയിരുന്നു; തന്റെ ഇടയൻ തന്നോടുകൂടെ "മരണനിഴലുള്ള താഴ്വരയിലും" ഉണ്ടായിരിക്കും എന്ന ഉറപ്പ് അവർക്ക് ഉണ്ടായിരുന്നു. ആ ഒരു വിശ്വാസം എന്നിൽ ആർജ്ജിക്കുവാൻ ഞാൻ ആഗ്രഹിച്ചു എങ്കിലും, എനിക്ക് അതിന് കഴിഞ്ഞിരുന്നില്ല. മുപ്പത്തിയെട്ടു വർഷം കഴിഞ്ഞപ്പോൾ, ഞാൻ അതിനോട് അടുത്തിരിക്കുന്നു-എന്നാൽ സത്യസന്ധമായി പറഞ്ഞാൽ-എന്റെ വിശ്വാസം അത്രത്തോളം വളർന്നോ എന്ന് സംശയമാണ്.

1999 ൽ, എനിക്ക് അതികലശലായ ഒരു പനിയുണ്ടായി, മരണം അതിന്റെ വഴിക്ക് വന്നുകൊണ്ടിരിക്കുന്നു എന്നാണ് എനിക്ക് തോന്നിയത്. എങ്ങനെയായാലും, മൂന്നു വാഹനങ്ങളിലായി, എന്റെ ഭാര്യയും മക്കൾ എല്ലാവരും, മരുമകനുമായി യാത്ര ചെയ്തപ്പോൾ പ്രതീക്ഷിക്കാത്ത ഒരു സമാധാനം എന്നിലേക്ക് വന്നു. "ഇതാണ് സമയമെങ്കിൽ, എനിക്ക് ദൈവത്തോടും എന്റെ ഭാര്യയോടുമുള്ള വിശ്വാസം പ്രബലപ്പെടേണ്ട സമയമാണ്." ആ അവസരത്തിലും മുൻപ് ഒരിക്കൽ വാഹനാപകടം ഉണ്ടായപ്പോഴുമാണ് ഞാൻ മരണത്തെ കുറിച്ച് ഗൗരവമായി ചിന്തിച്ചത്. മരണ ഭീതി എനിക്ക് യേശുവിലുള്ള വിശ്വാസം ദുർബ്ബലപ്പെടുത്തിക്കൊണ്ടിരുന്നു. നമുക്ക് പ്രായമാകുമ്പോൾ, പ്രത്യേകിച്ച് നമ്മുടെ പ്രിയപ്പെട്ടവർ ഈ ലോകം വിട്ടുപിരിയുമ്പോൾ, പലപ്പോഴും നാം മരണത്തെ കുറിച്ച് ചിന്തിക്കും. മരണത്തിനായി ഒരുങ്ങുവാൻ സമയവും അനുഭവവും നമ്മെ സഹായിക്കുന്നു, ആ അനുഭവങ്ങൾ ദൈവത്തിൽനിന്നുള്ള അനുഗ്രഹമായി നാം കരുതണം-എങ്ങനെയായാലും, ചില സമയത്ത് അത് ബുദ്ധിമുട്ട് നേരിടുന്നതുമാണ് (റോമർ. 8:28). ദൈവത്തിന്റെ വാഗ്ദാനങ്ങളിലുള്ള ആത്മധൈര്യവും വിശ്വാസവുമാണ് നമുക്ക് ആവശ്യമുള്ള ആശ്വാസം നൽകുന്നത്.

**യേശു നമുക്ക് വേണ്ടി എന്ത് കൊണ്ടുവന്നു (2:14, 15)**

കുറെ വർഷങ്ങൾക്ക് മുൻപ് *സമാധാന ശിശു* എന്ന പുസ്കത്തിലെ ഒരു ഭാഗം *റീഡേഴ്സ്* ഡൈജസറ്റ് പുനപ്രസിദ്ധീകരണം നടത്തി.[55] ന്യൂ ഗയാനയിലെ വയൽ പ്രദേശത്ത് മിഷ്ണറി പ്രവർത്തനം നടത്തിയിരുന്ന ഒരാൾ രണ്ട് ഗോത്രങ്ങൾ തമ്മിലുള്ള പോരാട്ടം അവസാനിപ്പിച്ച് സമാധാനം പുനസ്ഥാപിച്ചതിനെയാണ് അത് വിവരിക്കുന്നത്. അവരുടെ ഇടയിൽ മുൻപ് ഉണ്ടായിരുന്നതും എന്നാൽ അവഗണിക്കപ്പെട്ടതുമായിരുന്ന "സമാധാന ശിശു" എന്നു വിളിച്ചിരുന്ന പുരാതനമായ ഒരു ആചാരം അയാൾ മനസിലാക്കി. ഒരു ഗോത്രത്തിലെ കുടുംബത്തിന്റെ ഒരു ശിശുവിനെ എതിർ ഗോത്രത്തിലെ കുടുംബ

ത്തിന് നൽകുമായിരുന്നു, അതുപോലെ ആ ഗോത്രത്തിലെ ഭവനത്തിൽനിന്ന് മക്കളെ ഇപ്പുറത്തെ ഗോത്രത്തിലേക്കും നൽകിയിരുന്നു. അങ്ങനെ അവരുടെ മക്കൾ മുഖാന്തരം അവരെ തമ്മിൽ ബന്ധിപ്പിക്കുകയും സമാധാനം നിലനിർത്തുകയും ചെയ്തിരുന്നു. ആ പാരമ്പര്യപ്രകാരമുള്ള ആചാര സാമ്യം എടുത്തുകൊണ്ട് മിഷണറി യേശു ചെയ്തതിനെ അവർക്ക് വിവരിച്ചുകൊടുത്തു. ദൈവത്തിന്റെ സമാധാന ശിശുവായി, നമുക്ക് വേണ്ടി പാപം ആക്കുവാൻ അവനെ ലോകത്തിലേക്ക് അയക്കുകയും, അവൻ സ്വയമായി നമ്മുടെ പാപങ്ങൾക്ക് യാഗമാകുകയും, അങ്ങനെ പാപത്താലുള്ള ശത്രുത നീക്കി ദൈവവുമായി നമുക്ക് ഒരു സമാധാനപ്രദമായ ബന്ധം പുനസ്ഥാപിച്ചു തന്നു (എഫെ. 2:14).

താഴെ കൊടുത്തിരിക്കുന്ന ചിത്രീകരണം ഡബ്ല്യിയു. ബി. വെസ്റ്റ് ജൂനിയറുടേതാണ്. അടുത്ത സമയത്ത് കുഞ്ഞ് മരിച്ചുപോയ ഒരമ്മയെ ആശ്വസിപ്പിപ്പാൻ മറ്റൊരു അമ്മ വന്നു. കഷ്ടതയും ദുഃഖവും അനുഭവിച്ച അമ്മയെ പല രീതിയിൽ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു. മറ്റൊരമ്മ വന്ന് മന്ദമായി, പറഞ്ഞു, "എനിക്ക് നിങ്ങളുടെ വിഷമവും ദുഃഖവും മനസിലാകും, കാരണം എന്റെയും ഒരു കുഞ്ഞിനെ സെമിത്തേരിയിലെ ചെറിയൊരു കല്ലറയിൽ അടക്കിയിട്ട് അധികം നാളുകളായില്ല." "അവളുടെ സഹതാപം വാക്കുകളേക്കാൾ അധികം ആയിരുന്നു" എന്നാണ് സഹോദരൻ വെസ്റ്റ് അതിനെ കുറിച്ച് പറഞ്ഞത്.

നമുക്കും നമ്മുടെ ദൈവത്തിനും ഇടക്ക് ശക്തമായ സമാധാനവും സംതൃപ്തിയുമാണ് യേശു കൊണ്ടുവന്നത്. അതിലും വലിയ അനുഗ്രഹങ്ങൾ നമുക്ക് ഊഹിക്കുവാൻ പ്രയാസമാണ്. "അത് മാത്രമാണ് മരണ ഭീതി ഇല്ലാതാക്കുന്നതും, ഈ ഒരു പോയിന്റ് ഉറപ്പിക്കുന്നതും-മനുഷ്യന് ദൈവം ആക്കുന്ന ഏതു സ്ഥാനത്തും ജീവിക്കുവാൻ പ്രാപ്തമാക്കുന്നതും."[56]

ലൗകിക വ്യക്തികൾ മരണത്തിൽനിന്ന് ഓടി ഒളിക്കുവാനാണ് ശ്രമിക്കുന്നത്:

> അവർക്ക് അത് ഒഴിവാക്കുവാൻ കഴിയുമെങ്കിൽ അവർ അതിനെ കുറിച്ച് ഒരിക്കലും ചിന്തിക്കുകയില്ല; എന്നാൽ അവരിൽ അത് നിർബ്ബന്ധിക്കുമ്പോൾ, അവരിൽ ജാഗ്രത നിറയുന്നു. അവർ പിന്നെ ആ ചിന്ത വിട്ടുകളയുന്നു. അവർ [മറ്റു ദേശങ്ങളിലേക്ക്] യാത്ര ചെയ്യുകയാണ്; അവർ തങ്ങളുടെ വ്യാപാരത്തിലേക്ക് ഇറങ്ങുന്നു; തങ്ങളുടെ മനസിനെ അവർ നിസാര കാര്യങ്ങളിലേക്ക് തിരിച്ചു വിടുന്നു. ലഹരിയുള്ള പാത്രങ്ങളിലേക്ക് അവരുടെ ഭയത്തെ പകരുകയാണ്; എന്നാൽ യാഥാർത്ഥ്യം നേരിടുമ്പോൾ അവയെല്ലാം മരണത്തെ കൂടുതൽ ഭയാനകമാക്കുകയാണ്.[57]

യെശയ്യാവ് എഴുതി, " 'ദുഷ്ടന്മാർക്ക് സമാധാനം ഇല്ല' എന്നു യഹോവ അരുളിച്ചെയ്യുന്നു" (യെശ. 48:22).

മരണത്തിൽ പ്രകാശമുള്ള ഒരു വശം ക്രിസ്ത്യാനികൾക്ക് കാണുവാൻ കഴിയും: "മാനുഷികരായി, നമ്മുടെ പരിധിയുടെ അവസാനം, ധാർമ്മികമായും, ആത്മികമായും, യാതൊരു വിഭവങ്ങളും അവശേഷിക്കാതിരിക്കുമ്പോൾ, തന്റെ അന്തിമ തേജസുമായിട്ടാണ് തന്റെ 'മക്കൾക്കായി' " യേശു വരുന്നത്.നമ്മുടെ ആനുകാലികർക്ക് ജീവിതത്തിന്റെ സമ്മർദ്ദവും മർത്യതയും മനസിലാക്കുവാൻ കഴിയുന്നില്ല. യേശുവിന് "ഭയങ്കര പരീക്ഷണങ്ങളിൽ ന

മ്മെ സഹായിക്കുവാൻ കഴിയും ... ആത്മിയ നാശത്തിൽനിന്ന് അവന് ന മ്മെ വിടുവിച്ച് വീണ്ടെടുക്കപ്പെട്ട മക്കളായി നിത്യതയിലേക്ക് നയിക്കുവാൻ യേശുവിന് കഴിയും"[58] ഇങ്ങനെയെല്ലാം സഹായിക്കുവാൻ ഒരാൾ ഉണ്ടെന്നത് നമ്മെ മരണ ഭയത്തിൽനിന്നും അകറ്റും.

**"സഹായിക്കുന്നതിന് വരുവാൻ കഴിയും" (2:18)**

"സഹായം" എന്ന വാക്കിന് കെജെവിയിൽ "തുണക്കുക" എന്നാണ്. "ഒരു കുഞ്ഞിന്റെ കരച്ചിൽ കേട്ട് ഓടി ചെല്ലുക" എന്നും അർത്ഥം വരാം.[59] സ്നേഹമുള്ള ഒരു രക്ഷകർത്താവിനെ പോലെ, യേശു ദൈവമക്കളുടെ ഓരോ ആവശ്യ ത്തിനും സഹായവുമായി എത്തും. നാം ആഗ്രഹിക്കുന്നതുപോലെ തന്നെയോ അല്ലെങ്കിൽ നാം വിചാരിക്കുന്നതു തന്നെയോ ലഭിക്കണമെന്നില്ല, പക്ഷെ അത് വരും-നാം ഊഹിക്കുന്നതിനപ്പുറമായിരിക്കും അത് ചിലപ്പോൾ സംഭവിക്കുന്ന ത്. അതിന് ഒരു ഉദാഹരണം ഞാൻ അടുത്ത സമയത്ത് കാണുകയുണ്ടായി. എന്റെ മകളുടെ ഇരട്ടക്കുട്ടികളിൽ ഒരാൾ മുറുമുറുക്കുകപോലും ചെയ്ത സമയത്ത് സഹായത്തിനായി അവരുടെ അമ്മ ഓടി ചെന്നു. ഇടക്കിടക്കുള്ള അവളുടെ സന്ദർശന സമയത്ത് (അതിരുകവിഞ്ഞ ജോലികൾക്ക് അവരുടെ അമ്മയുടെ സഹായം ആവശ്യപ്പെടുമ്പോൾ) ഞാൻ എന്റെ മക്കളെ സഹായി ക്കുവാൻ ഓടി എത്തിയതിനേക്കാൾ "മനസലിവിൽ" അവരുടെ അടുക്കൽ എത്തിയിരുന്നു.

യേശുവും അതുപോലെയാണ് ചെയ്യുന്നത്. സാത്താന്റെ പരീക്ഷണം നേരിട്ട് താൻ ക്രൂശിലേക്ക് പോകുന്നതിനെ പോലും തടഞ്ഞതിനെ നേരിട്ട യേശുവിന് നമ്മുടെ പരീക്ഷണങ്ങൾ നന്നായി അറിയാം. അവൻ സാത്താന്റെ എല്ലാ പരീക്ഷണങ്ങളെയും അതിജീവിച്ചു (മത്താ. 4:8, 9). സാത്താന്റെ അതേ മനോഭാവത്തിലായ പത്രൊസിനെ യേശു സാത്താനേ എന്നു വിളിച്ചാണ് ശാസിച്ചത് (മത്താ. 16:21-23), താൻ മരിപ്പാൻ പോകുന്നു എന്നറിഞ്ഞ് യേശു തന്റെ ശിഷ്യന്മാരോട്, പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു (ലൂക്കൊ. 22:39-46). നാം സാത്താന്റെ വല യിൽ അകപ്പെട്ട് നശിച്ചുപോകാതിരിക്കുവാൻ, അവൻ പിതാവിനോട് നമുക്ക് വേണ്ടി അപേക്ഷിക്കയുണ്ടായി (ലൂക്കൊ. 22:31, 32; എബ്രാ. 7:25).

---

കുറിപ്പുകൾ

[1]എഫ്. എഫ്.ബ്രൂസ്, *ദ എപ്പിസ്റ്റിൽസ് ടു ദ ഹീബ്രൂസ്,* ദ ന്യൂ ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1964), 27. [2]പഴയ നിയമത്തിലെ പിതാക്കന്മാരാടെ കാലത്തെ ആചാരങ്ങളെ മനുഷ്യരിൽനിന്നുള്ള കോഡുകളും പിതാക്കന്മാരുടെ കാല ത്തോടടുത്തുണ്ടായിരുന്ന *നുസി*യും. [3]ജെയിംസ് മുഫാറ്റ്, *ഏ ക്രിട്ടിക്കൽ ആന്റ് എക്സെജെറ്റിക്കൽ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽസ് ടു ദ ഹീബ്രൂസ്* (ന്യൂയോർക്ക്.: ചാൾസ് സ്ക്രിബ്നേഴ്സ് സൺസ്, 1924; റീപ്രിന്റ് എഡിൻബറോ: ടി & ടി ക്ലാർക്ക്, 1952), 18. [4]ഇന്ന് യേശുക്രിസ്തു എന്ന നീൽ ആർ ലൈറ്റ്ഫുട്ടിന്റെ രചനയിൽ, എബ്രായ ലേഖനത്തിലും, ഫിലോയുടെ എഴുത്തിലും, യേശുവിന്റെ ഉപദേശത്തിലും ഈ വിധ ത്തിലുള്ള ഉപയോഗങ്ങൾ കാണാം: *ഏ കമെന്ററി ഓൺ ദ ബുക്ക് ഓഫ് ഹീബ്രൂസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1976), 81. [5]ഫിലിപ് എഡ്ജ്കുമ്പെ

ഹൂഗ്സ്, *ഏ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽസ് ടു ദ ഹീബ്രൂസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977), 76. [6]ആ വരങ്ങളുടെ കണക്കെടുപ്പിന് 1 കൊരിന്ത്യർ 12:4–11, 28–30 നോക്കുക. [7]ജെയിംസ് ഡി. ബെയിൽസ് *സ്റ്റഡീസ് ഇൻ ഹീബ്രൂസ്* (ഷ്രീറിപ്പോൾട്ട്, എൽഏ., ലാമ്പെർട്ട് ബുക്ക് ഹൗസ്, 1972), 29. [8]ഫിലോ: *ഓൺ ദ അൺചെയിഞ്ചബിൾനെസ് ഓഫ് ഗോഡ്* 74: *കൺസേണിങ്ങ് നോവാസ് വർക്ക് ആസ് എ പ്ലാന്റർ* 90; *ഓൺ ഡ്രങ്കൺനെസ്* 61. [9]ബ്രൂസ്, 35. [10]ജിമ്മി അലെൻ *ഏ സർവേ ഓഫ് ഹീബ്രൂസ്* (സിയേഴ്സി, ആർക്ക്.: ബൈ ദ ആദർ, 1980), 37.

[11]റോബർട്ട് മില്ലിഗൺ, *ഏ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്* ന്യൂടെസ്റ്റമെന്റ് *കമെന്ററീസ്* (സിൻസിനാറ്റി: ചെയിസ് ആന്റ് ഹാൾ, 1876; റീപ്രിന്റ്, നാഷ്വിലേ: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1975), 99. [12]മൂല വാക്ക് *എപലിസ്കെപ്റ്റോമായി* എന്നാണ്, അത് *എപിക്സ്കോപോസ്* എന്ന നാമത്തിന്റെ വകഭേദമാണ്. അർത്ഥം, "സംരക്ഷിക്കുന്നവൻ" അല്ലെങ്കിൽ, "നോക്കുന്നവൻ"എന്നാണ്. [13]മില്ലിഗൺ, 99. [14]വാരെൻ ഡബ്ല്യിയു. വിയേഴ്സ്ബേ, ബി കോൺഫിഡെന്റ്, ആൻ എക്സ്പോസിറ്ററി സ്റ്റഡി ഓഫ് ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ് (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1982), 28. [15]ജെറാൾഡ് എഫ്. ഹാവ്ത്രോൺ, "ഹീബ്രൂസ്" ഇൻ *ദ ന്യൂ ഇന്റർനാഷ്ണൽ ബൈബിൾ കമെന്ററി*, എഡി. എഫ്. എഫ്.ബ്രൂസ്, എച്ച്. എൽ. എലിസൺ, ആന്റ് ജി. സി. ഡി. ഹോലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1986), 1509. [16]വിയേഴ്സ്ബേ, 28. [17]ഹാവ്ത്രോൺ, 1509. [18]കാൽവനിസം പഠിപ്പിക്കുന്ന അഞ്ചു തത്വങ്ങളെ *അക്രോനിം* എന്നു വിളിക്കുന്നതിൽ പറയുന്നത്, "ടുലിപ്" ടി=ടോട്ടൽ ഡിപ്രവിറ്റി, യൂ=അൺ കണ്ടീഷനൽ ഇലക്ഷൻ, എൽ=ലിമിറ്റഡ് അടോൺമെന്റ്, ഐ=ഇർറെസിസ്റ്റിബിൽ ഗ്രെയിസ്, ആന്റ് പി= പെഴ്സിവിയറൻസ് ഓഫ് ദ സെയിന്റ്സ്. [19]ബ്രൂസ്, 43. [20]വിയേഴ്സ്ബെ 29.

[21]ബ്രൂസ്, 43. [22]ഗാരെത്ത് എൽ. റീസ്, *ഏ ക്രിട്ടിക്കൽ ആന്റ് എക്സെജെറ്റിക്കൽ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്* (മോബെർലി, മോ.: സ്ക്രിപ്ച്ചർ എക്സ്പൊസിഷൻ ബുക്സ്, 1992), 28, എൻ. 53. [23]*താൽമൂദ്* എന്ന വാക്കിന്റെ വകഭേദങ്ങൾ എബ്രായ പുസ്തകത്തിൽ പതിനാല് പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ആ വാക്കിന് ലക്ഷ്യം വെക്കുക അല്ലെങ്കിൽ കാഴ്ച്ചപ്പാടിന്റെ അവസാനം, അല്ലെങ്കിൽ, "തികവുള്ള," "പക്വതയുള്ള," "മുഴുവനും വളർന്ന" എന്നും അർത്ഥം വരാം. അതിന് ഒരിക്കലും പാപമില്ലാത്ത പൂർണ്ണത എന്ന് അർത്ഥമില്ല. (റീസ്, 29. എൻ. 54.) [24]"കർത്താവായ യേശുവിന്റെ ധാർമ്മിക തെറ്റുകളെ തിരുത്തുന്നതിനായിരുന്നു അവന്റെ കഷ്ടത എന്ന് അർത്ഥമില്ല. കാരണം അവൻ പാപമില്ലാതെയാണ് ജീവിച്ചത്" (തോമസ് ഹെവിറ്റ്, *ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്, ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി,* ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1960], 70). [25]അന്യ ദേവന്മാർക്ക് "പ്രായശ്ചിത്തം" ആവശ്യമാണ്, പക്ഷെ നമ്മുടെ ദൈവത്തിന് അത് ആവശ്യമില്ല. മനുഷ്യരോടുള്ള സ്നേഹം നിമിത്തം അവൻ അകാരണമായി നമ്മോട് കോപിക്കുന്നില്ല. പഴയ നിയമ കാലത്തെ "അവഗണിക്കുന്നതായ" പാപത്തിന് പിഴയാണ് ചെലുത്തിയിരുന്നത്. അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ ഒരു പ്രവൃത്തിയും റോമർ 3:23–26 താരതമ്യം ചെയ്യാവുന്നതല്ല. [26]മൂല വേദ പുസ്തകത്തിൽ അത്തരം വാക്ക് ഇല്ലാത്തതിനാൽ, തർജിമക്കാർ "പിതാവ്," "ഭവനം" അല്ലെങ്കിൽ "സ്റ്റോക്ക്" എന്ന് ഉപയോഗിച്ചിരിക്കുന്നു. [27]ബ്രൂസ്, 45. [28]അവന്റെ വസ്ത്രം പകുത്തെടുക്കുന്നതിനെ കുറിച്ച് സങ്കീർത്തനങ്ങൾ 22:18 ൽ

മുന്നറിയിച്ചത് മത്തായി 27:35–ൽ പ്രത്യേകമായി നിറവേറിയിരിക്കുന്നു. [29]ഹൂഗ്സ്, 108. [30]1 പത്രൊ. 2:8; 1 കൊ. 1:18, 23 നോക്കുക.

[31]ഹാവ്ത്രോൺ, 1510. [32]ആ ഉദ്ധരണികൾക്ക് ദ്വയാർത്ഥം ഉള്ളതിനാൽ, മശിഹക്ക് ഉപയോഗിക്കുന്നതിനെ കുറിച്ച് പല ചിന്തകളും ഉയർന്നിട്ടുണ്ട്. ഉദാഹരണത്തിന് "ഇമ്മാനുവേൽ" എന്ന് യെശയ്യാവ് 7:14 ഉം മത്തായി 1:22, 23 നോക്കുക. യെശയ്യാവിന്റെ കാലത്ത് ജനിച്ച ശിശുവിന് "ഇമ്മാനുവേൽ" എന്ന് പേർ വിളിക്കുവാൻ കഴിഞ്ഞിരുന്നു, അതേ സമയം അത് മശിഹയെ കുറിച്ചുള്ള വലിയ പ്രവചനമായും വിവരിക്കാവുന്നതാണ്. അത് ബ്രൂസ്, 46–47 ലും ; റീസ്, 31, എൻ.65 ലും പരാമർശിച്ചിരിക്കുന്നു. [33]ബ്രൂസ്, 46: ബ്രൂസിന്റെ സി. എച്ച്. ഡോൾഡിനെ കുറിച്ചുള്ള പ്രസ്താവന, എക്കോർഡിങ്ങ് ടു ദ സ്ക്രിപ്ച്ചേഴ്സ്: ദ സബ്സ്ട്രക്ച്ചർ ഓഫ് ന്യൂ ടെസ്റ്റമെന്റ് തിയോളജി (ന്യുയോർക്ക്: ചാൾസ് സ്ത്രിബ്നേഴ്സ് സൺസ്, 1953), 126–38. [34]ബ്രുക്ക് ഫോസ് വെസ്റ്റ്കോട്ട്, *ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്, ദ ഗ്രീക്ക് ടെക്സ്റ്റ് വിത്ത് നോട്ട്സ് ആന്റ് എസ്സെയ്സ്*, (ലണ്ടൻ: മാക്മില്ലൻ & കമ്പനി., 1889, റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1973), 52. [35]ഹാവ്ത്രോൺ, 1510. [36]ക്വോട്ടഡ് ഇൻ ഹൂഗ്സ്, 114. [37]ഇബിഡ്., 115. [38]ആൽബെർട്ട് ബാർണെസ്, *നോട്ട് ഓൺ ദ ന്യൂ ടെസ്റ്റമെന്റ്: ഹീബ്രൂസ് ടു ജൂഡ്* (ലണ്ടൻ: ബ്ലാക്കി & സൺ, 1884–85; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1985), 72. [39]*മിദ്രാശ് ടങ്കുമാ.* മിദ്രാശ് എന്നു പറയുന്നത് തിരുവെഴുത്തുകളുടെ ഭാഗങ്ങളടങ്ങുന്ന യെഹൂദ എഴുത്തുകളാണ്. വേദഭാഗങ്ങളുടെ ഉപരിതലത്തിൽ കാണുന്നവയുടെ മറഞ്ഞുകിടക്കുന്ന അർത്ഥങ്ങളെ വിശദമാക്കുന്നു എന്ന് അവകാശപ്പെടുന്ന റബ്ബിമാരുടെ വ്യാഖ്യാനങ്ങളാണ് അവ. [40]യൂറിപ്പിടെസ് എന്നയാളുടെ അറിയപ്പെടാത്ത നാടകത്തിലെ പ്രസ്താവനയിലെ ഒരു ഭാഗമാണ് ഇത്.

[41]ഹൂഗ്സ്, 119. [42]ഹൂഗ് മോൺഡെഫോർ, *ഏ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്,* ഹാർപ്പേഴ്സ് ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് (ന്യൂയോർക്ക്: ഹാർപ്പർ & റോവ്, 1964), 66. [43]ജെയിംസ് ഡി.ഡ്രാപ്പർ, ജൂനിയർ., ഹീബ്രൂസ്, ദ ലൈഫ് ദാറ്റ് പ്ലീസസ് ഗോഡ് (വീറ്റൺ, Ill.: ടിൻഡേൽ ഹൗസ് പബ്ലിഷേഴ്സ്, 1976), 65. [44]ഹൂഗ്സ്, 122. [45]"പ്രായശ്ചിത്തം" വർത്തമാനകാലത്തിലാണ് നൽകിയിരിക്കുന്നത്, അത് സൂചിപ്പിക്കുന്നത് ക്രിസ്ത്യാനികളുടെ പാപങ്ങളെ തുടർച്ചയായി ശുദ്ധീകരിക്കുന്നു എന്നാണ് (1 യോഹ. 1:7 നോക്കുക). ഒരു ക്രിസ്ത്യാനി മനപ്പൂർവ്വമല്ലാതെ പാപം ചെയ്യുകയും അത് ഏറ്റു പറയുകയും ചെയ്യുമ്പോൾ അത്തരം പാപങ്ങളെ യേശു ക്ഷമിക്കുന്നു (1 യോഹ. 1:8–10). [46]ഡെയിൽ ഹൂലെറ്റ്, *ലെക്ച്ചർ പ്രെസെന്റഡ് അറ്റ് മിഷിഗൺ ക്രിസ്ത്യൻ കോളേജ്* (ഇപ്പോൾ റോക്കെസ്റ്റർ കോളേജ്), 12 മാർച്ച് 1966. [47]വിയേഴ്സ്ബേ, 31. [48]ലൈറ്റ്ഫുട്ട്, 80. [49]ഹൂഗ്സ്, 111. [50]ഡ്രാപ്പർ, 60.

[51]ഇയ്യോബിന്റെ കാര്യം നോക്കുക, ദൈവ വചനത്തിന്റെ നിയന്ത്രണം ഇല്ലായിരുന്നു എങ്കിൽ അവൻ മരിച്ചുപോകുമായിരുന്നു (ഇയ്യോ.1:6–12). [52]വിയേഴ്സ്ബേ, 36. [53]ജോസഫ് അഡ്ഡിസൺ അലക്സാണ്ടർ, "ദ ഡൂമിഡ് മാൻ" *മാസ്റ്റർപീസസ് ഓഫ് റിലീജിയസ് വെഴ്സ്*, എഡി.ജെയിംസ് ഡൽസൺ മോറിസൺ (ന്യയോർക്ക്: ഹാർപ്പർ & ബ്രദേഴ്സ്, 1948), 312. [54]ഫ്രെഡ് ഗലേൽ, "നൗ ദാറ്റ് ഈസ് ഏ ബാഡ് സൺബൺ" *ന്യൂസ്വീക്ക്*, 17, ജൂൺ 2002, 48. [55]ഡോൺ റോബെർഡ്സൺ, *പീസ്ചൈൽഡ്* (ഗ്ലെൻഡേൽ, കാലിഫ്.: റീഗൽ ബുക്സ്, 1974). [56]ബാർണെസ്, 71. [57]ഇബിഡ്, 72. [58]റേമണ്ട് ബ്രൗൺ, ദ മെസേജ് ഓഫ് ഹീബ്രൂസ്: ക്രൈസ്റ്റ് എബവ് ആൾ, ദ ബൈബിൾ സ്പീക്സ് ടുഡേ (ഡൗണേഴേസ് ഗ്രോവ്, Ill.: ഇന്റർ–വാഴ്സിറ്റി പ്രസ്, 1982), 73. [59]വിയേഴ്സ്ബേ, 31.